# ഓർത്തുകൊൾവിൻ
## ORTHUKOLVIN

●

**പ്രൊഫ. എം.വൈ. യോഹന്നാൻ**
*മുൻ പ്രിൻസിപ്പൽ,*
*സെൻറ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

**മേച്ചങ്കര, കടയിരുപ്പ് പി.ഒ.,**
**കോലഞ്ചേരി - 682 311, കേരളം.**
**ഫോൺ : (0484) 2689489, 2689889**

●

Publisher :
**ആലീസ് യോഹന്നാൻ**
**ഫീലിയോ ഹെൽത്ത് കെയർ**
**കോലഞ്ചേരി - 682 311.**

●

DTP, TYPESETTING & DESIGN
SPECIAL EFFECTS, COCHIN–35

●

PRINTED AT
PAGEMAKERS
COCHIN-36

●

*copyright reserved*

# ഓർത്തുകൊൾവിൻ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher :

**ആലീസ് യോഹന്നാൻ**

ഫീലിയോ ഹെൽത്ത് കെയർ, കോലഞ്ചേരി - 682 311.

# അവതാരിക

ഓർത്തുകൊൾവിൻ! - എല്ലാവരോടുമുള്ള ഒരു മുന്നറിയിപ്പാണിത്. "Bible - made it simple" - വേദപുസ്തകം ലളിതമാക്കി മാറ്റിയിരിക്കുന്നു ഈ പുസ്തകത്തിൽ.

യോഹന്നാൻ സാറിൻെറ വേദപുസ്തകാദ്ധ്യാപനത്തിൻെറ പ്രത്യേകത ഈ ഗ്രന്ഥത്തിൽ വ്യക്തമാണ്. എല്ലാവർക്കും വേണ്ട ആത്മീയ പരിചിന്തനം, വ്യക്തത, പരിശുദ്ധാത്മ പ്രചോദനം എന്നിങ്ങനെ ഒരു ആദ്ധ്യാത്മിക ഗ്രന്ഥത്തിനു വേണ്ട എല്ലാ സവിശേഷതകളും ഇതിലെ ഓരോ അദ്ധ്യായത്തിലുമുണ്ട്. മനുഷ്യമനസ്സുകളെ ഉദ്ദീപിപ്പിക്കുന്ന വേദപുസ്തകഭാഗങ്ങൾ തെരഞ്ഞെടുത്ത് അനേക മഹൽവ്യക്തികളുടെ അനുഭവങ്ങളോടനുബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള ഈ ചെറുപുസ്തകം പഠനത്തിനും പ്രസംഗത്തിനും പറ്റിയതാണ്.

സണ്ടെസ്കൂൾ, ആത്മീയ സംഘടനകൾ, മുതലായ ക്രിസ്തീയ ശുശ്രൂഷാരംഗങ്ങളിൽ പഠനത്തിനും ധ്യാനത്തിനും പ്രബോധനത്തിനും വളരെയേറെ പ്രയോജനപ്പെടുന്നതാണ് ഈ പുസ്തകം. ക്രിസ്തീയ കുടുംബങ്ങൾക്ക് കരുതുവാൻ പറ്റിയ ആത്മീയദർശനം നൽകുന്ന ഒരു അനുഗൃഹീത ഗ്രന്ഥമാണിത്. വേദപുസ്തകത്തിൽനിന്ന് പ്രത്യേക വാക്യങ്ങൾ തെരഞ്ഞെടുത്ത് പ്രസംഗങ്ങൾ തയ്യാറാക്കുന്നവർക്ക് വളരെ സഹായകമാണ് ഈ ചെറുപുസ്തകം.

യോഹന്നാൻ സാറിൻെറ മനുഷ്യായുസ്സ് എത്രയോ ആത്മാക്കളെ രക്ഷിച്ചു! ഇനിയും തൻെറ ആത്മീയാനുഭവങ്ങൾ -

''ഓർത്തുകൊൾവിൻ'' - ഇതുപോലുള്ള ഗ്രന്ഥങ്ങൾ വഴി പങ്കുവെച്ച് മനുഷ്യരെ ദൈവവിശ്വാസികളാക്കിത്തീർക്കട്ടെ! മനുഷ്യർ പാപത്തെ വിട്ട്, രക്ഷാമാർഗ്ഗത്തിലെത്തിച്ചേരുവാൻ ഇനിയും സാറിൻെറ തൂലിക ചലിക്കട്ടെ!

ആശംസകളോടെ,

റവ. ഡോ. എബ്രഹാം സേവേറിയോസ് മെത്രാപ്പോലീത്ത,
അങ്കമാലി & ഇടുക്കി ഭദ്രാസനം.

വെങ്ങോല,
1-3-2003.

# മുഖമൊഴി

എൻെറ പത്തൊമ്പതാമത്തെ പുസ്തകമാണ് ''ഓർത്തു കൊൾവിൻ''. ഇതും ഒരു പ്രസംഗ സമാഹാരമാണ്.

വേദപുസ്തകം വായിച്ചുപോകുമ്പോൾ ഉള്ളിൽ ഉറന്നു വന്ന ചില ചിന്തകളും ആശയങ്ങളും പ്രസംഗമായും പുസ്തക മായും ആവിഷ്ക്കരിക്കാനുള്ള എളിയ ഉദ്യമമാണ് ഈ ഗ്രന്ഥവും. ദൈവത്തിൻെറ പരിശുദ്ധാത്മാവ് എനിക്കു നൽകിയ മുന്നറിയിപ്പുകളും പ്രബോധനകളും ശാസനകളും എൻെറ ഹൃദയത്തിൽ അലിഞ്ഞു ലയിച്ച് തൻമയീഭാവം പൂണ്ടു കഴിഞ്ഞവയാണ് ഓരോ പ്രസംഗത്തിലുമുള്ള ആശയങ്ങൾ. അതു കൊണ്ടുതന്നെ ഈ പുസ്തകം ഒരാത്മാവിഷ്ക്കാരം കൂടിയാണ്.

കൈരളിയുടെ അഭിമാന ഭാജനമായ ഒ. ചന്തുമേനോൻെറ ''ശാരദ'' എന്ന നോവലിൽ ഒരു കഥാപാത്രമുണ്ട് - 'വൈത്തിപ്പ ട്ടര്'. അദ്ദേഹത്തിൻെറ 'സർപ്പദൃഷ്ടി' സുപ്രസിദ്ധമാണ്. വൈത്തിപ്പട്ടരുടെ നോട്ടത്തിൻെറ ഒരു പ്രത്യേകതയാണത്. കുടില കഥാപാത്രമായ വൈത്തിപ്പട്ടരെ കോടതിയിൽ വിസ്തരിക്കുന്ന ഒരു ഭാഗം ആ നോവലിലുണ്ട്. ആ ഭാഗം നോവലിൽ എഴുതുന്ന തിനുമുമ്പ് ഒരു ദിവസം ചന്തുമേനോനും സുഹൃത്തുക്കളും ഒരു മിച്ചിരുന്ന് സംസാരിക്കുകയായിരുന്നു. അപ്പോൾ കുറെ നേര ത്തേക്ക് ചന്തുമേനോൻ മൗനമായി. പിന്നീട് അദ്ദേഹം പയ്യെ ചിരിക്കാൻ തുടങ്ങി. ഒടുവിൽ അദ്ദേഹം പൊട്ടിച്ചിരിച്ചു. സുഹൃത്തുക്കൾ ചോദിച്ചു: ''അങ്ങെന്താണ് ചിരിക്കുന്നത്?'' ചന്തുമേനോൻ പറഞ്ഞു: ''വൈത്തിപ്പട്ടരെ വിസ്തരിക്കുമ്പോൾ

വക്കീലിൻെറയും ജഡ്ജിയുടെയും ചോദ്യങ്ങൾ കേട്ട് അയാൾ സർപ്പദൃഷ്ടിയോടെ നോക്കി കൗശലപൂർവ്വം മറുപടി പറയുന്നതു കണ്ട് ചിരിച്ചുപോയതാണ്.'' ആ ഭാഗം നോവലിൽ എഴുതാനിരിക്കുന്നതേയുള്ളൂ. പക്ഷേ ഗ്രന്ഥകാരൻ കഥാപാത്രത്തോട് ഇഴുകിച്ചേർന്നുകഴിഞ്ഞു.

ഈ തൻമയീഭാവമാണ് ചന്തുമേനോനെ അപ്രതിമ പ്രതിഭാശാലിയാക്കിയത്. വേദപുസ്തകത്തിലെ ഓരോ സംഭവത്തോടും മഹദ് കഥാപാത്രത്തോടും താദാത്മ്യം പ്രാപിച്ചു പ്രസംഗിക്കാനും എഴുതാനും ഉൽക്കടമായ വാഞ്ഛ പുലർത്തുവാൻ ഞാൻ യത്നിക്കാറുണ്ട്. ആ യത്നത്തിലെ വേച്ചുവേച്ചുള്ള ഒരു ചുവടുവെപ്പാണ് ഈ പുസ്തകം.

**"Practice what you preach"** (പ്രസംഗിക്കുന്നതുപോലെ ജീവിക്കുക) എന്നും **"Example is better than precept"** (പ്രസംഗത്തെക്കാൾ നല്ലത് ജീവിതാനുഭവമാണ്) എന്നും ആപ്തവചസ്സുകൾ സൂചിപ്പിക്കുന്നതുപോലെ, ജീവിതാനുഭവങ്ങളിൽ ചാലിച്ചെടുത്ത പ്രസംഗങ്ങളാണ് കാലാനിവർത്തിയായി നില കൊള്ളുന്നത്. അതിനുള്ള ഭാഗധേയവും ദിവ്യനൽവരവും എനിക്കു നൽകണമേയെന്ന് ഞാൻ സർവ്വശക്തനോട് നിരന്തരം പ്രാർത്ഥിക്കുകയാണ്.

സെ. പോൾ പറഞ്ഞല്ലോ:

''ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് എനിക്കും അത് പിടിക്കാമോ എന്നുവെച്ച് ഞാൻ പിന്തുടരുന്നതേയുള്ളൂ. സഹോദരൻമാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്ന് നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന്ന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിൻെറ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു.'' ഫിലിപ്യർ 3:12-14. ഇതാണ് എനിക്കും പറയാനുള്ളത്.

ഈ പുസ്തകത്തിന് എത്രയും സാരവത്തായ ഒരവതാരിക എഴുതി തന്ന് എന്നെ അനുഗ്രഹിച്ച അങ്കമാലി, ഇടുക്കി ഭദ്രാസനാധിപനായ അഭിവന്ദ്യ ഡോ. എബ്രാഹാം മാർ സേവേറിയോസ് തിരുമേനിയോടുള്ള എൻെറ കടപ്പാടും ആദരവും വിധേയത്വവും വാചാമഗോചരമാണ്. ''മിതം ച സാരം ച വചോഹി വാഗ്മിതാ'' എന്ന് പണ്ഡിതൻമാർ പറഞ്ഞുവെച്ചതിനെ അന്വർത്ഥമാക്കുമാറ് മിതവും സാരഗർഭവുമായ വാക്കുകളിലൂടെ ഒരു നാദബ്രഹ്മംതന്നെ തുറന്നുതന്ന അഭിവന്ദ്യ തിരുമേനിയുടെ ഉള്ളഴിഞ്ഞ വാത്സല്യത്തിൻെറയും ക്രാന്തദർശിത്വത്തിൻെറയും നിഷ്കളങ്ക വീക്ഷണത്തിൻെറയും ധന്യസന്നിധാനത്തിൽ ഞാൻ എൻെറ സ്നേഹാദരസുരഭിലമായ കൃതജ്ഞതാമഞ്ജരി അർപ്പണം ചെയ്യുകയാണ്.

ഈ ഗ്രന്ഥം വെളിച്ചം കാണുവാനിടയാക്കിയ എൻെറ വാത്സല്യഭാജനങ്ങളായ അനേകം സുമനസ്സുകളുണ്ട്. പകർത്തെഴുത്ത്, ഡി.റ്റി.പി., പ്രൂഫ് റീഡിംഗ്, കവർ ഡിസൈൻ, അച്ചടി എന്നിങ്ങനെ വിവിധ കാര്യങ്ങളിൽ നിസ്വാർത്ഥസേവനം നിർവ്വഹിച്ച എൻെറ പ്രിയ സഹോദരൻമാരോടുള്ള എൻെറ ഉള്ളുനിറഞ്ഞ നന്ദി ഞാൻ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

''ഓർത്തുകൊൾവിൻ'' എന്ന മുന്നറിയിപ്പിൻെറ ഗരിമയും ആവേശവും ഉൾക്കൊള്ളുവാൻ ഈ പുസ്തകത്തിൻെറ അനുവാചകർക്ക് സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ടും തദ്വാരാ, നിത്യജീവൻെറ ശുഭതീരത്തെത്തിച്ചേരുവാൻ ഏവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും ഞാനീ മുഖക്കുറിപ്പിന് വിരാമമിടട്ടെ.

എന്ന്,

ക്രിസ്തുവിൽ നിങ്ങളുടെ സ്വന്തം,
യോഹന്നാൻസാറ്.

## ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാൻ ആകുന്നതെങ്ങനെ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)

# ഒന്ന്

*''ഞാൻ മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ*
*കണ്ണുനീർ വാർത്തുംകൊണ്ട് ഓരോരുത്തന്നു ബുദ്ധി*
*പറഞ്ഞുതന്നതു ഓർത്തുകൊൾവിൻ''.*
*അപ്പോസ്തല പ്രവൃത്തികൾ 20:31*

അപ്പോസ്തലനായ പൗലോസ് മൂന്നുവർഷം കർത്തൃ ശുശ്രൂഷ ചെയ്ത സ്ഥലമായിരുന്നു ആസ്യ. അവിടെ ചെയ്ത വേലയുടെ ഫലമായി ഗലാത്യ, തെസ്സലോനിക്യ, കൊലൊസ്യ, എഫേസോസ് മുതലായ അനേകം സ്ഥലങ്ങളിൽ ക്രിസ്തുവിൻെറ സുവിശേഷം വ്യാപിച്ചു.

ആസ്യയിൽ വചനം പ്രസംഗിക്കണമെന്ന് പൗലോസ് ആഗ്ര ഹിച്ച ഒരു സമയമുണ്ടായിരുന്നു. എന്നാൽ അന്ന് ആസ്യയിൽ വചനം പ്രസംഗിക്കരുതെന്ന് പരിശുദ്ധാത്മാവ് വിലക്കിയതായി അപ്പോസ്തല പ്രവർത്തികൾ പതിനാറാം അദ്ധ്യായം ആറാം വാക്യത്തിൽ നാം വായിക്കുന്നുണ്ട്.

ദൈവത്തിൻെറ വഴികൾ നമുക്ക് അറിയുവാൻ സാദ്ധ്യമല്ല. നമ്മുടെ ആലോചന പോലെയല്ല ദൈവത്തിൻെറ ആലോചനകൾ. യെശയ്യാ പ്രവാചകൻ പറയുന്നുണ്ട്:

''എൻെറ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എൻെറ വഴികളുമല്ല എന്നു യഹോവ അരുളി ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്ന തുപോലെ എൻെറ വഴികൾ നിങ്ങളുടെ വഴികളിലും എൻെറ

വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു.'' യെശയ്യാ 55:8.

റോമർക്കെഴുതിയ ലേഖനത്തിൽ പൗലോസ് അപ്പോസ്തലൻ പറയുന്നു:

''ഹാ, ദൈവത്തിൻെറ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവൻെറ ന്യായവിധികൾ എത്ര അപ്രമേയവും അവൻെറ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിൻെറ മനസ്സു അറിഞ്ഞവൻ ആർ? അവന്നു മന്ത്രിയായിരുന്നവൻ ആർ? അവന്നു വല്ലതും മുമ്പെ കൊടുത്തിട്ടു പ്രതിഫലം വാങ്ങുന്നവൻ ആർ? സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്വം ആമേൻ.'' റോമർ 11:33-36.

ആസ്യയിൽ വചനം പ്രസംഗിക്കരുതെന്ന് വിലക്കിയ പരിശുദ്ധാത്മാവ് പിന്നീട് പൗലോസിനെ ആസ്യയിലേക്കയച്ചു. അവിടെ മൂന്നു വർഷം ഇടവിടാതെ ശുശ്രൂഷ ചെയ്യാനുള്ള കൃപ നൽകി.

ദൈവത്തിനെല്ലാറ്റിന്നും ഒരു സമയമുണ്ട്. മനുഷ്യൻെറ സമയമല്ല ദൈവത്തിൻെറ സമയം. മനുഷ്യൻെറ പദ്ധതികളല്ല ദൈവത്തിൻെറ പദ്ധതികൾ.

മൂന്നു വർഷം ആസ്യയിൽ താമസിച്ച് വേല ചെയ്തതിനു ശേഷം പൗലോസ് ആസ്യയോട് വിടപറയുകയാണ്. എഫെസോസിലെ സഭാനേതാക്കളെ വിളിച്ചുവരുത്തി അവരോട് അന്തിമ മൊഴികൾ പറയുകയാണ്. ''നിങ്ങളുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ചുകൊണ്ടുനടന്നവനായ എൻെറ മുഖം നിങ്ങളാരും ഇനി കാണുകയില്ല എന്നു ഞാനറിയുന്നു.'' അപ്പോ. പ്രവൃ. 20:25.

ഇനി ആസ്യയിലേക്ക് തിരികെ വരികയില്ലെന്നും പരസ്പരം കാണാൻ അവസരമുണ്ടാകയില്ലെന്നും ആത്മാവിൽ

അറിഞ്ഞുകൊണ്ടാണ് അപ്പോസ്തലൻ ഈ വാക്കുകളെ പറയുന്നത്.

തനിക്കു നേരിടുവാനുള്ള ബന്ധനങ്ങളേയും കഷ്ടങ്ങളേയും കുറിച്ച് പരിശുദ്ധാത്മാവ് വ്യക്തമായി സാക്ഷിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടാണ് പറഞ്ഞത്:

''ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്നു പരിശുദ്ധാത്മാവ് പട്ടണംതോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ളത് ഒന്നും ഞാൻ അറിയുന്നില്ല.'' 20:23.

തിരികെ വരികയില്ല എന്ന് അറിയാമായിരുന്നതുകൊണ്ട് എഫേസോസിലെ മൂപ്പൻമാർക്ക് പൗലോസ് ചില മുന്നറിയിപ്പുകൾ കൊടുക്കുകയാണ്.

''നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിൻെറ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുൻഷമാർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേൽക്കും. അതുകൊണ്ട് ഉണർന്നിരിപ്പിൻ; ഞാൻ മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തും കൊണ്ട് ഓരോരുത്തന്നു ബുദ്ധി പറഞ്ഞുതന്നത് ഓർത്തുകൊൾവിൻ.'' 20:28-31.

''നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ'' എന്നാണ് പൗലോസ് സഭയിലെ ഭരണകർത്താക്കളെ ഓർമ്മപ്പെടുത്തുന്നത്. ദൈവശുശ്രൂഷകൻമാർ തങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളേണ്ടതാണ്. ഉത്തരവാദിത്തബോധവും വിശ്വസ്തതയും ശുശ്രൂഷകൻമാർക്ക് ഉണ്ടായിരിക്കണം.

ശുശ്രൂഷകൻമാർ ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകൻമാരാണ്. ഗൃഹവിചാരകൻമാർ വിശ്വസ്തരായിരിക്കേണം എന്ന് അപ്പോസ്തലൻ കൊരിന്തിലെ സഭയ്ക്കുള്ള ലേഖനത്തിൽ പ്രത്യേകം പ്രബോധിപ്പിക്കുന്നുണ്ട്. 1 കൊരി. 4:1-3.

അദ്ധ്യക്ഷൻ എങ്ങനെയുള്ളവനായിരിക്കേണം എന്ന് തീമോഥിയോസിനെ പൗലോസ് ഓർമ്മപ്പെടുത്തുന്നത് നോക്കുക:

''അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം. സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? നിഗളിച്ചിട്ടു പിശാചിന്നു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിൻെറ കണിയിലും കുടുങ്ങാതിരിക്കാൻ പുറമെയുള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കേണം. അവ്വണ്ണം ശുശ്രൂഷകൻമാർ ഘനശാലികളായിരിക്കേണം; ഇരുവാക്കുകാരും മദ്യപൻമാരും ദുർല്ലാഭമോഹികളും അരുത്. അവർ വിശ്വാസത്തിൻെറ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം; അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏൽക്കട്ടെ.'' 1 തീമോഥി. 3:2-10.

തീത്തോസിനുള്ള ലേഖനത്തിൽ മൂപ്പൻമാർ എങ്ങനെയുള്ളവർ ആയിരിക്കണം എന്ന് അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നുണ്ട്:

''മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർന്നടപ്പിൻെറ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആയിരിക്കേണം. അദ്ധ്യക്ഷൻ ദൈവ

ത്തിൻെറ ഗൃഹവിചാരകനാകയാൽ അനിന്ദ്യനായിരിക്കേണം; തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും തല്ലുകാരനും ദുർല്ലാഭമോഹിയും അരുത്. അതിഥിപ്രിയനും സൽഗുണപ്രിയനും സുബോധശീലനും നീതിമാനും നിർമ്മലനും ജിതേന്ദ്രിയനും പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിന്നു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെപ്പിടിക്കുന്നവനും ആയിരിക്കേണം.'' തീത്തോസ് 1:6-9.

ഒന്ന്, ''നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ.'' ''മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻതന്നേ കൊള്ളരുതാത്തവനായിപ്പോകാതിരിക്കേണ്ടതിന് എൻെറ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്.'' എന്ന് പൗലോസ് സ്വന്തം അനുഭവത്തെക്കുറിച്ച് പറയുന്നുണ്ട്. 1 കൊരി. 9:27. സുവിശേഷകൻമാർ തങ്ങളെത്തന്നെ സൂക്ഷിക്കേണ്ടതാണ്. ഉപദേഷ്ടാക്കളും മൂപ്പൻമാരും അദ്ധ്യക്ഷൻമാരും തങ്ങളെത്തന്നെ സൂക്ഷിച്ചില്ലെങ്കിൽ ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാകും.

''താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ'' എന്നാണ് സെ. പോൾ കൊരിന്തിലെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നത്.

രണ്ട്, ''ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ.'' ക്രിസ്തു സ്വന്തരക്തത്താൽ സമ്പാദിച്ചവരാണ് ആട്ടിൻകൂട്ടം മുഴുവനും. ദൈവത്തിൻെറ സഭയാണത്. അതിനെ മേയ്പാൻ പരിശുദ്ധാത്മാവാണ് അവരെ അദ്ധ്യക്ഷരാക്കിവെച്ചത്. ആ ആട്ടിൻകൂട്ടത്തെ സൂക്ഷിച്ചുകൊള്ളേണ്ടതാണ്.

ആട്ടിൻകൂട്ടത്തെ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് പുണ്യവാൻമാരായ പൂർവ്വികപിതാക്കൻമാർ വിഭാവനം ചെയ്തിട്ടുള്ളത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

സഭയിൽ മേല്പട്ടക്കാരെയും പട്ടക്കാരെയും ശെമ്മാശ്ശൻമാരെയും വിവിധസ്ഥാനികളായി നിയമിച്ചിട്ടുണ്ട്. അവരെ നിയ

മിച്ച് ഏർപ്പാടാക്കിയത് കർത്താവാണ്. എന്തിനാണ് അവരെ ഏർപ്പാടാക്കിയത്? അവർ അനിശം - എല്ലായ്പോഴും - സഭയെ അവനവരതം - ഇടവിടാതെ - സ്തുതി അണിയിക്കാനാണ് അവരെ കർത്താവ് സഭയിൽ നിയമിച്ചിട്ടുള്ളത്. ഇങ്ങനെയാണ് ഈ ആശയത്തിൻെറ കാവ്യാത്മകമായ ആവിഷ്ക്കാരം.

*മേല്പട്ടക്കാർ പട്ടക്കാരൊടു ശെമ്മാശൻമാർ*
*ഏർപ്പാടാക്കി കർത്താവിവരെ ഭൂമിയതിങ്കൽ*
*അണിയിച്ചാരിവരനിശം തന്നുടെ സഭയെയിവിടെ*
*അനവരതം ചെയ്തേറ്റിവസിക്കും സ്തുതികളതാലേ.*

എല്ലായ്പോഴും ഇടവിടാതെ സ്തുതി കരേറ്റാൻ സാധിക്കണമെങ്കിൽ ആന്തരാത്മാവിൽ സ്തുതിയുടെ ഉറവ ഉണ്ടാകണം. ആ ഉറവയിൽനിന്നു മാത്രമേ വിശുദ്ധ സ്തുതി ഉയരുകയുള്ളൂ. ആ ഉറവ വിശുദ്ധിയുടെ ഉറവയാണ്. ആ ഉറവ സ്നേഹത്തിൻെറ ഉറവയാണ്.

നിർഭാഗ്യവശാൽ ഇന്ന് ആ ഉറവ വറ്റിപ്പോയിരിക്കയാണ്. പൂർവ്വീക വിശുദ്ധപിതാക്കൻമാരുടെ കാലത്ത് വിശുദ്ധിയുടെ ഉറവുണ്ടായിരുന്നു. ഇന്നാകട്ടെ ലോകമയത്വം, ജഡമയത്വം, പാപമയത്വം മുതലായവ ജീവിതത്തെ ഗ്രസിച്ചതുമൂലം വിശുദ്ധ സ്തുതിയുടെ ഉറവ വറ്റി വരണ്ടുപോയി.

ആട്ടിൻകൂട്ടത്തെ സൂക്ഷിച്ചുകൊൾവാൻ എഫേസോസിലെ ഇടയൻമാരെ പൗലോസ് പ്രബോധിപ്പിക്കുന്നതിൽ അഗാധമായ സ്നേഹത്തിൻെറയും ആത്മാക്കളെക്കുറിച്ചുള്ള ഭാരത്തിൻെറയും അനുരണനമുണ്ട്.

ഒരിക്കൽ ഒരു കൂട്ടം ആളുകൾ പള്ളിയിൽ പുതുതായി വന്ന ശുശ്രൂഷകനോട് ചോദിച്ചു:

''അങ്ങ് ഒരു നിത്യനരകമുണ്ടെന്ന് വിശ്വസിക്കുന്നുണ്ടോ? പാപി മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിത്യനരകത്തിലെ നിത്യ യാതനയിലേക്ക് പോകുമെന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ?''

അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു: ''ഞാൻ വിശ്വസിക്കുന്നില്ല.''

അവർ പറഞ്ഞു: ''എന്നാൽ അങ്ങ് സമയം വ്യർത്ഥമായി ചെലവഴിക്കുകയാണ്. നരകം എന്നൊന്നില്ലെങ്കിൽ ഞങ്ങൾക്ക് നിങ്ങളെ ആവശ്യമില്ല. നരകം ഉണ്ടെങ്കിൽ നിങ്ങൾ ഞങ്ങളെ വഴി തെറ്റിക്കുകയാണ്. രണ്ടായാലും നിങ്ങൾ ഞങ്ങളുടെ സമൂഹത്തിൽ ശുശ്രൂഷ ചെയ്യണ്ട.''

നിത്യനരകം വിശ്വസിക്കാത്ത എത്രയോ ശുശ്രൂഷകൻമാരുണ്ട്! നിത്യദണ്ഡനം എന്നൊന്നില്ല എന്നു പഠിപ്പിക്കുന്ന എത്രയോ വേദശാസ്ത്രാദ്ധ്യാപകരുണ്ട്! ദൈവം സ്നേഹമല്ലേ? സ്നേഹമായ ദൈവം ആരെയും നരകത്തിൽ പോകാൻ വിടുകയില്ല എന്ന് ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന എത്രയോ പണ്ഡിതൻമാരുണ്ട്! 'Cheap grace' എന്നു ജോൺവെസ്ലി പറഞ്ഞതായ എളുപ്പവഴിയെക്കുറിച്ച് പറഞ്ഞ് ജനങ്ങളെ സാന്ത്വനപ്പെടുത്തുന്ന എത്രയോ സുവിശേഷകൻമാരുണ്ട്!

ആത്മീയനേതാക്കൻമാർ സൂക്ഷിച്ചുകൊള്ളേണ്ട അഞ്ചു പാപങ്ങളെ പൗലോസ് ഈ പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഒന്ന്, ശ്രദ്ധയില്ലായ്മ - carelessness. ജാഗ്രതയായിരിക്കുന്നില്ല. ഉണർന്നിരിക്കുന്നില്ല. കാവൽക്കാരൻ എപ്പോഴും ഉണർന്നിരുന്ന് അപകടത്തെ വിളിച്ചറിയിക്കേണ്ടതാണ്. 20:31.

രണ്ട്, ആഴമില്ലായ്മ - shallowness. ദൈവത്തിലും അവൻെറ കൃപയുടെ വചനത്തിലും ആഴത്തിൽ വേരോടിയ വിശ്വാസം ആവശ്യമത്രേ. ക്രിസ്തു എന്ന പാറയിലായിരിക്കണം അടിസ്ഥാനം. വചനത്തിൽ വേരൂന്നണം. 20:32.

മൂന്ന്, ദുരാഗ്രഹം - covetousness. അദ്ധ്യക്ഷൻമാർ ദുരാഗ്രഹമോ അതിമോഹമോ ഇല്ലാത്തവരായിരിക്കണം. ''ആരുടേയും

വെള്ളിയോ പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല.'' 20:33 എന്നത്രേ പൗലോസ് പറയുന്നത്.

നാല്, അലസത - laziness. ശുശ്രൂഷകൻമാർ അദ്ധ്വാനിക്കുന്നവരായിരിക്കണം. അപ്പോസ്തോലിക അധികാരമുണ്ടായിരുന്നെങ്കിലും പൗലോസ് കൈകൊണ്ട് വേല ചെയ്തു അദ്ധ്വാനിച്ചാണ് ഉപജീവനമാർഗ്ഗം നേടിയത്. 20:34. ലൂക്കോസ് 10:7, 1 തീമോഥിയോസ് 5:18, 2 തെസ്സ. 3:7-12.

അഞ്ച്, സ്വാർത്ഥത - selfishness.

സാക്ഷാലുള്ള ശുശ്രൂഷ വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന് നിരൂപിക്കുന്നതാണ് 20:35.

സ്നേഹിതാ, ക്രിസ്തുവിൻെറ ശ്രേഷ്ഠ ശുശ്രൂഷകനാകാൻ നീ ആഗ്രഹിക്കുന്നുവോ? ലജ്ജിപ്പാൻ വകയില്ലാത്ത വിശ്വസ്ത ശുശ്രൂഷകനാകാൻ ദൈവസ്നേഹം നിന്നെ വിളിക്കുന്നു. നീ ഓർത്തുകൊള്ളേണ്ട കാര്യങ്ങൾ സ്നേഹവാനായ ദൈവം നിന്നെ അറിയിക്കുന്നു. തിരുവചനം നിനക്കു ബുദ്ധി പറഞ്ഞുതരുന്നതിനെ ഓർത്തുകൊൾവിൻ. എങ്കിൽ ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൽ അവൻ നിനക്ക് പ്രതിഫലം തരും. അതിന് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

# രണ്ട്

*"അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിൻെറ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ." എഫെസ്യർ 2:12*

അപ്പോസ്തലനായ പൗലോസ് റോമൻ കാരാഗൃഹത്തിൽ കിടക്കുമ്പോൾ എഴുതിയ ലേഖനങ്ങളാണ് എഫെസ്യലേഖനം, ഫിലിപ്യലേഖനം, കൊലൊസ്യലേഖനം, ഫിലെമോന് എഴുതിയ ലേഖനം. രണ്ടാം കാരാഗൃഹവാസകാലത്ത് എഴുതിയ ലേഖനങ്ങളാണ് തീമോഥിയോസിന് എഴുതിയ ഒന്നും രണ്ടും ലേഖനങ്ങൾ, തീത്തോസിന് എഴുതിയ ലേഖനം. പ്രസ്തുത മൂന്നു ലേഖനങ്ങളെയും ഇടയലേഖനങ്ങൾ - Pastoral epistles എന്ന് വിളിക്കുന്നു.

പൗലോസ് അന്ത്യോഖ്യായിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് പുറജാതികളുടെ ഇടയിൽ സുവിശേഷവേല ചെയ്യുവാൻ പരിശുദ്ധാത്മാവിൻെറ ആഹ്വാനമുണ്ടായത്. പൗലോസ് അത് അനുസരിച്ചു. (അപ്പോ. പ്രവൃ. 13:1-3) അപ്പോസ്തലൻ മൂന്നു മിഷ്യണറിയാത്രകൾ നടത്തി. അന്നത്തെ റോമൻ സാമ്രാജ്യമെങ്ങും സുവിശേഷം പ്രചരിപ്പിക്കുവാൻ പൗലോസിനെ കർത്താവ് ഉപയോഗിച്ചു. ഏതാണ്ട് എ.ഡി. 53-ൽ ആണ് പൗലോസ് ആദ്യമായി എഫെസോസിൽ എത്തിയത്. അന്ന് അവിടെ അധികം നാൾ താമസിച്ചില്ല. അപ്പോ. പ്രവൃ. 18:19-21. രണ്ടു വർഷത്തിനുശേഷം, തൻെറ മൂന്നാം മിഷ്യണറിയാത്രയിൽ എഫേസോസിൽ ദീർഘകാലം താമസിക്കുകയും നാടെങ്ങും

സുവിശേഷം വ്യാപിക്കുകയും ചെയ്തു. (അപ്പോ. പ്രവൃ. 19:1-20)

എഫേസോസ് പട്ടണം ഗ്രീക്ക് ദേവിയായ ഡയാനയ്ക്ക് സമർപ്പിക്കപ്പെട്ടതായിരുന്നു. ആ അന്ധവിശ്വാസത്തെയും അബദ്ധാചാരത്തെയും ജാതീയാരാധനയെയും കടപുഴക്കി സത്യ സുവിശേഷം അവിടെ പ്രചരിപ്പിച്ചു.

പത്തു വർഷത്തിനുശേഷം, ഏതാണ്ട് ഏ.ഡി. 62-ൽ റോമൻ കാരാഗൃഹത്തിൽനിന്ന് പൗലോസ് എഫേസോസിലെ ദൈവമക്കൾക്ക് ഈ ലേഖനം എഴുതി. 'കൃപ' എന്ന പദം ഈ ലേഖനത്തിൽ പന്ത്രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. 'ക്രിസ്തുവിൽ' എന്ന പ്രയോഗം ഇരുപത്തിയേഴു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. യഹൂദൻമാരിൽനിന്നായാലും പുറജാതികളിൽനിന്നായാലും ക്രിസ്തുവിശ്വാസികളായിത്തീർന്നവർ ദൈവത്തിൻെറ അളവറ്റ കൃപയാലാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നത്രേ പൗലോസ് ഈ ലേഖനത്തിൽ വിശദമാക്കുന്നത്.

രക്ഷിക്കപ്പെടുന്നതിനുമുമ്പ് ആത്മാവിൽ മരിച്ചവരായിരുന്നു. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്നു. അന്ന് ലോകത്തിൻെറ ഗതിക്കൊത്തതുപോലെ നടന്നിരുന്നു. അന്ന് ജഡത്തിൻെറ ആലോചനയ്ക്കനുസരിച്ച് നടന്നിരുന്നു. അന്ന് പിശാചിൻെറ വഴികളിൽ നടന്നിരുന്നു.

''അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ - അതിക്രമങ്ങളിലും പാപങ്ങളിലും - നിങ്ങൾ മുമ്പെ - മരിച്ചുകിടന്നകാലത്ത് - ഈ ലോകത്തിൻെറ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിൻെറ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു.'' എഫെസ്യർ 2:1-3.

ആ കാലത്തെക്കുറിച്ച് പൗലോസ് വിശദീകരിക്കുകയാണ്:

''അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്ത ത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തു കൊൾവിൻ.''

പ്രിയ സ്നേഹിതരേ, ഇങ്ങനെയുള്ള ഒരവസ്ഥയിലായിരു ന്നില്ലേ നാമോരോരുത്തരും? ക്രിസ്തു ഹൃദയത്തിലില്ലാത്ത ഒരു കാലം ഉണ്ടായിരുന്നില്ലേ? ദൈവജനത്തോട് ആത്മാവിലുള്ള കൂട്ടായ്മയുടെ ബന്ധമില്ലാത്തവരായിരുന്നില്ലേ നാം? കേവലം അന്യരെപ്പോലെ ജീവിച്ചവരല്ലായിരുന്നോ? ദൈവീക വാഗ്ദ ത്തങ്ങൾ എന്താണെന്ന് ഗ്രഹിക്കാൻപോലും സാധിക്കാത്ത സ്ഥിതിയിൽ അന്ധത വ്യാപിച്ചിരുന്ന കാലമല്ലായിരുന്നോ? പ്രത്യാശ നഷ്ടപ്പെട്ടവരായി നിരാശയിലും ആകുലത്തിലും ഭാവി യെക്കുറിച്ച് ഒരു നിർണ്ണയവുമില്ലാത്ത സ്ഥിതിയിൽ ആയിരു ന്നില്ലേ? അന്ന് ദൈവമില്ലാത്തവരായിട്ടല്ലേ ജീവിച്ചിരുന്നത്?

അനേകമനേകം അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ടല്ലേ ജീവിച്ചിരുന്നത്? ചില അബദ്ധവിശ്വാസങ്ങളും നിർജ്ജീവമായ ആചാരങ്ങളും അർത്ഥമറിയാത്ത അനുഷ്ഠാനങ്ങളും ആയി സത്യ ദൈവത്തെ തിരിച്ചറിയാതെ ജീവിച്ചിരുന്നില്ലേ? കർമ്മാചാരങ്ങ ളുടെ ഊരാക്കുരുക്കിൽ ലക്ഷ്യബോധം നഷ്ടപ്പെട്ട അവസ്ഥയല്ലായി രുന്നോ അന്ന്? ചില പഴഞ്ചൻ മാമൂലുകളും സമ്പ്രദായങ്ങളും മാത്രമല്ലായിരുന്നോ അന്നത്തെ ഭക്തിജീവിതം?

ഇന്നും സത്യദൈവത്തെ തിരിച്ചറിയാതെ അന്ധകാരത്തിൽ തപ്പിത്തടയുന്ന അനേകമാളുകളില്ലേ?

സ്നേഹിതാ, നീ അങ്ങനെയുള്ളവനാണോ? ചുണ്ടുകളിലെ ചൊല്ലലിൽ മാത്രം ഒതുങ്ങിനില്ക്കുന്നതാണോ നിന്റെ പ്രാർത്ഥ നകൾ? അർത്ഥമറിഞ്ഞാണോ നീ ആചാരങ്ങൾ അനുഷ്ഠിക്കു ന്നത്? പല ആചാരങ്ങളും അബദ്ധവും തിരുവചനവിരുദ്ധവു മാണെന്ന് നീ അറിയുന്നുവോ? സ്വർഗ്ഗമുണ്ടെന്നും നരകമു ണ്ടെന്നും നീ വാസ്തവമായി വിശ്വസിക്കുന്നുവോ? ക്രിസ്തു

ക്രൂശിൽ മരിച്ചത് നിൻെറ നിത്യനരകം ഒഴിവാക്കി നിന്നെ സ്വർഗ്ഗാവകാശിയാക്കാനാണെന്ന് നീ വിശ്വസിക്കുന്നുണ്ടോ? ക്രിസ്തു രണ്ടാമത് വരും എന്ന് നിനക്ക് വിശ്വാസമുണ്ടോ?

"ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തൻെറ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്ന വനും തൻെറ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമി ശിഹയായ ഏക കർത്താവിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് കാണാതെ ചൊല്ലുന്ന നീ അത് വിശ്വസിക്കുന്നുണ്ടോ? ക്രിസ്തു വിൻെറ രണ്ടാമത്തെ വരവിൽ വിശുദ്ധൻമാർ മാത്രമേ തിരു സന്നിധിയിൽ ചേർക്കപ്പെടുകയുള്ളൂ എന്നും രക്ഷിക്കപ്പെടാ ത്തവർ കൈവിടപ്പെട്ടുപ്പോകുമെന്നും നീ വിശ്വസിക്കു ന്നുണ്ടോ? താവകപൂജകരെ പരിശുദ്ധൻമാരുടെ നിരയിൽ ചേർക്കണമേ എന്ന് പാടുന്ന നീ പരിശുദ്ധൻമാരുടെ നിരയിൽ നില്ക്കാൻ യോഗ്യനായോ? താവകപൂജകർ എന്ന് വിശേഷിപ്പി ക്കത്തക്കവിധം സത്യാരാധകനായോ?

ഏറെക്കാലം സത്യാരാധന എന്തെന്നോ, ക്രിസ്തു ഹൃദ യത്തിൽ വസിക്കുക എന്നാൽ എന്താണെന്നോ അറിയാതെ ജീവിച്ച ഒരാളാണ് കുന്നയ്ക്കാൽ പട്ടിലാക്കുഴിയിൽ ശ്രീ. ഫിലിപ്പ് മാത്യുവിൻെറ ഭാര്യയായ മേരി ഫിലിപ്പ്. മേരിക്കുട്ടി യുടെ ജീവിതത്തിൽ ഒരു സത്യമാനസാന്തരം ലഭിച്ചതെങ്ങനെ യെന്ന് നമുക്ക് ചോദിച്ചറിയാം.

മേരിക്കുട്ടിയുടെ ജീവിതത്തിലെ ആദ്യകാലാനുഭവങ്ങൾ ഒന്നു വിവരിക്കാമോ?

ഞാൻ ജനിച്ചു വളർന്നത് ഒരു യാക്കോബായ കുടുംബത്തി ലാണ്. എൻെറ അമ്മ നല്ല പള്ളിഭക്തിയുള്ള ആളായിരുന്നു. പള്ളിക്ക് നേർച്ചകാഴ്ചകൾ കൊടുക്കുക, സഭയിലെ നോമ്പ്, നമസ്ക്കാരം എന്നീ കാര്യങ്ങളിൽ ശുഷ്ക്കാന്തി കാണിക്കുക, മുതലായവയിൽ വളരെ ഉത്സാഹമുള്ള ആളായിരുന്നു എൻെറ അമ്മ. എന്നാൽ എൻെറ അപ്പൻ പേരിനുള്ള ഭക്തിപോലും ഉള്ള

ആളല്ലായിരുന്നു. അതുകൊണ്ട് എനിക്ക് ആത്മീയപാരമ്പര്യം ഒന്നും ഉണ്ടായിരുന്നില്ല.

എന്നാൽ ഞങ്ങളുടെ മാതാപിതാക്കൾ വളരെ അനുസരണ ത്തോടുകൂടിയാണ് ഞങ്ങളെ വളർത്തിയത്. അതുകൊണ്ട് പുറമേ യുള്ള അഴുക്കുജീവിതത്തിനൊന്നും പോകാനിടയായില്ല. ചിന്തയിൽ എല്ലാ അശുദ്ധിയുമുണ്ടായിരുന്നു.

ദൈവകൃപയാൽ എന്നെ വിവാഹം കഴിച്ചുകൊണ്ടുവന്നത് ഒരു ദൈവഭവനത്തിലാണ്. എൻെറ ഭർത്താവ് ഒരു ദൈവവിശ്വാ സിയാണ്. ഭർത്താവിൻെറ അപ്പൻ നിഷ്ക്കളങ്കനായ ഒരു ദൈവ പൈതലായിരുന്നു. അതുകൊണ്ട് ക്രമേണ ഞാനും ദൈവവിശ്വാ സിയായിത്തീർന്നു.

ഒരു മാനസാന്തരജീവിതം ലഭിച്ചതെങ്ങനെയാണ്?

ഭർത്തൃഗൃഹത്തിൽ വളരെ പ്രായമുള്ള നാലുപേരെ ഞാൻ ശുശ്രൂഷിക്കണമായിരുന്നു. ഒന്ന്, ഭർത്താവിൻെറ അപ്പൻ; രണ്ട്, ഭർത്താവിൻെറ അമ്മ; മൂന്ന്, ഭർത്താവിൻെറ അപ്പൻെറ സഹോ ദരി; നാല്, ഞങ്ങളുടെ ബന്ധത്തിലുള്ള ഒരു വെല്യപ്പൻ. അമ്മമാ രെക്കുറിച്ച് ഞാൻ ചിലപ്പോഴെല്ലാം പരാതിയും പരിഭവവും ഭർത്താവിനോടു പറയുമായിരുന്നു.

''ഇതൊരു ദൈവഭവനമാണ്. നീ മൂലം യാതൊരു പ്രയാ സവും ഈ വീട്ടിലുണ്ടാകരുത്. എല്ലാം സഹിക്കുകയും ക്ഷമിക്കു കയും ചെയ്യണം'' എന്ന് ഭർത്താവ് എന്നെ ഉപദേശിക്കുമായി രുന്നു.

അപ്പൻ ഒരു ദിവസം സാറിൻെറ വീട്ടിൽ നടക്കുന്ന യോഗ ത്തെക്കുറിച്ച് ഞങ്ങളോടു പറഞ്ഞു. പരിശുദ്ധാത്മാവ് നടത്തുന്ന ഒരു യോഗമാണ് അതെന്നും മനുഷ്യനെ സ്വർഗ്ഗ രാജ്യത്തിൽ പോകാനൊരുക്കുന്ന ഒരു കൂട്ടായ്മയാണ് അതെന്നും അപ്പൻ പറഞ്ഞു. ആ യോഗത്തിന് ഒന്നു പോകണമെന്ന് അപ്പൻ നിർബ്ബന്ധമായി ഞങ്ങളോട് പറഞ്ഞു. അപ്പൻെറ ജീവിതത്തിലെ

സ്നേഹവും പ്രാർത്ഥനാജീവിതവും നിഷ്ഠയും എല്ലാം ഞാൻ കണ്ടപ്പോൾ ആ യോഗത്തിന് പോകണമെന്ന് എനിക്കു തോന്നി.

അങ്ങനെ ഞാൻ സാറിൻെറ വീട്ടിൽ നടക്കുന്ന യോഗത്തിന് പോയി. ആദ്യദിവസംതന്നെ തിരുവചനം എൻെറ ഹൃദയത്തെ പിളർന്നു. ഞാൻ എൻെറ ജീവിതം സമ്പൂർണ്ണമായി കർത്താവിന് സമർപ്പിച്ചു.

വചനം കേട്ടപ്പോൾ ലഭിച്ച അനുഭവം എന്താണ്?

എൻെറ വീട്ടിൽ എനിക്ക് സമാധാനക്കുറവുണ്ടാക്കുന്നത് അമ്മമാരല്ല. എൻെറ പാപമാണ് അതിനു കാരണം എന്ന് എനിക്കു മനസ്സിലായി. ഇനി ഒരിക്കലും മറ്റുള്ളവരുടെ കുറ്റം ഞാൻ കാണുകയില്ലെന്നും ആരെക്കുറിച്ചും ഒരു പരാതിയും എനിക്കുണ്ടാവുകയില്ലെന്നും ഞാൻ തീരുമാനിച്ചു. അന്നു വലിയ സമാധാനത്തോടെയാണ് ഞാൻ വീട്ടിലേക്ക് പോന്നത്.

തുടർന്നുണ്ടായ അനുഭവമെന്തായിരുന്നു?

തുടർന്ന് ഞങ്ങളുടെ അമ്മയും യോഗത്തിനു വന്നുതുടങ്ങി. ഞാൻ പിന്നീട് ഒരിക്കലും യോഗങ്ങൾ മുടക്കിയിട്ടില്ല. ഓർമ്മവെ ച്ചകാലം മുതലുള്ള പാപങ്ങളെല്ലാം എനിക്ക് ഓർമ്മ വരാൻ തുടങ്ങി, വചനം കേൾക്കുമ്പോൾ. ഞാൻ അവയെല്ലാം ഏറ്റു പറഞ്ഞു. അമ്മായിയും അപ്പച്ചനും അമ്മയും ഏറെനാൾ രോഗ ശയ്യയിൽ കിടന്നപ്പോഴും വളരെ സന്തോഷത്തോടെ അവരെ യെല്ലാം ശുശ്രൂഷിക്കുവാൻ കർത്താവ് എനിക്ക് കൃപ തന്നു.

ഇപ്പോഴുള്ള അനുഭവമെന്താണ്?

നാലുവർഷം മുമ്പ് ഞങ്ങളുടെ ജീവിതത്തിൽ വലിയോരു പ്രശ്നമുണ്ടായി. ഞങ്ങൾ ആകെ മുങ്ങിപ്പോയി എന്നു തോന്നി പ്പോയ ഒരു സന്ദർഭമായിരുന്നു അത്. അന്ന് വീണ്ടും ഒന്നുകൂടി ആഴത്തിൽ സമർപ്പിക്കുവാനും ജീവിതത്തെ ഒന്നുകൂടി ശോധന ചെയ്ത് അനുതപിക്കുവാനും കർത്താവ് കൃപ തന്നു. അങ്ങനെ

ഞങ്ങൾക്ക് ഏറ്റവും വലിയ ദോഷത്തിന്നും നാശത്തിന്നുമായി പിശാച് ചെയ്തത് കർത്താവ് തട്ടിമാറ്റി ഏറ്റവും നല്ലത് കർത്താവ് ഞങ്ങൾക്കു തന്നു. ഇപ്പോൾ നല്ല വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ ഞങ്ങൾ സമാധാനമായി കഴിയുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഞങ്ങൾ ഒരുങ്ങുന്നു; മറ്റുള്ളവരെ ഒരുക്കുവാൻ ഞങ്ങളാൽ ആവോളം ഞങ്ങൾ ദൈവവേല ചെയ്യുന്നു.

ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരുമായി ജീവിക്കുന്ന അനേകം ആളുകളുണ്ട്. ഒരു നിത്യതയുണ്ടെന്നും അത് ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകമാണെന്നും യാതൊരു ചിന്തയുമില്ലാതെ ജീവിക്കുന്ന എത്രയോ ആളുകളുണ്ട്.

വലിയ ഒരു ധനാഢ്യയായിരുന്നു ഹെറ്റിഗ്രീൻ. 1916-ൽ ആ സ്ത്രീ മരിക്കുമ്പോൾ നൂറുലക്ഷം ഡോളർ വിലപിടിപ്പുള്ള ഒരു എസ്റ്റേറ്റ് അവർക്കുണ്ടായിരുന്നു. ലോകം, പണം, എന്നതുമാത്രമായിരുന്നു അവളുടെ ലക്ഷ്യം. ദൈവമോ ദൈവരാജ്യമോ നിത്യസ്വസ്ഥതയോ അവൾക്കൊരു വിഷയമായിരുന്നില്ല.

ചൂടാക്കാനുള്ള ചെലവു ഭയന്ന് അവൾ തണുത്ത ഓട്ട്മീൽ ആണ് കഴിച്ചിരുന്നത്. ഒരിക്കൽ അവളുടെ മകന് കാലിൽ ഒരു മുറിവു പറ്റി. ചികിത്സയുടെ ചെലവു ഭയന്ന് അവൾ free clinic അന്വേഷിച്ചു നടന്ന് സമയം പാഴാക്കിയതുമൂലം മകന്റെ കാൽ മുറിച്ചുകളയേണ്ടിവന്നു. അവൾ ധനികയായിരുന്നു. പക്ഷേ ഒരു ഗതിയും മാർഗ്ഗവുമില്ലാത്തവളെപ്പോലെ അവൾ ജീവിച്ചു.

ലണ്ടൻപട്ടണത്തിന്റെ തെരുവീഥിയിൽ മരിച്ചുകിടന്ന ഒരു യാചകനെക്കുറിച്ച് കേട്ടിട്ടുണ്ട്. ആരോരുമില്ലാത്ത അനാഥനായ ഒരു ഭിക്ഷു. ധരിച്ചിരുന്നത് വളരെ മുഷിഞ്ഞ് കീറിപ്പറിഞ്ഞ് താറുമാറായ ഒരു കോട്ട്. ആ കോട്ട് ഊരിമാറ്റിയപ്പോഴുണ്ട്

അതിൻെറ പോക്കറ്റിൽ ആയിരം പവനുള്ള കറൻസിനോട്ടുകൾ! ഈ പണമെല്ലാം വെച്ചുകൊണ്ട് ഊണും ഉടുപ്പും കിടപ്പാടവുമില്ലാത്തവനായി ജീവിച്ചു!

ലോകമാണ് ഇവരുടെയെല്ലാം ലക്ഷ്യം. നിത്യജീവൻ ലാക്കല്ല. സ്നേഹിതാ, നീയും അങ്ങനെയാണോ? എങ്കിൽ നിത്യസ്വർഗ്ഗത്തെക്കുറിച്ച് ചിന്തിക്കുക. ക്രിസ്തുവിനെ നിൻെറ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുക. ക്രിസ്തുവുള്ള ഒരു പുതിയ ജീവിതം നീ തുടങ്ങുക. ക്രിസ്തുവിൻെറ ക്രൂശിലെ തിരുരക്തത്താൽ നിൻെറ നാളതുവരെയുള്ള പാപങ്ങളും ശാപങ്ങളും കഴുകിക്കളയാൻ നിൻെറ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

# മൂന്ന്

*"അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിൻെറ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ." എഫെസ്യർ 2:12*

ആത്മാവ് മരിച്ചുകിടന്നകാലം എങ്ങനെയായിരുന്നു എന്ന് ഓർത്തുകൊൾവിൻ എന്ന് അപ്പോസ്തലനായ പൗലോസ് എഫെസ്യക്രിസ്ത്യാനികളെ ഉദ്ബോധിപ്പിക്കുകയാണ്. ദൈവമില്ലാതെ ജീവിച്ച കാലം; പ്രത്യാശയില്ലാതെ ജീവിച്ച കാലം; അന്യരെപ്പോലെ ജീവിച്ച കാലം; ദൈവജനത്തോടു ബന്ധമില്ലാതെ ജീവിച്ച കാലം.

ഒരു നല്ല വിഭാഗം ആളുകൾ ഇങ്ങനെയെല്ലാമാണെങ്കിലും ഇങ്ങനെയാണെന്ന് തിരിച്ചറിയാതെ ജീവിക്കുകയാണ്. അവർക്ക് നല്ല ബോദ്ധ്യമാണ്, അവർക്ക് ദൈവമുണ്ടെന്ന്. അവർ അന്യരല്ല, സ്വന്തം തന്നെയെന്ന് അവർ ഉറച്ചു വിശ്വസിക്കുകയാണ്. അവർ പ്രത്യാശയുള്ളവരാണെന്നാണ് അവരുടെ ധാരണ. ക്രിസ്തു അവരുടെ ഹൃദയത്തിൽ വസിക്കുന്നുണ്ടെന്നുള്ള ഉറച്ച ബോദ്ധ്യമാണ് അവർക്കുള്ളത്.

ഇപ്രകാരമുള്ള ഒരവസ്ഥയുണ്ടെന്ന് ഹോശേയ പ്രവാചകനിൽകൂടി ദൈവം ജനത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്. സാക്ഷാലുള്ള അവസ്ഥ തിരിച്ചറിയാത്തവരെക്കുറിച്ച് പ്രവാചകൻ പറയുന്നു:

''അന്യജാതികൾ അവൻെറ ബലം തിന്നുകളഞ്ഞു എങ്കിലും അവൻ അറിയുന്നില്ല, അവന്നു അവിടവിടെ നരെച്ചിരിക്കുന്നു എങ്കിലും അവൻ അറിയുന്നില്ല.'' ഹോശേയ 7:9.

പൗലോസ് അങ്ങനെ ഭോഷ്ക്കിന്ന് അടിമപ്പെട്ടു കിടന്ന ഒരു കാലം ഉണ്ടായിരുന്നു. അതു മാനസാന്തരത്തിനു മുമ്പുള്ള കാലമായിരുന്നു. അന്ന് യിസ്രായേൽ ജാതിക്കാരൻ എന്നും ബെന്യാമീൻ ഗോത്രക്കാരൻ എന്നുമുള്ള അഭിമാനമുണ്ടായിരുന്നു. ന്യായപ്രമാണം സംബന്ധിച്ചേടത്തോളം ഒരു പരീശനായിരുന്നു. ന്യായപ്രമാണ കല്പനകൾ വള്ളിപുള്ളി വിടാതെ ആചരിക്കുന്ന ഒരു എരിവേറിയ പരീശനായിരുന്നു. ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് ഒരു കുറ്റവും ആർക്കും പറവാൻ വകയില്ലാത്തവിധം യോഗ്യമായി ജീവിക്കുന്നവനായിരുന്നു. യരുശലേം ദേവാലയത്തിലെ ഒരു പരീശപ്രമാണിയായിരുന്നു. ഗമാലിയേലിൻെറ ഉത്തമശിഷ്യൻ എന്ന് സൽപ്പേര് നേടിയവനായിരുന്നു. ആ പ്രാചീനകാലത്തെ ഗ്രീക്ക് തത്വശാസ്ത്രം അഭ്യസിച്ച ഒരു ബുദ്ധിജീവിയും വേദശാസ്ത്രജ്ഞാനിയും പണ്ഡിതനുമായിരുന്നു.

യഹൂദമതത്തിലെ പരമാധികാരസഭയായ സന്നദ്രീം സംഘത്തിലെ അംഗമായിരുന്നു. റോമൻ പൗരത്വം ജൻമനാ സിദ്ധിച്ച കുലീനനായ ഒരു യഹൂദനായിരുന്നു.

ഇത്രയേറെ മേൻമകൾ അവകാശപ്പെടാൻ വകയുള്ള ശൗൽ ആന്തരിക കണ്ണു തുറന്നുകിട്ടിയപ്പോഴേ അറിഞ്ഞുള്ളൂ, താൻ സത്യദൈവത്തിൻെറ ശത്രുവായിട്ടാണ് ജീവിക്കുന്നതെന്ന്. മതത്തോടും സഭയോടും പള്ളിയോടും ഏറ്റവും അധികം ചേർന്നുജീവിച്ച ശൗൽ അറിഞ്ഞില്ല, സത്യദൈവത്തിന്ന് വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന്. ക്രിസ്തീയ വിശ്വാസികളെ പീഡിപ്പിക്കുന്നതും ഉപദ്രവിക്കുന്നതും നിഹനിക്കുന്നതും ദൈവത്തിനും ദൈവസഭയ്ക്കും ചെയ്യുന്ന വലിയ സേവനമാണെന്നാണ് ശൗൽ ധരിച്ചിരുന്നത്.

എന്നാൽ ദമസ്ക്കോസിലെ വിശ്വാസികളെ അറസ്റ്റു ചെയ്തുകൊണ്ടു വരുന്നതിന് ഏതാനും പേരോടുചേർന്ന് പോകുമ്പോൾ ദമാസ്ക്കസ് പട്ടണത്തിൻെറ ഗേറ്റിങ്കൽവെച്ച് അവൻ ക്രിസ്തുവിൻെറ സ്വരം കേട്ടു:

''ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?''

വലിയോരു വെളിച്ചം ചുറ്റും മിന്നി. കണ്ണഞ്ചിക്കുന്ന അത്ഭുതജ്യോതിസ്സ്! ശൗൽ അവിടെ വീണുപോയി. ദൈവ ശബ്ദം കാതുകളിൽ മാത്രമല്ല; ഹൃദയത്തിൻെറ ഭിത്തികളിൽ മാറ്റൊലിക്കൊണ്ടു അലയടിച്ചു. ആ സ്വരം ശൗലിനെ പൗലോ സാക്കി മാറ്റി. ആ ശബ്ദം ഉപദ്രവിയും നിഷ്ഠൂരനുമായിരുന്ന ശൗലിനെ കണ്ണുകാഴ്ചയുള്ളവനാക്കി. ആ ശബ്ദം അന്ധനാണെ ന്നറിയാതെ അന്ധതയിൽ നടന്നുകൊണ്ടിരുന്നവനെ സത്യവെളി ച്ചത്തിൻെറ സുബോധത്തിലേക്ക് ആനയിച്ചു. ജീവൻെറ വെളിച്ചം ഹൃദയത്തിൽ ഉദിച്ചപ്പോഴാണ് താൻ എങ്ങനെയു ള്ളവൻ ആയിരുന്നു എന്ന് തിരിച്ചറിയാൻ കഴിഞ്ഞത്.

മാന്യസ്നേഹിതാ, നീ സത്യമറിയാതെ ഇന്നും അന്ധകാ രത്തിൽ തപ്പിനടക്കുകയാണ്. സ്വയനീതീകരണത്തിൻെറയും മതഭക്തിയുടെയും ദൈവാലയസ്നേഹത്തിൻെറയും അവകാശ വാദങ്ങളിൽ നിൻെറ സത്യാവസ്ഥ തിരിച്ചറിയാതെ നീ അന്ധത യിലും ഭോഷ്ക്കിലും തറ്റുനില്ക്കുകയാണോ?

എങ്കിൽ പ്രിയ സ്നേഹിതാ, നിനക്ക് സുബോധം തരുവാൻ, കർത്താവായ യേശുക്രിസ്തു നിൻെറ അരികത്തുവന്ന് നിന്നെ വാത്സല്ല്യവായ്പോടെ വിളിക്കുകയാണ്; ആർദ്രത യോടെ വിളിക്കുകയാണ്. വേഗം എഴുന്നേറ്റു വരൂ. പഴയ ജീവി തത്തോട് യാത്ര പറയൂ. ക്രിസ്തുവിൻെറ സ്നേഹത്തിൻെറ സന്ദേശവാഹകനാകൂ.

ലൂക്കോസിൻെറ സുവിശേഷം പതിനഞ്ചാം അദ്ധ്യാ യത്തിൽ കർത്താവ് ധൂർത്തപുത്രൻെറ ഉപമ പറയുന്നുണ്ട്. അപ്പൻെറ ഇളയമകൻ അപ്പൻെറ സ്വത്തിൻെറ ഭാഗമെല്ലാം വാങ്ങി

ദൂരെദേശത്ത് പോയി എല്ലാം നാനാവിധമാക്കി ചെലവഴിച്ചു തകർന്നവനായിത്തീർന്നു. അവൻ അനുതാപത്തോടും പശ്ചാത്താപത്തോടുംകൂടി മടങ്ങിവന്ന് അപ്പന്റെ അടുക്കൽ കേണു യാചിച്ച് അപ്പനുമായി നിരപ്പായി. അപ്പൻ അവനുവേണ്ടി ശ്രേഷ്ഠഭോജനമൊരുക്കി, വിരുന്നു കഴിച്ച് ആനന്ദിച്ചു.

ആ ഉപമയിൽ ആ അപ്പന്റെ മൂത്ത മകനെക്കുറിച്ച് പറയുന്നുണ്ട്. അനുജൻ നഷ്ടപ്പെട്ടതിൽ തെല്ലും വേദനയില്ലാതെ കഴിഞ്ഞവനാണവൻ. നഷ്ടപ്പെട്ട അനുജനെക്കുറിച്ച് പുച്ഛവും പരിഹാസവും അവഗണനയുമാണ് അവന്റെ ഉള്ളിൽ. അനുജൻ മടങ്ങിവന്നതിൽ ഒട്ടും സന്തോഷമില്ല അവന്. അപ്പൻ വിരുന്നൊരുക്കി ആഹ്ലാദിക്കുന്നതിൽ അവനൊട്ടും രസിക്കുന്നില്ല. വീട്ടിലെ കോലാഹലത്തിൽ പങ്കാളിയാകാതെ ആ ആഘോഷങ്ങളിൽ നിന്നകന്ന് അവൻ ഗേറ്റിനുപുറത്ത് നിൽക്കുകയാണ്. നീരസം കലർന്ന ചോദ്യമാണ് അവന്റെ ചുളിഞ്ഞ നെറ്റിയിലും കോപകലുഷിതമായ നാവിലും: ''ഇതെന്ത്?''

അവൻ പുറത്ത് ചോദ്യവുമായി നിൽക്കുകയാണ്. അപ്പന്റെ ഒപ്പം താമസിക്കുന്നെങ്കിലും അപ്പന്റെ സന്തോഷത്തിൽ പങ്കുചേരാൻ അവന് സാധിക്കുന്നില്ല. അപ്പന്റെ വയലിൽ വേലചെയ്യുന്നെങ്കിലും അപ്പന്റെ സ്നേഹാർദ്രമായ ഹൃദയത്തിന്റെ ഉൾത്തുടിപ്പുകൾ അവന് ഗ്രഹിക്കാൻ കഴിയുന്നില്ല. അപ്പന്റെ വയലിലെ വേലയുണ്ട്; അപ്പന്റെ ഹൃദയത്തിലെ സ്നേഹമില്ല.

അവൻ മത്സരിച്ചും ചോദ്യംചെയ്തും നിൽക്കുമ്പോൾ അപ്പൻ അവന്റെ അടുക്കലേക്ക് ചെല്ലുകയാണ്. അവനെ അകത്തേക്ക് ക്ഷണിക്കുകയാണ്.

നാളുകളായി പുറത്തുവരാതിരുന്ന അവന്റെ ഉള്ളിലെ നീരസവും പരിഭവവും അവകാശവാദവും മത്സരവും മറുതലിപ്പും അപ്പോൾ പുറത്തുവരികയാണ്. അവൻ പറഞ്ഞു:

''ഇത്ര കാലമായി ഞാൻ നിന്നെ സേവിക്കുന്നു; നിൻെറ കല്പന ഒരിക്കലും ലംഘിച്ചിട്ടില്ല; എന്നാൽ എൻെറ ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിന്നു നീ ഒരിക്കലും എനിക്കു ഒരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല. വേശ്യമാരോടുകൂടി നിൻെറ മുതൽ തിന്നുകളഞ്ഞ ഈ നിൻെറ മകൻ വന്നപ്പോഴേക്കും തടിപ്പിച്ച കാളക്കുട്ടിയെ അവനുവേണ്ടി അറുത്തുവല്ലോ.''

അവൻെറ സേവനത്തെക്കുറിച്ചുള്ള അവകാശവാദമാണ് ഒന്നാമത് കാണുന്നത്. ''ഇത്രകാലമായി ഞാൻ നിന്നെ സേവിക്കുന്നു'' എന്നാണ് അവൻ പറയുന്നത്. സേവനപാരമ്പര്യത്തെക്കുറിച്ച് അവൻ ഊറ്റം കൊള്ളുകയാണ്. ആ അഭിമാനത്തിനു കാരണം അവൻെറ ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്ന അവകാശവാദമാണ്.

''നിൻെറ കല്പന ഒരിക്കലും ഞാൻ ലംഘിച്ചിട്ടില്ല'' എന്നു പറയുന്നതിലും ആ അഭിമാനവും അവകാശവാദവും കാണാം. ചുങ്കക്കാരൻെറയും പരീശൻെറയും ഉപമയിലെ പരീശനെപ്പോലെയാണ് ഈ മൂത്ത മകൻ പറയുന്നത്.

രണ്ടാമതായി കാണുന്നത് അവൻെറ പരിഭവമാണ്. ''നീ എനിക്ക് ഒരാട്ടിൻകുട്ടിയെ തന്നിട്ടില്ല'' എന്ന പരിഭവവാക്കുകളാണ് അവൻ പറയുന്നത്. അപ്പൻ എന്തെല്ലാം തന്നു എന്നല്ല, അപ്പൻ എന്തെല്ലാം തന്നില്ല എന്നാണ് അവൻ പറയുന്നത്. ദൈവം തരാത്തവയെക്കുറിച്ച് ദൈവത്തോട് ഉള്ളിൽ പരിഭവമായിരിക്കുന്ന ആളുകളുണ്ട്. സ്നേഹിതാ, നീ അങ്ങനെയുള്ള ഒരാളാണോ?

മൂന്നാമതായി, അവൻെറ ഹൃദയത്തിൽ പാപാസക്തിയുണ്ട്. ചങ്ങാതികളുമായി ആനന്ദിക്കാനുള്ള ആവേശം ഉണ്ട്. പുറമെ ചങ്ങാതികളുമായി കൂട്ടുകൂടി ആനന്ദിക്കുന്നില്ലെങ്കിലും അതിനെല്ലാമുള്ള ആഗ്രഹം ഹൃദയത്തിലുണ്ട്. പലരും പുറമെ നല്ലവരും മാന്യരുമായി കാണപ്പെടുന്നെങ്കിലും അകമെ ദുഷ്ചിന്തയും മുഷിച്ചിലും അശുദ്ധിയും നിറഞ്ഞുനില്ക്കുന്നു. ഈ മൂത്തമകൻ അതിനൊരു ദൃഷ്ടാന്തമാണ്.

നാലാമതായി തിന്നു കുടിച്ച് ആനന്ദിക്കുന്ന ചങ്ങാതികള വനുണ്ട്. ആട്ടിൻകുട്ടിയെ കൊന്ന് വിരുന്നൊരുക്കി ആനന്ദി ക്കുവാൻ താല്പര്യമുള്ള ചങ്ങാതിമാരവനുണ്ട്. അപ്പൻെറ വയലിൽ വേലചെയ്യുന്നെങ്കിലും അവൻെറ സ്നേഹിതൻമാർ തിന്നുകുടിക്കുക, ആനന്ദിക്കുക എന്ന ചിന്താഗതിയുള്ള ലോക മക്കളാണ്. ലോകമയത്വം ആ മൂത്തമകനിൽ തങ്ങിനില്ക്കുന്നത് ഒരു പാപമായി അവൻ കാണുന്നില്ല.

അഞ്ചാമതായി, സ്വന്തം സഹോദരനെക്കുറിച്ച് അവന് ഈർഷ്യയും അമർഷവും വിധിയും അവൻ പുലർത്തുന്നു. ''വേശ്യമാരോടുകൂടി മുതൽ തിന്നുകളഞ്ഞ ഈ നിൻെറ മകൻ'' എന്നാണ് അവൻ പറയുന്നത്. സ്നേഹത്തിൻെറ വേദനയിൽ നിന്നല്ല അമർഷം ഉണ്ടാകുന്നത്.

തിൻമക്കെതിരെ ധാർമ്മികരോഷം കൊള്ളുന്ന പലരും സ്നേഹത്തിൽ നിന്നുറവെടുക്കുന്ന വേദനയിൽ നിന്നല്ല തിൻമയെ എതിർക്കുന്നത്. കപടഭക്തിയും വേഷഭക്തിയുമാണ് അവരുടെ കൈമുതൽ. സ്വന്തം സഹോദരൻെറ തെറ്റ്, തെറ്റാണെ ങ്കിൽപോലും, ചൂണ്ടിക്കാണിക്കുന്നത് സ്നേഹമുള്ള ഹൃദയ ത്തിൻെറ വേദനയിൽ നിന്നല്ല.

സ്നേഹിതാ, നീ മറ്റുള്ളവരെ വിമർശിക്കുന്നത് സ്നേഹത്തിൽ നിന്നാണോ? അതോ, നീ അവരെ നിശിതമായി വിമർശിക്കുന്നത് നിൻെറ പരീശമനോഭാവത്തിൽനിന്നാണോ? നിൻെറ അഹന്ത, സ്വയതൃപ്തി, സ്വയമതിപ്പ് എന്നിവയുടെ ഉറവിടമായ സ്വയം - ego - അല്ലേ നിന്നെ നിയന്ത്രിക്കുന്നത്?

ആറാമതായി, ''ഈ നിൻെറ മകൻ'' എന്നാണ് സ്വന്ത സഹോദരനെ അവൻ വിളിക്കുന്നത്. സ്വന്തം അനുജനെന്നുള്ള പരിഗണനയില്ല. മറ്റുള്ളവരെക്കുറിച്ചുള്ള പരിഗണന - concern - ഇല്ലാതെ നാം ചിന്തിക്കാറില്ലേ? സംസാരിക്കാറില്ലേ?

''മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണി''ക്കൊ ള്ളുവാൻ തിരുവചനം അനുശാസിക്കുന്നു. എന്നാൽ ശ്രേഷ്ഠനെ

ന്നെണ്ണുന്നില്ല എന്നു മാത്രമല്ല, സ്വന്ത സഹോദരനെക്കുറിച്ച് ''നിൻെറ മകൻ'' എന്ന് അപ്പനോട് പറയുന്നു.

ഏഴാമതായി, അപ്പനെയും വിധിക്കുന്ന മനോഭാവമാണ് മൂത്തമകനുള്ളത്. അപ്പൻ തടിപ്പിച്ച കാളക്കുട്ടിയെ അറുത്ത് വിരുന്നൊരുക്കിയത് ശരിയായില്ല എന്നാണ് അവൻ വാദിക്കുന്നത്. വേശ്യമാരുടെ കൂടെ ജീവിച്ച് മുതൽ തിന്നുകളഞ്ഞവനെ ഇത്ര മാത്രം ആദരിക്കണമോ? അവനെ ഇങ്ങനെ സ്വീകരിക്കണമോ? അവനെ ഇങ്ങനെ സൽക്കരിക്കണമോ എന്നാണ് അവൻെറ ചോദ്യം.

ഇന്നും അനേകം വിശ്വാസികൾ ഇങ്ങനെയാണ്. ഒരു പാപിയുടെ മനംതിരിവിൽ ഉള്ളം സന്തോഷിക്കുന്നില്ല. സ്വർഗ്ഗം സന്തോഷിക്കുന്ന കാര്യമാണ് പാപിയുടെ മാനസാന്തരം. ''മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാൻമാരെക്കുറിച്ചുള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും'' എന്ന് തിരുവെഴുത്ത് പറയുന്നു. ലൂക്കോസ് 15:7.

''മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും.'' (ലൂക്കോസ് 15:10) എന്ന് വീണ്ടും തിരുവചനം പറയുന്നു.

ദൈവം കഴിഞ്ഞകാലങ്ങൾ കണക്കിടുന്നില്ല. ദൈവം പാപം ക്ഷമിക്കുന്നവനാണ്. ദൈവം അകൃത്യങ്ങൾ കണക്കിടാത്തവനാണ്. ദൈവം ലംഘനങ്ങളും അതിക്രമങ്ങളും മായിച്ച് ഇല്ലായ്മചെയ്യുന്നവനാണ്. ''ദൈവം തൻെറ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുന്ന''വനാണ്. റോമർ 3:25. ക്രിസ്തുവിൻെറ ക്രൂശുമരണത്തിൻെറ അർത്ഥം തന്നെ അതാണല്ലോ. ഏതു കഠോരപാപിക്കും പാപ മോചനത്തിനുള്ള സാദ്ധ്യതയുണ്ട്. അതാണ് ക്രൂശിൽ ചൊരിഞ്ഞ കുറ്റമില്ലാത്ത രക്തം.

എട്ടാമതായി, മാനസാന്തരപ്പെട്ട സ്വന്തം സഹോദരനെക്കുറിച്ച് മൂത്തമകനുള്ള അസൂയ. അതിൽ നിന്നാണ് അവന് കോപം ഉണ്ടായത്; മറുതലിപ്പുണ്ടായത്. ''അവൻ കോപിച്ചു, അകത്തു കടപ്പാൻ മനസ്സില്ലാതെ നിന്നു.'' ലൂക്കോസ് 15:28.

പ്രിയ സഹോദരാ, നീ ഈ മൂത്തമകനെപ്പോലെയാണോ? അതോ അനുതപിച്ച് മടങ്ങിവന്ന ഇളയ മകനെപ്പോലെയാണോ? ഉപമ അവസാനിക്കുമ്പോൾ മൂത്ത മകൻ ഗേറ്റിനു പുറത്താണെന്നുള്ള കാര്യം നീ മറക്കരുത്. നീ നിന്റെ പഴയകാല ജീവിതം ഒന്നു തിരിഞ്ഞുനോക്കൂ. നിന്റെ അവസ്ഥ എന്തായിരുന്നു എന്നോർത്തുനോക്കൂ. ദൈവത്തോട് നന്ദിയും സ്നേഹവും നിറഞ്ഞവനായി നീ അതിവേഗം അപ്പന്റെ വിരുന്നുമേശയിലേക്ക് വരൂ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

# നാല്

*"നിങ്ങൾ അടിമവീടായ മിസ്രയീമിൽനിന്ന് പുറപ്പെട്ടുപോന്ന ഈ ദിവസത്തെ ഓർത്തുകൊൾവിൻ." പുറ. 13:3.*

മോശ യിസ്രായേൽ ജനത്തോടു പറയുന്ന വാക്കുകളാണിവ. ഈജിപ്റ്റിലെ ഫറവോ രാജാക്കൻമാരുടെ അടിമകളായി നാന്നൂറ്റിമുപ്പതു സംവത്സരം ജീവിച്ചവരായിരുന്നു യിസ്രായേൽക്കാർ. അവരുടെ യാതനയും ദുരിതവും അടിമവേലയും കണ്ട് മനസ്സലിഞ്ഞ് ദൈവം അവരെ മിസ്രയീം ദേശത്തുനിന്ന് വിടുവിച്ചു പുറപ്പെടുവിച്ചു. അതിനു ദൈവം ഉപയോഗിച്ച ദൈവപുരുഷനാണ് മോശ.

വളരെ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചാണ് യിസ്രായേൽ മക്കളെ ഫറവോൻെറ ഉരുക്കുമുഷ്ടിയിൽനിന്ന് ദൈവം വിടുവിച്ചത്.

"യിസ്രായേൽ മക്കൾ അടിമവേല നിമിത്തം നെടുവീർപ്പിട്ടു നിലവിളിച്ചു; അടിമവേല ഹേതുവായുള്ള നിലവിളി ദൈവസന്നിധിയിൽ എത്തി. ദൈവം അവരുടെ നിലവിളി കേട്ടു." പുറ. 2:23-24.

ജനത്തിൻെറ കഷ്ടതയിൽ മനസ്സലിഞ്ഞ ദൈവം മോശയെ വിളിച്ച് തൻെറ വേല ഭരമേല്പിച്ചു. ജനത്തെ അടിമത്തത്തിൽ നിന്ന് രക്ഷിക്കാനുള്ള വലിയ വേല ചെയ്യുവാൻ മോശയോട് ദൈവം കല്പിച്ചു. അപ്പോൾ ദൈവം അരുളിച്ചെയ്തു:

''മിസ്രയീമിലുള്ള എൻെറ ജനത്തിൻെറ കഷ്ടത ഞാൻ കണ്ടു കണ്ടു; ഊഴിയവിചാരകൻമാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു; ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു.'' പുറ. 3:7.

മോശയെ ദൈവം അധികാരപ്പെടുത്തി അയച്ചു. ഫറവോ രാജാവിൻെറ മുമ്പിൽ എത്തി മോശയും അഹറോനും രാജാവിനോടു പറഞ്ഞു:

''മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന്ന് എൻെറ ജനത്തെ വിട്ടയക്കേണം എന്നിപ്രകാരം യിസ്രായേലിൻെറ ദൈവമായ യഹോവ കല്പിക്കുന്നു.'' പുറ. 5:1.

''ദൈവം ഞങ്ങൾക്ക് പ്രത്യക്ഷനായി വന്നിരിക്കുന്നു; അവൻ മഹാമാരിയാലോ വാളാലോ ഞങ്ങളെ ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന്നു ഞങ്ങൾ മൂന്നു ദിവസത്തെ വഴി മരുഭൂമിയിൽ പോയി, ഞങ്ങളുടെ ദൈവമായ യഹോവെക്കു യാഗം കഴിക്കട്ടെ.'' പുറ. 5:3.

ഈ വാക്കുകൾ കേട്ടതോടുകൂടി ജനത്തെ ഫറവോ രാജാവ് കൂടുതൽ ദണ്ഡിപ്പിച്ചു. കഠിനാദ്ധ്വാനവും അടിമവേലയും നിമിത്തം ജനം വളരെ യാതനയിലായി. കഠിന ദാസ്യത്തിൽ ജനം വലഞ്ഞു.

പുറപ്പാട് അഞ്ചാം അദ്ധ്യായം മുതൽ പത്താം അദ്ധ്യായം വരെ പരിശോധിച്ചാൽ, ഏഴു പ്രാവശ്യം ഫറവോൻെറ അടുക്കൽ ദൈവം കല്പിക്കുന്നത് കേൾക്കാം.

''എന്നെ ആരാധിപ്പാൻ എൻെറ ജനത്തെ വിട്ടയയ്ക്ക.'' 5:1; 7:16; 8:1; 8:20; 9:1; 9:13; 10:3.

യിസ്രായേൽ ജനം അടിമത്തത്തിലായിരുന്നതുപോലെ മനുഷ്യരെല്ലാവരും സാത്താൻെറ ബന്ധനത്തിലാണ്. സാത്താൻെറ ബന്ധനത്തിൽനിന്ന് മോചനം പ്രാപിച്ചാലേ ആരാധനയുള്ളൂ.

സാത്താൻെറ പിടിയിൽ കഴിഞ്ഞുകൊണ്ട് ആരാധനയില്ല. പാപത്തിൻെറ ദാസ്യത്തിൽ കിടന്നുകൊണ്ട് ആരാധനയില്ല. അതുകൊണ്ടാണ് ദാവീദ് പാടിയത്:

''ഞാൻ നിൻെറ നാമത്തിന്നു സ്തോത്രം ചെയ്യേണ്ടതിന്നു എൻെറ പ്രാണനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കേണമേ.'' സങ്കീ. 142:7.

ചുണ്ടുകൾകൊണ്ടുള്ള ചൊല്ലൽ അല്ല ആരാധന. അത് കേവലം അധരസേവയാണ്. ചൊല്ലി എത്തിക്കുന്ന പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തുകയില്ല; കാരണം ആ പ്രാർത്ഥനകൾ കേവലം ചുണ്ടിൻെറ ചലനവും ബാഹ്യമായ ശബ്ദവുമാണ്. അത് ഹൃദയത്തെ തൊടുന്നില്ല; ഹൃദയത്തിൽനിന്ന് പുറപ്പെടുന്നില്ല. അപ്രകാരമുള്ള പ്രാർത്ഥനകളെക്കുറിച്ച് യെശയ്യാപ്രവാചകനിൽകൂടി നിത്യനായ ദൈവം അരുളിച്ചെയ്തു:

''ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്ന് ദൂരത്ത് അകറ്റിവെച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി, മനഃപാഠമാക്കിയ മാനുഷകല്പനയത്രേ.'' യെശ. 29:13.

പ്രിയ സ്നേഹിതാ, നീ സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കുന്നവനാണോ? സത്യാരാധനയ്ക്കുതകുന്നതിന് നിൻെറ പാപങ്ങളിൽനിന്ന് നീ മോചനം നേടിയോ? നിൻെറ പാപങ്ങൾ ഏറ്റുപറഞ്ഞ് നീ ഉപേക്ഷിച്ചുവോ? മേലിൽ പാപം ചെയ്യുകയില്ലെന്ന് നീ തീരുമാനമെടുത്തുവോ? പാപം മൂലം നീ സാത്താൻെറ ജയിലറയിൽ കിടക്കുകയാണെന്ന് നീ അറിയുന്നുവോ? സാത്താൻെറ കാരാഗൃഹത്തിൻെറ ഇരുമ്പോടാമ്പലുകളെ ഖണ്ഡിക്കുവാൻ ക്രിസ്തുവിനു മാത്രമേ കഴിയുകയുള്ളൂ എന്ന് നീ വിശ്വസിക്കുന്നുവോ?

മനുഷ്യൻ ലോകത്തോടും ജഡത്തോടും പൈശാചികനോടും ബന്ധിക്കപ്പെട്ടു കിടക്കുകയാണ്. പിശാചിൻെറ ബന്ധം

അഴിയ്ക്കുന്നതിനാണ് ക്രിസ്തു ക്രൂശിൽ മരിച്ച് കുറ്റമറ്റ രക്ത മൂറ്റിയത്.

ബന്ധനമുക്തിക്കുവേണ്ടി മോശയും അഹറോനും സംസാ രിച്ചതോടുകൂടി യിസ്രായേൽജനത്തിൻെറ അടിമത്തത്തിൻെറ കഷ്ടതയും കാഠിന്യവുമേറി. അവർ കൂടുതൽ വലഞ്ഞു.

സാത്താൻെറ പിടിയിൽനിന്ന് മോചനം പ്രാപിക്കാൻ ഒരു ദൈവപൈതൽ ആഗ്രഹിക്കുന്തോറും ശത്രു കൂടുതൽ കൂടുത ലായി പിടിമുറുക്കാൻ തുടങ്ങും. പക്ഷേ ദൈവപൈതൽ തളര രുത്. ദൈവം നീട്ടിയ ഭുജംകൊണ്ടും ബലമുള്ള വലംകൈ കൊണ്ടും അത്ഭുതം പ്രവർത്തിക്കും.

മിസ്രയീമിൽ പത്തു ബാധകൾ ദൈവം വരുത്തി. ഒന്ന്, വെള്ളം രക്തമാക്കി. മിസ്രയീമിലെ എല്ലാ ജലാശയങ്ങളിലെയും വെള്ളം രക്തമായിത്തീർന്നു. 7:17-21.

രണ്ട്, ഈജിപ്റ്റിലെല്ലാം തവള പെരുകി. രാജ്യത്തെ ഒക്കെയും തവളയെക്കൊണ്ട് ബാധിച്ചു. 8:2-6.

മൂന്ന്, നിലത്തെ പൊടിയെല്ലാം പേൻ ആയിത്തീർന്നു. മനുഷ്യരുടെമേലും മൃഗത്തിൻമേലും എല്ലാം പേൻ ബാധിച്ചു. 8:16-17.

നാല്, ദേശമെല്ലാം നായീച്ചകൊണ്ട് നിറഞ്ഞു. നായീച്ച യാൽ ദേശം നശിച്ചു. 8:21-24.

അഞ്ച്, മൃഗങ്ങളുടെമേൽ വ്യാധി. 9:3-6.

ആറ്, മനുഷ്യരുടെമേലും മൃഗങ്ങളിൻമേലും പുണ്ണായി പൊങ്ങുന്ന പരുക്കൾ. 9:9-11.

ഏഴ്, സകല മനുഷ്യരുടെയും മൃഗങ്ങളുടെയും മേൽ കൽമഴ പെയ്തു. 9:18-26. മിസ്രയീംദേശത്ത് എല്ലായിടത്തും കൽമഴ മഹാനാശം ചെയ്തു.

എട്ട്, ദേശത്തെല്ലാം വെട്ടുക്കിളി നിറഞ്ഞു. 10:4-15. മിസ്രയീംദേശത്തെ മുഴുവൻ വെട്ടുക്കിളി മൂടി. ദേശം അതിനാൽ ഇരുണ്ടുപോയി. പച്ചയായതെല്ലാം വെട്ടുക്കിളി തിന്നുകളഞ്ഞു.

ഒമ്പത്, മൂന്നു ദിവസത്തേയ്ക്ക് ദേശത്തെല്ലാം കൂരിരുട്ടുണ്ടായി. 10:22-23. മൂന്നു ദിവസത്തേക്ക് ഒരുത്തനെ ഒരുത്തൻ കണ്ടില്ല.

പത്ത്, കടിഞ്ഞൂലുകൾ സംഹരിക്കപ്പെട്ടു. മനുഷ്യരുടെ കടിഞ്ഞൂലും മൃഗങ്ങളുടെ കടിഞ്ഞൂലും സംഹരിക്കപ്പെട്ടു. 11:5-6.

ഈ ബാധകൾ പത്തും യിസ്രായേൽജനത്തെ സ്പർശിച്ചില്ല. കുഞ്ഞാട്ടിനെ അറുത്ത് രക്തം പുരട്ടിയ ഭവനങ്ങളിൽ സംഹാരകൻ പ്രവേശിച്ചില്ല. ഒരു ബാധയും ദൈവജനത്തെ സ്പർശിച്ചില്ല.

സങ്കീർത്തനക്കാരൻ പറയുന്നുണ്ടല്ലോ,

''ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല; ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കയില്ല.'' സങ്കീ. 91:10.

പ്രിയ സ്നേഹിതരേ, ഈ വാക്കുകളെ നിങ്ങൾ ശ്രദ്ധിക്കുമ്പോൾ, നിങ്ങളുടെ ജീവിതത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന ബാധകളെ ഓർത്ത് നിങ്ങൾ നെടുവീർപ്പിടുകയല്ലേ? അടിക്കടി കഷ്ടങ്ങളും കേടുകളും കെടുതികളും സംഭവിക്കുന്നതോർത്ത് നീ ഏങ്ങലടിക്കുകയാണോ?

സ്നേഹാർദ്രവാനായ ദൈവം നിന്നെ സകല ബാധകളിൽ നിന്നും വിടുവിക്കുന്നവനാണ്. ആനന്ദൈശ്വര്യങ്ങളെഴുന്ന മാസാബ്ദങ്ങളെ നിനക്കു നൽകുന്നവനാണ്. കാരണം, ക്രിസ്തു പിശാചിന്റെ പ്രവൃത്തികളെ ഒക്കെയും അഴിപ്പാൻ പ്രത്യക്ഷനായവനാണ്. 1 യഹോ. 3:8.

ദൈവം നമ്മെ പൈശാചിക ബന്ധനത്തിൽനിന്നും വിടുവിച്ചു എന്ന നന്ദി നമുക്കുണ്ടായിരിക്കണം. സാത്താന്റെ ബന്ധനങ്ങളഴിപ്പാൻ ക്രിസ്തു കൊടുത്ത വില സ്വന്തം ജീവൻ തന്നെയാണെന്നോർക്കുമ്പോഴാണ് നമ്മുടെ ഹൃദയം നന്ദികൊണ്ട് നിറയുന്നത്.

''നിങ്ങൾ അടിമവീടായ മിസ്രയീമിൽനിന്ന് പുറപ്പെട്ടുപോന്ന ഈ ദിവസത്തെ നിങ്ങൾ ഓർത്തുകൊൾവിൻ'', നിങ്ങളെ പുറപ്പെടുവിച്ച നിത്യസ്നേഹത്തെ നിങ്ങൾ ഓർത്തുകൊൾവിൻ. നിങ്ങളെ വീണ്ടെടുത്ത ഊനമില്ലാത്ത കുഞ്ഞാടിന്റെ തിരുരക്തത്തെ നിങ്ങൾ ഓർത്തുകൊൾവിൻ. നിങ്ങളുടെ ബന്ധനങ്ങളും ബാധകളും മാറ്റിയ സർവ്വശക്തനെ നിങ്ങൾ ഓർത്തുകൊൾവിൻ.

ഈ നന്ദിയാണ് ക്രിസ്തീയജീവിതം ജയജീവിതമാക്കുന്നത്. നന്ദിയും സ്നേഹവും ഉള്ളിൽ തിങ്ങിയാൽ ആ ഹൃദയത്തിലേക്ക് ഒരു പാപവും കടന്നുവരികയില്ല.

അപ്രകാരം ദൈവം എന്തു ചെയ്തു എന്ന് നന്ദി നിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കുന്ന ഒരു ദൈവപൈതലിന്റെ ജീവിതാനുഭവം ഇപ്പോൾ ശ്രദ്ധിക്കാം. ന്യൂയോർക്കിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന വറുഗീസ് സാറും കുടുംബവും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ അമേരിക്കയിലെ സജീവ പ്രവർത്തകരാണ്. മിസ്സസ് കുഞ്ഞൂഞ്ഞമ്മ വറുഗീസിന്റെ ജീവിതസാക്ഷ്യം നമുക്ക് ചോദിച്ചറിയാം.

അമ്മാമ്മയുടെ ബാല്യകാല ജീവിതത്തെക്കുറിച്ച് ഇപ്പോൾ ഒന്നു പറയാമോ?

ഞാൻ പുനലൂർ-ചെങ്കോട്ട റൂട്ടിൽ ഇടമൺ എന്ന സ്ഥലത്താണ് ജനിച്ചുവളർന്നത്. ഒരു സാധാരണ കർഷക കുടുംബമായിരുന്നു ഞങ്ങളുടേത്. ഞങ്ങൾ ഒമ്പതു മക്കളിൽ മൂത്ത മകളാണ് ഞാൻ. സാമ്പത്തികമായി നല്ല ഞെരുക്കമായിരുന്നു ആ കാലത്ത്.

1960-ൽ ഞാൻ എസ്.എസ്.എൽ.സി. പാസ്സായി. പിന്നീട് ടൈപ്പ് റൈറ്റിംഗ് പഠിച്ചു. ഡൽഹിയിൽ ഒരു ലോവർ ഡിവിഷൻ ക്ലെർക്കായി എനിക്കു ജോലി ലഭിച്ചു. ജോലി കിട്ടാതെ വിഷമിച്ച് ആറുമാസം ഡൽഹിയിൽ കഴിഞ്ഞ കാലത്ത് ദൈവത്തോട് കരഞ്ഞുപ്രാർത്ഥിച്ചു. അന്നു ദൈവം അത്ഭുത കരുണ തന്നാണ് ഒരു ജോലി ലഭിച്ചത്.

മാർത്തോമാസഭയിൽ ജനിച്ചുവളർന്ന എനിക്ക് ബാല്യത്തിൽതന്നെ പ്രാർത്ഥന, വേദപുസ്തക വായന, ദൈവാശ്രയം മുതലായ ഭക്തിജീവിതത്തിൽ ഒരു പരിശീലനമുണ്ടായിരുന്നു. ക്രിസ്തുവിനെ സ്നേഹിച്ച് ജീവിക്കണമെന്ന് ഒരാഗ്രഹം അക്കാലത്തുതന്നെ ഉണ്ടായിരുന്നു. ഒരു വിശ്വാസിയായ ദൈവപൈതലിനെ ഭർത്താവായി ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പക്ഷേ എനിക്കു കിട്ടിയത് നല്ല പള്ളിഭക്തിയും കുമ്പസാരവും കുർബാനാനുഭവവും ആചാരങ്ങളും അനുഷ്ഠാനങ്ങളും എല്ലാം ഉള്ള ഒരു ഓർത്തഡോക്സുകാരനെ ആയിരുന്നു. അദ്ദേഹത്തിന് പുകവലി, മദ്യപാനം മുതലായ ദുശ്ശീലങ്ങളുണ്ടായിരുന്നു.

എന്നും ഞങ്ങൾ തമ്മിൽ വഴക്കും പിണക്കവുമായിരുന്നു. ജീവിതം വേണ്ടാ എന്നുപോലും എനിക്കു തോന്നിയിട്ടുണ്ട്. അത്രയ്ക്ക് നിരാശ എന്നെ തളർത്തിയിരുന്നു. അനേകം പാപങ്ങൾ എന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. പന്ത്രണ്ടു വർഷം അങ്ങനെ കൊടിയ നിരാശയിൽ ഞാൻ വലഞ്ഞു.

പിന്നീട്, ഒരു സമാധാനം കിട്ടിയതെങ്ങനെയാണ്?

1979-ൽ എന്റെ ഭർത്താവ് സൗദി അറേബ്യയിൽ ഒരു ജോലി കിട്ടി അങ്ങോട്ടുപോയി. അവിടെയുള്ള ചില ദൈവമക്കളുമായി ബന്ധപ്പെട്ടു അദ്ദേഹം കർത്താവിനായി ജീവിതം സമർപ്പിച്ചു. അതോടുകൂടി ഞങ്ങളുടെ കുടുംബത്തിൽ വലിയോരു സമാധാനം കൈവന്നു. ജീവിതമാകെ സന്തോഷമായി. യേശു ഞങ്ങളുടെ കുടുംബത്തിന്റെ ചുമതലയേറ്റു. എന്തൊരു ഭാഗ്യം!

പിന്നീടുള്ള അനുഭവമെന്തായിരുന്നു?

1990-ൽ ഞങ്ങൾ അമേരിക്കയിലേക്ക് പോയി. അവിടെ ഒരു കൂട്ടായ്മയില്ലാതിരുന്നതുകൊണ്ട് വീണ്ടും പാപത്തിന്റെ പഴയ സ്വഭാവങ്ങളിലേക്ക് വഴുതിപ്പോയി. അങ്ങനെയിരിക്കെ ആറു വർഷം മുമ്പ് കോലഞ്ചേരിയിലുള്ള ഒരു ദൈവദാസൻ ന്യൂയോർക്കിൽ ജോലിചെയ്യുന്നുണ്ട് എന്നറിഞ്ഞ് അദ്ദേഹവു മായി ബന്ധപ്പെട്ടു. പ്രിയപ്പെട്ട ബേബി വറുഗീസ് ഒരുമിച്ച് ഞങ്ങൾ മൂന്നുനാലു കുടുംബങ്ങൾ പ്രാർത്ഥിക്കുവാൻ തുടങ്ങി. ബേബി വറുഗീസ് കോലഞ്ചേരി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോ ഷിപ്പിലെ ഒരു പ്രവർത്തകനായിരുന്നതുകൊണ്ട് ഞങ്ങൾക്കെല്ലാം സാറുമായി അടുക്കുവാനും കഴിഞ്ഞ മൂന്നുവർഷം സാറിനെ അമേരിക്കയിൽ തിരുവചനശുശ്രൂഷയ്ക്കായി കൊണ്ടുപോകു വാനും സാധിച്ചു.

ഇന്നത്തെ അനുഭവമെന്താണ്?

ഈ വചനം കേട്ടതോടെ എനിക്കു മനസ്സിലായി ഞാൻ ഒന്നുമായില്ല എന്ന്. ഒരു മാനസാന്തരംകൊണ്ടുമാത്രം ഒന്നുമാകു ന്നില്ല എന്നും ഹൃദയം ശുദ്ധമാകണം, ആളത്വം രൂപാന്തരപ്പെ ടണം എന്നും ഒരു പുതിയ കാഴ്ചപ്പാടു കിട്ടി. അടക്കുവാൻ കഴി യാതെ കോപിച്ചിരുന്ന എനിക്ക് വലിയോരു ശാന്തത കർത്താവു തന്നു. എന്നും മക്കളെ വഴക്കു പറയുകയും മുഷിച്ചിലും നീര സവും പിണക്കവും വെച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്ന എനിക്ക് വലിയോരു സമാധാനവും ക്ഷമയും സ്നേഹവും കർത്താവ് നൽകി. എന്റെ ഭർത്താവും മൂന്നു കുഞ്ഞുങ്ങളും ഇപ്പോൾ ഐശ്വര്യമായി ശാന്തിയോടും സന്തോഷത്തോടുംകൂടെ ജീവിക്കുന്നു. എന്റെ ഭർത്താവ് കൂട്ടായ്മയിൽ ദൈവത്തിന്റെ വചനം പറയുകയും കർത്താവിന്റെ വേല ചെയ്യുകയും ചെയ്യുന്നു. സാറു വന്ന് ആരംഭിച്ചതായ യുവാക്കളുടെ ഫെല്ലോ ഷിപ്പിന് എന്റെ മകൻ ഷാജി നേതൃത്വം കൊടുക്കുന്നു. ഞങ്ങ ളുടെ വീട്ടിൽവച്ച് സാറ് ആരംഭിച്ചതായ വനിതാസമാജവും വളരെ ഭംഗിയായി നടന്നുവരുന്നു.

നിങ്ങളോട് ദൈവം എനിക്കു ചെയ്ത നൻമകളെ നന്ദി യോടെ പ്രസ്താവിക്കാൻ ഇടയായതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.

സ്നേഹിതരേ, പ്രിയപ്പെട്ട അമ്മാമ്മയ്ക്ക് നന്ദി നിറഞ്ഞ ഹൃദയം കൊടുത്ത കർത്താവ് ഇതാ നിങ്ങളുടെ അരികത്ത് നില്ക്കുന്നുണ്ട്. നിങ്ങൾക്ക് ലഭിച്ച നൻമകൾ ഓർത്ത് ദൈവത്തെ സ്തുതിപ്പിൻ. കർത്താവിന്റെ രണ്ടാമത്തെ വരവിനായി വിശു ദ്ധരായി ഒരുങ്ങുവിൻ. ഒരു കൂട്ടം ജനത്തെ ഒരുക്കുവിൻ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

# അഞ്ച്

*''അവൻ ചെയ്ത അത്ഭുതങ്ങളും അരുളിച്ചെയ്ത അടയാളങ്ങളും വിധികളും ഓർത്തുകൊൾവിൻ.'' 1 ദിനവൃത്താന്തം 16:13*

*''അവൻ നിങ്ങൾക്ക് എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്നോർത്തുകൊൾവിൻ.'' 1 ശമൂവേൽ 12:24.*

ഓർത്തുകൊൾവിൻ. ദൈവം ചെയ്ത അത്ഭുതങ്ങളെ ഓർത്തുകൊൾവിൻ. ദൈവം അരുളിച്ചെയ്ത വിധികളും ഓർത്തുകൊൾവിൻ.

ഓർത്തുകൊൾവിൻ. ദൈവം നിങ്ങളുടെ ജീവിതത്തിൽ ചെയ്ത വൻ കാര്യങ്ങളെ ഓർത്തുകൊൾവിൻ.

ദാവീദ് തന്റെ കൂടെയുള്ളവരോടു ചേർന്ന് ദൈവത്തെ ആരാധിക്കുകയാണ്. ദൈവത്തിന്റെ പെട്ടകം കൊണ്ടുവന്നപ്പോഴുള്ള ദൈവസാന്നിദ്ധ്യം അനുഭവിച്ച് ആർപ്പോടും ആഘോഷത്തോടും കൂടി ദൈവത്തെ വാഴ്ത്തിപ്പാടുകയാണ്. ഉള്ളം സന്തോഷംകൊണ്ട് ത്രസിക്കുകയാണ്. ശുശ്രൂഷകൻമാർ വീണയും കിന്നരവും വായിച്ചു. ആസാഫ് കൈത്താളം കൊട്ടി. പുരോഹിതൻമാർ പെട്ടകത്തിന്റെ മുമ്പിൽ നിരന്തരം കാഹളം ഊതി.

ആർപ്പും ആഘോഷവും തിമിർപ്പും ആനന്ദവും അലതല്ലി പാടുകയാണ്:

''യഹോവയ്ക്ക് സ്തോത്രം ചെയ്ത് അവന്റെ നാമത്തെ ആരാധിപ്പിൻ. ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ

അറിയിപ്പിൻ; അവന്നു പാടി കീർത്തനം ചെയ്‌വിൻ; അവൻെറ അത്ഭുതങ്ങളെ ഒക്കെയും വർണ്ണിപ്പിൻ. അവൻെറ വിശുദ്ധ നാമത്തിൽ പുകഴുവിൻ; യഹോവയെ അന്വേഷിക്കുന്നവരുടെ ഹൃദയം സന്തോഷിക്കട്ടെ.... അവൻ ചെയ്ത അത്ഭുതങ്ങളും അരുളിച്ചെയ്ത അടയാളങ്ങളും വിധികളും ഓർത്തുകൊൾവിൻ. 1 ദിന. 16:5-13.

ദൈവത്തിൻെറ തിരുനിവാസമായ സാക്ഷ്യപെട്ടകം കൊണ്ടുവരാനിടയായതിനാലാണ് ദാവീദ് അത്യന്തം സന്തോഷി ച്ചത്. ഏലി എന്ന മഹാപുരോഹിതൻെറ കാലത്താണ് യിസ്രായേ ലിൽനിന്ന് മഹത്വം പൊയ്പോയത്. ദൈവ സാന്നിദ്ധ്യത്തിൻെറ പ്രതീകമായിരുന്ന പെട്ടകം ശത്രുക്കളായ ഫെലിസ്ത്യരുടെ കൈവശം ആയിപ്പോയി. ഏലിയുടെ മക്കളായ ഹൊഫ്നിയും ഫിനെഹാസും വിശുദ്ധിയില്ലാതെ പെട്ടകത്തെ അനുഗമിച്ച താണ് പെട്ടകം ശത്രുവിൻെറ കൈയിൽ ആയിപ്പോകുവാൻ കാരണം. അവർ സമാഗമന കൂടാരത്തിൻെറ വാതിൽക്കൽ സേവ ചെയ്യുന്ന സ്ത്രീകളുമായി ഏറ്റവും മ്ലേച്ഛമായ പാപം ചെയ്ത് സമാഗമന കൂടാരത്തെ അശുദ്ധമാക്കി. തിരുവചനം പറയുന്നത് ''ഏലിയുടെ പുത്രൻമാർ നീചൻമാരും യഹോവയെ ഓർക്കാത്ത വരും ആയിരുന്നു'' എന്നാണ്. 1 ശമൂവേൽ 2:12. ആ യൗവ നക്കാർ യഹോവയുടെ വഴിപാട് നിന്ദിച്ചതുകൊണ്ട് അവരുടെ പാപം യഹോവയുടെ സന്നിധിയിൽ ഏറ്റവും വലിയതായി രുന്നു. 1 ശമൂവേൽ 2:17.

അവർ ദൈവദൂഷണം പറയുന്നവരായിരുന്നു. 1 ശമു വേൽ 3:13. അതുകൊണ്ടാണ് ഫെലിസ്ത്യരോടുള്ള യുദ്ധത്തിൽ യിസ്രായേൽ തോറ്റത്. പെട്ടകം ശത്രുവിൻെറ കൈവശമായി പ്പോയി. മഹത്വം യിസ്രായേലിൽനിന്നു പൊയ്പ്പോയി. 1 ശമു വേൽ 4:21-22.

പ്രിയ സ്നേഹിതാ, നീ മൂലം നിന്നിൽനിന്നും നിൻെറ സഭ യിൽനിന്നും നിൻെറ കൂട്ടായ്മയിൽനിന്നും മഹത്വം പൊയ് പോയോ? നിൻെറ ഭവനത്തിൽ നിന്ന് ദൈവതേജസ്സ് നഷ്ടപ്പെട്ടി

രിക്കുന്നുവോ? നിൻെറ സഭയിൽ നിന്ന് ദൈവസാന്നിദ്ധ്യം നഷ്ട പ്പെട്ടിരിക്കയാണോ?

നഷ്ടപ്പെട്ടുപോയ മഹത്വം തിരികെ കിട്ടണമെന്ന് നിനക്ക് ആഗ്രഹമുണ്ടോ? നഷ്ടപ്പെട്ടുപോയ സാക്ഷ്യപെട്ടകം തിരികെ കൊണ്ടുവരാൻ സാധിക്കുമെന്ന് നീ വിശ്വസിക്കുന്നുണ്ടോ? എങ്കിൽ തിരുവചനം എന്തുപറയുന്നു എന്നു നോക്കാം?

''വിട്ടുപോരുവിൻ; വിട്ടുപോരുവിൻ; അവിടെനിന്നു പുറപ്പെട്ടു പോരുവിൻ; അശുദ്ധമായതൊന്നും തൊടരുത്; അതിൻെറ നടുവിൽനിന്ന് പുറപ്പെട്ടുപോരുവിൻ; യഹോവ യുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നേ നിർമ്മ ലീകരിപ്പിൻ.'' യെശയ്യാ 52:11.

ദൈവതേജസ്സ് ദൈവത്തിൻെറ ആലയത്തിലേക്ക് മടങ്ങി വരുന്നതിനെക്കുറിച്ച് യെഹസ്കേൽ കണ്ട ദർശനം തിരുവചന ത്തിലുണ്ട്:

''ദൈവത്തിൻെറ തേജസ്സ് കിഴക്കുവഴിയായി വന്നു. അതിൻെറ മുഴക്കം പെരുവെള്ളത്തിൻെറ ഇരെച്ചൽ പോലെ ആയിരുന്നു. ഭൂമി അവൻെറ തേജസ്സുകൊണ്ടു പ്രകാശിച്ചു.... യഹോവയുടെ തേജസ്സ് കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽ കൂടി ആലയത്തിലേക്ക് പ്രവേശിച്ചു.... യഹോവയുടെ തേജസ്സ് ആലയത്തെ നിറച്ചിരുന്നു.... ഇതാകുന്നു ആലയത്തെക്കുറി ച്ചുള്ള പ്രമാണം. പർവ്വതത്തിൻെറ മുകളിൽ അതിൻെറ അതിർ ത്തിക്കകമെല്ലാം അതിവിശുദ്ധമായിരിക്കേണം. അതേ, ഇതാ കുന്നു ആലയത്തെക്കുറിച്ചുള്ള പ്രമാണം.'' യെഹ. 43:2-12.

സ്നേഹിതാ, ആലയം അതിവിശുദ്ധമായിരിക്കേണം എന്ന താണ് ആലയത്തെക്കുറിച്ചുള്ള പ്രമാണം. നീ ആണ് ദൈവ ത്തിൻെറ ആലയം. നിൻെറ ഹൃദയം വിശുദ്ധമാണോ? എന്ന ന്നേക്കും ഈ ആലയം വിശുദ്ധമായിരിക്കും എന്ന ഒരു തീരു മാനം എടുക്കാൻ നിനക്ക് മനസ്സുണ്ടോ? നിൻെറ ഹൃദയത്തിലുള്ള അശുദ്ധവികാരങ്ങളും മ്ലേച്ഛമോഹങ്ങളും നീ ഉപേക്ഷിക്കു

ന്നുവോ? നിൻെറ ഉള്ളിലുള്ള പിണക്കവും മുഷിച്ചിലും നീരസവും കൈയ്പും കോപവും അമർഷവും പ്രതികാര ചിന്തയും പകയും എന്നന്നേക്കുമായി വിട്ടുകളയുവാൻ നിനക്കു മനസ്സുണ്ടോ?

എങ്കിൽ ദൈവത്തിൻെറ പെട്ടകം തിരികെ കൊണ്ടുവരാൻ നിനക്കു കഴിയും. ശത്രുവിൻെറ അവകാശത്തിലിരിക്കുന്ന പെട്ടകം വീണ്ടും തിരികെ ലഭിക്കും. ഇനിയും നിനക്ക് സ്തുതിയും ആനന്ദവും ലഭിക്കും. ''നീതിമാൻമാരുടെ കൂടാര ങ്ങളിൽ ഉല്ലാസത്തിൻെറയും ജയത്തിൻെറയും ഘോഷമു ണ്ടല്ലോ.'' സങ്കീ. 118:15.

ദൈവത്തിൻെറ തേജസ്സു മടക്കിലഭിച്ച ഒരു ഭാഗ്യവാനാണ് കുന്നയ്ക്കാൽ പട്ടിളാക്കുഴിയിൽ ശ്രീ. ഫിലിപ്പ് മാത്യു. കേരള വാട്ടർ അതോറിട്ടിയിൽ ജോലിചെയ്ത് ഇപ്പോൾ ദൈവ വേലയിൽ മുഴുകിയിരിക്കുന്ന ഒരു ദൈവദാസനാണ് ശ്രീ. ഫിലിപ്പ് മാത്യു. അദ്ദേഹത്തിൻെറ അനുഭവങ്ങൾ ഇപ്പോൾ ശ്രദ്ധിക്കാം.

**ജീവിതത്തിൻെറ ആദ്യകാലാനുഭവങ്ങൾ ഒന്നു വിവരി ക്കാമോ?**

എൻെറ അപ്പൻ ഭക്തനായ ഒരു ദൈവവിശ്വാസിയായി രുന്നു. ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീക രിച്ച് ഒരു വിശുദ്ധജീവിതം നയിച്ച ഒരു ദൈവപുരുഷൻെറ മക നായി ജനിക്കാനിടയായത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. യാക്കോബായ സഭയിലെ കക്ഷിവഴക്കുകളിലൊന്നും ഉൾപ്പെ ടാതെ സുവിശേഷത്തിനുവേണ്ടി മാത്രം നിന്ന അപ്പൻ എല്ലാറ്റി നേയുംകാൾ വലിയ സ്ഥാനം യേശുക്രിസ്തുവിനാണ് കൊടുത്തി രുന്നത്. അപ്പൻ പറഞ്ഞുതന്നിരുന്നു: ''ലോകമക്കളും ദൈവമ ക്കളും - അങ്ങനെ രണ്ടുതരം മനുഷ്യരുണ്ട്. നാം ദൈവത്തിൻെറ മക്കളാണ്. കളിയായിട്ടുപോലും ഒരു നുണ പറയരുത്. പുക വലി, മദ്യപാനം തുടങ്ങിയ യാതൊരു ദുശ്ശീലവും നമുക്ക്

പാടില്ല.'' എന്നിങ്ങനെ എത്ര ശ്രേഷ്ഠമായ ഉപദേശങ്ങൾ കേട്ടാണ് ഞാൻ വളർന്നത്!

സഭയിലെ ദുരാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും അപ്പൻ നിശ്ശേഷം വെറുത്തിരുന്നു. മാനസാന്തരപ്പെട്ട് വിശുദ്ധ ജീവിതം നയിക്കണമെന്ന ലാക്കോടെ അപ്പൻ ദൈവവേല ചെയ്തിരുന്നു. അയൽപക്കത്തെ വീടുകളിലെങ്ങും കാണാത്ത ഒരു സന്തോഷവും സമാധാനവും സ്നേഹവും ഞങ്ങളുടെ വീട്ടി ലുണ്ടായിരുന്നു. മറ്റു കുട്ടികളെപ്പോലെയല്ല, ഞാൻ ഒരു ദൈവ പൈതലാണ് എന്ന ചിന്ത എന്നെ ഭരിച്ചിരുന്നു. പ്രകടമായ ഒരു കുറ്റവും എന്നിലുണ്ടാവുകയില്ല എന്ന ഒരു ദൃഢപ്രതിജ്ഞ ഞാൻ സ്വന്തമായി എടുത്തിരുന്നു. അനുഗ്രഹിക്കപ്പെട്ട അനേകം സുവിശേഷകൻമാർ എന്റെ വീട്ടിൽ വന്ന് താമസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ അനുഗ്രഹങ്ങ ളെല്ലാം ഞാൻ നഷ്ടപ്പെടുത്തിയെന്ന ഒരു ദുഃഖസത്യം ഇന്ന് ഞാൻ വേദനയോടെ ഓർക്കുന്നു.

അതെങ്ങനെയാണ്?

യൗവനമായി, സർക്കാർ ജോലിയായി. അറിയാതെ പാപം എന്റെ ജീവിത്തിലേക്ക് കടന്നുവന്നു. ലോകമോഹങ്ങൾ എന്നെ വശീകരിച്ചു. ധാരാളം കൈക്കൂലി വാങ്ങാൻ പറ്റിയ സാഹചര്യ മായിരുന്നതിനാൽ ഞാൻ ചിലരോടെല്ലാം കൈക്കൂലി വാങ്ങി. ഓഫീസിലെ ചില സാധനങ്ങൾ ഞാൻ മോഷ്ടിച്ച് വീട്ടിൽ കൊണ്ടുവരാൻ തുടങ്ങി. ചെറിയ ചെറിയ മോഷണങ്ങളായി രുന്നു എങ്കിലും ഒന്നിനും കുറവില്ലാതെ സമൃദ്ധിയിലും സുഭി ക്ഷതയിലും വളർന്നുവന്ന എനിക്ക് എന്തുകൊണ്ട് അങ്ങനെ തോന്നി എന്നത് ഇന്ന് ഒരത്ഭുതമാണ്. ഈ പാപങ്ങളെല്ലാം എന്നി ലുള്ളപ്പോഴും ഞാൻ സണ്ടെസ്കൂൾ ഹെഡ്മാസ്റ്ററും പള്ളിയിലെ സെക്രട്ടറിയുമെല്ലാമായിരുന്നു. എന്റെ ഉള്ളിൽ ഉണ്ടായിരുന്ന ദൈവതേജസ്സ് നഷ്ടപ്പെട്ട് ഞാൻ പിശാചിന്റെ ഒരു കളിപ്പാവയാ യിത്തീർന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

എൻെറ അപ്പൻ പോകുന്ന കൂട്ടായ്മയിൽ എനിക്കും ഒന്ന് പോകണമെന്ന് താല്പര്യമുണ്ടായി. അങ്ങനെയാണ് ഞാൻ സാറിൻെറ വീട്ടിൽ നടക്കുന്ന പ്രാർത്ഥനായോഗത്തിന് വന്നത്. അന്നു കേട്ട വചനം ''നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ?'' എന്ന തിരുവചനഭാഗത്തെ ആസ്പദമാക്കിയായിരുന്നു. ഇതെന്നോടുള്ള ദൈവത്തിൻെറ ചോദ്യം എന്നെനിക്കു തോന്നി. ക്രിസ്തു എന്ന ദിവ്യപുരുഷനോടുകൂടെ ഞാൻ പോകുന്നു എന്ന് അവിടെവെച്ച് ഞാൻ തീരുമാനിച്ച് എൻെറ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചു.

അപ്പോഴുണ്ടായ അനുഭവമെന്താണ്?

ഒരു വലിയ സന്തോഷം എൻെറ ഉള്ളിൽ നിറഞ്ഞു. റിബേക്കാ ഏലിയാസാറിൻെറ കൂടെ പോയതുപോലെ എത്ര ചുട്ടുപഴുത്ത മണലാരണ്യമാണെങ്കിലും എൻെറ അരുമ മണവാളനായ ക്രിസ്തുവിൻെറ അടുത്തെത്തിയേ ഞാൻ അടങ്ങൂ എന്ന് ഞാൻ ഹൃദയത്തിൽ നിശ്ചയിച്ചു.

ഈ തീരുമാനം വന്നതിനുശേഷമുള്ള ജീവിതം എങ്ങനെയായിരുന്നു?

ഞാൻ കളവായി എടുത്തതെല്ലാം ലജ്ജയോടെയാണെങ്കിലും തിരികെ കൊടുത്തു. അന്യൻെറ പണം എൻെറ കൈവശം വയ്ക്കുകയില്ലെന്ന് തീരുമാനിച്ച് കൈക്കൂലി എന്നെന്നേക്കുമായി ജീവിതത്തിൽ നിന്നു മാറ്റി. യേശു നടന്നതുപോലെ എനിക്കും നടക്കണമെന്നും ക്രിസ്തു എന്ന തലയോളം വളരണമെന്നും തീരുമാനമെടുത്തു. അതോടുകൂടി പിശാച് എന്നെ കെട്ടിയിരുന്ന അവസാനത്തെ കയറും പൊട്ടി. അതുവരെ മുരടിച്ച ഒരു വൃക്ഷം പോലെയായിരുന്ന ഞാൻ തഴച്ചുവളരുന്നത് ഞാനനുഭവിച്ചു. തിരുവചനം വായിക്കുമ്പോൾ ഒരു പ്രത്യേക മധുരവും സുഖവും എനിക്ക് അനുഭവമായി.

എന്നാൽ അതോടൊപ്പം ഭൗതികമായി ചില പ്രതിസന്ധികൾ ഞങ്ങൾ കുടുംബമായി നേരിടേണ്ടിവന്നു. കൂട്ടായ്മ

യിലെ ചില ദൈവദാസൻമാരോട് ആ കാര്യങ്ങൾ തുറന്നുപറയുവാനും ഞാനും ഭാര്യയും യേശുവിൻെറ കാൽക്കൽ വീണു കിടന്ന് കരയുവാനും അതോടെ ആ പ്രതിസന്ധികൾ മാറിപ്പോകുവാനും ഇടയായി. ഇന്ന് ഞങ്ങൾ കുടുംബമായി കർത്താവിൻെറ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള പ്രത്യാശയോടെ നഷ്ടപ്പെട്ട തേജസ്സു തിരികെ കിട്ടിയ ഭാഗ്യാനുഭവത്തിൽ ദൈവത്തെ നന്ദിയോടെ സ്തുതിച്ചു കഴിയുന്നു.

ദൈവം ചെയ്ത അത്ഭുതങ്ങളെ ഓർത്തുകൊൾവിൻ. ദൈവം കാണിച്ചുതന്ന അടയാളങ്ങളെ ഓർത്തുകൊൾവിൻ.

നഷ്ടപ്പെട്ടുപോയ തേജസ്സ് തിരിച്ചുതരുന്നതാണ് ദൈവം ചെയ്ത അത്ഭുതം. മഹത്വം പൊയ്പോയ യിസ്രായേലിന് മഹത്വം തിരികെ കൊടുത്തതാണ് ദൈവം ചെയ്ത അത്ഭുതം. ശത്രുവിൻെറ കൈവശമായിപ്പോയ പെട്ടകം തിരികെ കൊണ്ടുവരാനിടയായതാണ് ദൈവം ചെയ്ത അത്ഭുതം.

ഒരു റെയിൽവെ സ്റ്റേഷനിൽ ട്രെയിനുകൾ വന്നും പോയും കൊണ്ടിരിക്കുകയായിരുന്നു. ഒരു റെയിൽവെ പാളത്തിൽ ട്രെയിൻ ഷണ്ടു ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ട്രെയിൻ പുറകോട്ട് എടുത്തുകൊണ്ടിരിക്കുകയായിരുന്നു. സിഗ്നൽ കൊടുക്കുന്ന ആൾ പച്ചക്കൊടിയും ചുവന്ന കൊടിയും കൈയിൽ പിടിച്ചുകൊണ്ട് ട്രെയിൻ ഡ്രൈവറെ സഹായിക്കുന്നുണ്ടായിരുന്നു.

പെട്ടെന്നാണ് ഒരത്യാഹിതം സംഭവിച്ചത്. പിറകിൽ കിടന്നിരുന്ന ഒരു ഗുഡ്സ് ട്രെയിനിൽ ഈ ട്രെയിൻ ചെന്നിടിച്ചു. നിറുത്താനുള്ള സിഗ്നൽ കാണിക്കാത്തതുകൊണ്ടാണ് നിറുത്താതിരുന്നതും ഗുഡ്സ് ട്രെയിനിൽ ചെന്നിടിച്ചതും എന്ന് ഡ്രൈവർ വാദിച്ചു. പക്ഷേ, സിഗ്നൽ കൊടുത്തുകൊണ്ടിരുന്ന ആൾ പറഞ്ഞു, ഞാൻ ശരിയായും ചുവന്നകൊടി ഉയർത്തികാട്ടിയിരുന്നു എന്ന്. അത് ചുവന്ന കൊടിയായിരുന്നില്ല എന്ന് ഡ്രൈവർ തർക്കിച്ചു. കൊടികൊണ്ടുവന്ന് നോക്കിയപ്പോഴല്ലേ മനസ്സിലാകുന്നത് ആ കൊടിയുടെ ചുവപ്പ് മാഞ്ഞുപോയി

രുന്നു. കാലപ്പഴക്കം കൊണ്ട് ചുവപ്പു മാറി ഒരു നരച്ചനിറമായിരുന്നു. തൻമൂലമാണ് അപകടം പിണഞ്ഞത്.

ഇതുപോലെയാണ് അനേകം വിശ്വാസികളും. കാലപ്പഴക്കം കൊണ്ട് നിറം മങ്ങി, തേജസ്സ് നഷ്ടപ്പെട്ടു, മഹത്വം പൊയ്പ്പോയി. തിരുനിവാസമാകുന്ന പെട്ടകം നഷ്ടപ്പെട്ടു. ഈ പെട്ടകം തിരികെ കൊണ്ടുവരാൻ കഴിയുന്നത് ഒരു മഹാത്ഭുതമാണ്. നഷ്ടപ്പെട്ടു പോയ പറുദീസ തിരികെ കിട്ടുന്ന അനുഭവം. ഉല്പത്തിപ്പുസ്തകത്തിൽ ഏങ്ങലടിച്ചുകൊണ്ട് ഏദൻതോട്ടത്തിൽനിന്ന് ഇറങ്ങിപ്പോയ മനുഷ്യൻ വെളിപ്പാടുപുസ്തകത്തിൽ ഏദൻതോട്ടത്തിലേക്ക് തേജസ്സോടെ കയറിവരുന്ന അനുഭവം.

പ്രിയ സ്നേഹിതാ, ഈ അത്ഭുതം നിൻെറ ജീവിതത്തിൽ സംഭവിക്കണമെന്ന് നീ കൊതിക്കുന്നുവോ? പെട്ടകം തിരികെ കൊണ്ടുവരാൻ അദ്ധ്വാനിച്ചു പുതിയ മഹത്വത്തിലേക്കെത്തുന്ന അനുഭവത്തിനു വേണ്ടി നീ ദാഹിക്കുന്നുവോ? എങ്കിൽ ഇപ്പോൾ നിൻെറ അരികത്തുനിൽക്കുന്ന ക്രിസ്തുവിനോടു പറയുമോ? നാഥാ, ഇന്നു മുതൽ ഞാൻ നിൻെറ വക. യേശുവേ, നഷ്ടപ്പെട്ടതെല്ലാം തിരികെ തരുന്ന യേശുവേ, നഷ്ടപ്പെട്ടതെല്ലാം തിരികെ തരുന്ന അത്ഭുതം പ്രാപിക്കാൻ എനിക്കു ഭാഗ്യം നൽകണമേ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

# ആറ്

*''അവൻ ചെയ്ത അത്ഭുതങ്ങളും അരുളിച്ചെയ്ത അടയാളങ്ങളും വിധികളും ഓർത്തുകൊൾവിൻ.'' 1 ദിനവൃത്താന്തം 16:13*

*''അവൻ നിങ്ങൾക്ക് എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്നോർത്തുകൊൾവിൻ.'' 1 ശമൂവേൽ 12:24.*

ദാവീദ് ആനന്ദിച്ച് ആർത്തുപാടുകയാണ്. നന്ദിമുറ്റിയ ഹൃദയത്തോടെ ദൈവത്തിന് സ്തോത്രഗീതം പാടുകയാണ്. പെട്ടകം തിരികെ കൊണ്ടുവന്നിരിക്കുന്നു. നഷ്ടപ്പെട്ടുപോയിരുന്ന പെട്ടകം തിരികെ കൊണ്ടുവന്നിരിക്കുന്നു. നാളുകളായി മറ്റൊരിടത്ത് ഇരുന്നുപോയ തിരുനിവാസം തിരികെ കൊണ്ടുവന്നിരിക്കുന്നു.

യിസ്രായേൽക്കാരും ഫെലിസ്ത്യരും തമ്മിലുള്ള യുദ്ധത്തിൽവെച്ചാണ് യിസ്രായേലിൻെറ മഹത്വം പൊയ്പോയതും പെട്ടകം ശത്രുവിൻെറ കൈവശമായതും. യഹോവയുടെ പെട്ടകം ഏഴു മാസം ഫെലിസ്ത്യദേശത്ത് ആയിരുന്നു. പെട്ടകം വേണ്ടതുപോലെ സൂക്ഷിക്കാതിരുന്നതുകൊണ്ട് പെട്ടകം മൂലം ഫെലിസ്ത്യർ പല രോഗങ്ങളും ക്ലേശങ്ങളും വഹിക്കേണ്ടിവന്നു. അതുകൊണ്ട് അവർ പെട്ടകം ഒരു പുതിയ വണ്ടിയിൽ കയറ്റി, നുകം വെച്ചിട്ടില്ലാത്ത കറവുള്ള രണ്ടു പശുക്കളെകൊണ്ടുവന്ന് വണ്ടിക്ക് കെട്ടി അവയുടെ കിടാക്കളെ വീട്ടിൽ ഇട്ട് അടച്ചു. ആ പശുക്കൾ കരഞ്ഞുകൊണ്ട് വലത്തോട്ടോ ഇടത്തോട്ടോ മാറാതെ പെരുവഴിയിൽകൂടി തന്നേ പോയി. യിസ്രായേലിൻെറ അതിർത്തിയിൽ എത്തി. യിസ്രായേല്യർ അത്യന്തം സന്തോഷിച്ചു.

അവിടെ നിന്ന് പെട്ടകം അബീനാദാബിൻെറ വീട്ടിൽ കൊണ്ടുപോയി. അവിടെ ഇരുപതു സംവത്സരം പെട്ടകം ഇരുന്നു.

അബീനാദാബിൻെറ വീട്ടിൽനിന്ന് പെട്ടകം രാജനഗരത്തി ലേക്ക് കൊണ്ടുവരുവാൻ ദാവീദ് പുറപ്പെട്ടു. ദാവീദ് ഒരു പുതിയ വണ്ടിയിൽ പെട്ടകം കയറ്റി അവിടെ നിന്ന് കൊണ്ടുവരി കയായിരുന്നു. അബീനാദാബിൻെറ പുത്രൻമാരായ ഉസ്സയും അഹ്യോവും വണ്ടിതെളിച്ചു. വണ്ടി തെളിക്കുന്ന കാള വിരണ്ടതു കൊണ്ട് ഉസ്സ കൈ നീട്ടി പെട്ടകം പിടിച്ചു.

ഉടനെ ദൈവത്തിൻെറ കോപം ജ്വലിച്ചു. ഉസ്സയെ സംഹ രിച്ചു. സംഖ്യാപുസ്തകം ഒന്നാം അദ്ധ്യായം അമ്പതു മുതലുള്ള വാക്യങ്ങളിൽ പെട്ടകം ലേവ്യർ ചുമക്കേണ്ടതാണെന്ന് പറഞ്ഞി ട്ടുണ്ട്.

''ലേവ്യരെ സാക്ഷ്യനിവാസത്തിനും അതിൻെറ ഉപകരണ ങ്ങൾക്കും വസ്തുക്കൾക്കും ഒക്കെ വിചാരകൻമാരായി നിയമി ക്കണം; അവർ തിരുനിവാസവും അതിൻെറ ഉപകരണങ്ങളൊ ക്കെയും വഹിക്കേണം; അവർ അതിന്നു ശുശ്രൂഷ ചെയ്യുകയും തിരുനിവാസത്തിൻെറ ചുറ്റും പാളയമടിച്ചു പാർക്കുകയും വേണം. തിരുനിവാസം പുറപ്പെടുമ്പോൾ ലേവ്യർ അത് അഴിച്ചെ ടുക്കേണം. തിരുനിവാസം അടിക്കുമ്പോൾ ലേവ്യർ അത് നിവിർത്തേണം; ഒരന്യൻ അടുത്തുവന്നാൽ മരണശിക്ഷ അനുഭ വിക്കേണം.'' സംഖ്യാ. 1:50-51.

''അക്കാലത്ത് യഹോവ ലേവിഗോത്രത്തെ യഹോവയുടെ നിയമപേടകം ചുമപ്പാനും ഇന്നുവരെ നടന്നുവരുന്നതുപോലെ യഹോവയുടെ സന്നിധിയിൽ നിന്നു ശുശ്രൂഷചെയ്‌വാനും അവൻെറ നാമത്തിൽ അനുഗ്രഹിപ്പാനും വേർതിരിച്ചു.'' ആവർത്തനം 10:8.

ഈ തിരുവചനപ്രമാണങ്ങൾ അനുസരിച്ചുനോക്കിയാൽ മനസ്സിലാകും, പെട്ടകം വണ്ടിയിൽ കൊണ്ടുവന്നതും ഉസ്സ പെട്ട

കത്തെ തൊട്ടതും തെറ്റായിപ്പോയി. അതുകൊണ്ടാണ് ഉസ്സ ഛേദി ക്കപ്പെട്ടത്.

''അന്ന് ദാവീദ് യഹോവയെ ഭയപ്പെട്ടുപോയി.'' 2 ശമൂവേൽ 6:9.

യഹോവയുടെ പെട്ടകം എൻെറ അടുക്കൽ എങ്ങനെ കൊണ്ടുവരേണ്ടു എന്ന് ദാവീദു പറഞ്ഞു. 6:9. ദാവീദ് പെട്ടകം ഗിത്യനായ ഓബേദ്-എദോമിൻെറ വീട്ടിൽ കൊണ്ടുപോയി വെച്ചു. പെട്ടകം മൂന്നു മാസം അവിടെ ഇരുന്നു. പെട്ടകം അവിടെ ഇരുന്നതുകൊണ്ട് ഓബേദ്-എദോമും കുടുംബവും അനുഗ്രഹിക്കപ്പെട്ടു.

സ്നേഹിതരേ, ഈ തിരുനിവാസം നമ്മുടെ ഹൃദയത്തിൽ സ്ഥാപിച്ചാൽ നാം അനുഗ്രഹിക്കപ്പെടും. ക്രിസ്തുവിന് നമ്മുടെ ഹൃദയത്തിൽ സ്ഥാനം നല്കിയാൽ നാം ഭാഗ്യശാലികളാകും. നാം എല്ലാറ്റിലും അനുഗ്രഹിക്കപ്പെടും. നമ്മുടെ ഭവനം സമാധാന പൂർണ്ണമാകും; നമ്മുടെ ഭാവികാല തലമുറകൾ അനുഗ്രഹിക്ക പ്പെടും. പെട്ടകം നിമിത്തം ഓബേദ്-എദോമിൻെറ കുടുംബം അനുഗ്രഹിക്കപ്പെട്ടതുപോലെ നാം കുടുംബമായി അനുഗ്രഹിക്ക പ്പെടും. അവനുള്ള സകലവും അനുഗ്രഹിക്കപ്പെട്ടതുപോലെ നമുക്കുള്ള സകലവും അനുഗ്രഹിക്കപ്പെടും.

ഉസ്സാ ഛേദിക്കപ്പെടുവാൻ കാരണമെന്തെന്ന് ദാവീദ് അന്വേഷിച്ചു. ദാവീദ് തിരുവചനത്തിൽ നോക്കി. അപ്പോൾ മനസ്സിലായി ദൈവത്തിൻെറ പെട്ടകം ലേവ്യർ ചുമക്കേണ്ടതാ ണെന്ന്.

ദാവീദ് ''ദൈവത്തിൻെറ പെട്ടകത്തിന്നായി ഒരു സ്ഥലം ഒരുക്കി, അതിന്നു ഒരു കൂടാരവും അടിച്ചു. അന്ന് ദാവീദ്: ലേവ്യ രല്ലാതെ ആരും ദൈവത്തിൻെറ പെട്ടകം ചുമക്കേണ്ടതല്ല; അവരെ യല്ലോ ദൈവത്തിൻെറ പെട്ടകം ചുമപ്പാനും തനിക്കു എന്നും ശുശ്രൂഷ ചെയ്‌വാനും യഹോവ തെരഞ്ഞെടുത്തിരിക്കുന്നത് എന്നു പറഞ്ഞു.'' 1 ദിന. 15:1-2.

ദാവീദ് ലേവ്യരെ വിളിച്ച് അവരോടു പറഞ്ഞു:

“നിങ്ങൾ ലേവ്യരുടെ പിതൃഭവനങ്ങളിൽ തലവൻമാരല്ലോ; നിങ്ങളും നിങ്ങളുടെ സഹോദരൻമാരും യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം ഞാൻ അതിന്നു ഒരുക്കിയിരിക്കുന്ന സ്ഥലത്തു കൊണ്ടുവരുവാൻ നിങ്ങളെത്തന്നേ ശുദ്ധീകരിച്ചുകൊൾവിൻ. ആദിയിൽ നിങ്ങൾതന്നേ അതു ചെയ്യായ്ക കൊണ്ടു നമ്മുടെ ദൈവമായ യഹോവ നമുക്കു ഛേദം ഉണ്ടാക്കി; നാം അവനെ നിയമപ്രകാരമല്ലല്ലോ അന്വേഷിച്ചത്. അങ്ങനെ പുരോഹിതൻമാരും ലേവ്യരും യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം കൊണ്ടുവരുവാൻ തങ്ങളെത്തന്നെ ശുദ്ധീകരിച്ചു. ലേവ്യരുടെ പുത്രൻമാർ യഹോവയുടെ വചനപ്രകാരം മോശ കല്പിച്ചതുപോലെ ദൈവത്തിന്റെ പെട്ടകത്തെ അതിന്റെ തണ്ടുകൾ തങ്ങളുടെ ചുമലിൽ കൊണ്ടു ചുമന്നു.” 1 ദിന. 15:12-15.

പരിപാവനമായ പെട്ടകം രാജനഗരത്തിലേക്ക് കൊണ്ടുവന്നു. ആഘോഷത്തിമിർപ്പോടും ആനന്ദധ്വനിയോടും സ്തോത്രനാദത്തോടും കൂടെ കൊണ്ടുവന്നു. ദാവീദു പാടി:

“ദൈവം ചെയ്ത അത്ഭുതങ്ങളും അരുളിച്ചെയ്ത അടയാളങ്ങളും വിധികളും ഓർത്തുകൊൾവിൻ.” 16:13.

പ്രിയസഹോദരാ, മാന്യസഹോദരീ, നിത്യപെട്ടകമായ ക്രിസ്തുവിനെ നീ ആദരവോടെ നിന്റെ ഹൃദയത്തിലേക്ക് എതിരേറ്റിട്ടുണ്ടോ? ക്രിസ്തുവിന് വസിപ്പാൻ നിന്റെ ഹൃദയം നീ തുറന്നിട്ടുണ്ടോ? ക്രിസ്തു നിന്റെ ഹൃദയത്തിൽ വരുന്നതാണ് ഏറ്റവും വലിയ അത്ഭുതമെന്ന് നീ അറിയുന്നുണ്ടോ? അണ്ഡകടാഹത്തിന്റെ സ്രഷ്ടാവും ഉടയവനും നിയന്താവുമായവൻ അല്പപ്രാണിയായ മനുഷ്യന്റെ ചങ്കിനുള്ളിലേക്ക് എഴുന്നള്ളുന്നതാണ് ഏറ്റവും വലിയ അത്ഭുതമെന്ന് നീ ഗ്രഹിക്കുന്നുണ്ടോ?

ക്രിസ്തുവിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുന്നതിന്റെ മഹാത്ഭുതം അനുഭവിച്ച ഒരാളാണ് ഇപ്പോൾ കോലഞ്ചേരി

മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ഗൈനക്കോളജി വിഭാഗത്തിൽ കൺസൽട്ടൻറായി സേവനമനുഷ്ഠിക്കുന്ന ഡോ. മേരി ജോർജ്ജ്.

ഡോ. മേരിയുടെ ജീവിതത്തിൽ ഈ മഹാത്ഭുതം ലഭിച്ചതെങ്ങനെയെന്ന് ഡോ. മേരിതന്നെ വിശദീകരിക്കട്ടെ.

ഡോ. മേരിയുടെ ജീവിതത്തിൽ ക്രിസ്തുവിനെ ലഭിക്കാനിടയായ സാഹചര്യങ്ങളെന്തെല്ലാമായിരുന്നു എന്ന് ഒന്ന് വിശദീകരിക്കാമോ?

ഞാൻ ഓർത്തഡോക്സ് സഭയിലെ ഒരു കുടുംബത്തിലാണ് ജനിച്ചുവളർന്നത്. എൻെറ മാതാപിതാക്കൾ വീണ്ടും ജനനാനുഭവമുള്ളവരായിരുന്നു. നോമ്പ്, നമസ്ക്കാരം, പള്ളിയാരാധന, സണ്ടെസ്കൂൾപഠനം എന്നിങ്ങനെ സഭയുടെ എല്ലാ ആചാരാനുഷ്ഠാനങ്ങളിലും നല്ല നിഷ്ഠയുള്ളവരായിരുന്നു എൻെറ മാതാപിതാക്കൾ. വളരെ ചിട്ടയോടും അച്ചടക്കത്തോടുംകൂടി എന്നെ വളർത്തിയതുകൊണ്ട് പ്രവൃത്തിയിലുള്ള ഒരു പാപത്തിലേക്കും പോകുവാനെനിക്കിടയായില്ല.

എന്നാൽ യൗവനാരംഭത്തോടുകൂടി എൻെറ ഉള്ളിൽ വളരെ അശുദ്ധമായ ചിന്തകളും വികാരങ്ങളും മോഹങ്ങളും ഉണ്ടായി. തൃശ്ശൂർ സെ. മേരീസ്, വിമല കോളേജുകളിലായിരുന്നു എൻെറ പ്രീഡിഗ്രി, ബി.എസ്.സി. വിദ്യാഭ്യാസം കഴിച്ചത്. അവിടെയും നല്ല അച്ചടക്കമുള്ള സാഹചര്യമായതുകൊണ്ട് തിൻമയിലേക്കൊന്നും ഞാൻ പോയില്ല.

എം.ബി.ബി.എസിന് ഞാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് പഠിച്ചത്. അവിടെയും അരുതാത്ത വഴികളിലേക്കൊന്നും തിരിയാതെ വളരെ സൂക്ഷ്മതയോടെ ജീവിക്കാൻ കർത്താവെനിക്ക് കൃപ തന്നു. പക്ഷേ, എന്നെ എല്ലാവരും സ്നേഹിക്കണം, അംഗീകരിക്കണം, ആദരിക്കണം, എൻെറ അഭിപ്രായം മറ്റുള്ളവർ സ്വീകരിക്കണം, മറ്റുള്ളവരുടെ മുമ്പിൽ വിളങ്ങണം എന്നിങ്ങനെയുള്ള താല്പര്യങ്ങൾ എന്നെ ഭരിച്ചുകൊണ്ടി

രുന്നു. അനേകം നോവലുകളും അഴുക്കുപുസ്തകങ്ങളും പൈങ്കിളിക്കഥകളും വായിച്ച് ഞാൻ രസിച്ചിരുന്നു.

ഒരു മാനസാന്തരത്തിലേക്ക് വന്നതെങ്ങനെയാണ്?

സാറ് എന്നെ സണ്ടെസ്കൂളിൽ ഒൻപത്, പത്ത് ക്ലാസുകളിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾത്തന്നെ ക്രിസ്തുവിനുവേണ്ടി ജീവിക്കണമെന്ന ഒരാഗ്രഹം എൻെറ ഹൃദയത്തിലുളവായിരുന്നു. എന്നാൽ 1973-ൽ കോലഞ്ചേരി, വലമ്പൂർ പ്രദേശങ്ങളിൽ ശക്തമായ ഒരു ആത്മീയ ഉണർവ്വുണ്ടായപ്പോൾ എൻെറ അപ്പച്ചനും മറ്റും അതിൻെറ മുൻപന്തിയിലുണ്ടായിരുന്നു. അന്നത്തെ ആത്മീയ ഉണർവ്വിൻെറ വചനശുശ്രൂഷകൾ എന്നെ നല്ലതുപോലെ സ്പർശിച്ചു. എനിക്ക് ആഴമായ പാപബോധവും കുറ്റബോധവുമുണ്ടായി. ഞാൻ ജീവിതമാകെ ക്രിസ്തുവിൻെറ പാദത്തിൽ സമർപ്പിച്ചു.

സമർപ്പണത്തിനുശേഷമുള്ള അനുഭവമെന്തായിരുന്നു?

ഒരു വലിയ സമാധാനവും സന്തോഷവും എനിക്ക് ലഭിച്ചു. ആത്മീയ ലഹരിയിൽ ഞാൻ ആർത്തു സന്തോഷിച്ചു. പക്ഷേ അത് അധികം നാൾ നിന്നില്ല. വളരെ അശുദ്ധമായ ചിന്തകളും മോഹങ്ങളുംകൊണ്ട് ഞാൻ വലഞ്ഞു. എൻെറ ചിന്താമണ്ഡലം മുഴുവൻ അഴുക്കു വിചാരവികാരങ്ങൾ നിറഞ്ഞിരുന്നു. ക്രിസ്തീയജീവിതം ഒരു വലിയ ചുമടായി തോന്നി. ദൈവം എൻെറ അശുദ്ധി മാറ്റാത്തതെന്താണെന്നുപോലും ഞാൻ ചോദ്യം ചെയ്തു. എൻെറ മരണത്തെക്കുറിച്ചും കർത്താവിൻെറ രണ്ടാമത്തെ എഴുന്നള്ളത്തിനെക്കുറിച്ചും ഓർക്കുന്നതുതന്നെ എനിക്ക് ഭയമായിരുന്നു. എൻെറ ഹൃദയം നിരാശകൊണ്ടും ഭയംകൊണ്ടും നിറഞ്ഞു.

ഈ നിരാശയെല്ലാം മാറിയതെങ്ങനെയാണ്?

എപ്പോഴോ ഒരവസരത്തിൽ ദൈവം സ്നേഹമാണ് എന്നും ദൈവം എന്നെ വ്യക്തിപരമായി സ്നേഹിക്കുന്നു എന്നും

ദൈവത്തിന് അസാദ്ധ്യമായതൊന്നുമില്ല എന്നും എൻെറ ഹൃദയത്തിൽ ഒരു സുബോധം കടന്നുവന്നു. എൻെറ സ്വന്തപരി ശ്രമത്താൽ എൻെറ ആളത്വം മാറുകയില്ലെന്നും യേശുക്രിസ്തു എന്നിൽ വസിക്കുമ്പോൾ എനിക്ക് അസാദ്ധ്യമായ ജയജീവിതം ക്രിസ്തു എനിക്കു നൽകുമെന്നും എനിക്ക് മനസ്സിലായി. ദൈവം എന്നെ സ്നേഹിക്കുന്നതുകൊണ്ടാണ് എൻെറ പാപങ്ങ ളോട് വളരെ കർശനമായി ഇടപെടുന്നത് എന്ന് ഞാൻ ഗ്രഹിച്ചു. ആ സ്നേഹത്തെ കണ്ടതോടെ വളരെ സന്തോഷത്തോടെ എൻെറ ജീവിതം ക്രിസ്തുവിൻെറ പാദപീഠത്തിലേക്ക് കലവറ കൂടാതെ ഞാൻ സമർപ്പിച്ചു.

ഇപ്പോഴത്തെ അനുഭവമെന്താണ്?

വലിയ സമാധാനവും ശാന്തിയും ഞാനിന്നനുഭവി ക്കുന്നു. കുടുംബജീവിതത്തിലും പഠനത്തിലും ഔദ്യോഗിക ജീവിതത്തിലും ചില പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായപ്പോഴും അല്പംപോലും പതറാതെ നല്ല മനസ്സാന്നിദ്ധ്യത്തോടെ അവ യെല്ലാം തരണം ചെയ്യാൻ എനിക്ക് കൃപ ലഭിച്ചു. എൻെറ പോസ്റ്റ് ഗ്രാജ്വേഷൻ, പ്രമോഷൻ തുടങ്ങിയ കാര്യങ്ങളെല്ലാം കർത്താവ് അത്ഭുതകരമായി നടത്തിത്തന്നു. ഭർത്താവിന് കീഴ് പെടുവാനും ഭർത്താവിന് ഒരു താങ്ങായി നില്പാനും കർത്താവ് കൃപ തരുന്നു. ക്രിസ്തുവിനെ ഞാൻ കണ്ടെത്തിയില്ലായിരുന്നു എങ്കിൽ ഞങ്ങളുടെ കുടുംബജീവിതം എന്നേ തകർന്നുപോകു മായിരുന്നു! വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതിനും പ്രാർത്ഥ നക്ക് മറുപടി ലഭിക്കുന്നതിനും ദൈവത്തെ നന്ദിനിറഞ്ഞ ഹൃദയത്തോടെ സ്തുതിക്കുന്നതിനും കർത്താവ് എനിക്ക് കൃപ തരുന്നു. ക്രിസ്തുവിൻെറ രണ്ടാമത്തെ വരവ് ഇന്നെനിക്ക് ഭാഗ്യ കരമായ പ്രത്യാശയാണ്.

ഡോ. മേരിക്ക് നന്ദിനിറഞ്ഞ ഹൃദയവും വിശ്വാസവും ജയജീവിതവും പ്രത്യാശയും നൽകിയ കർത്താവ് ജീവിക്കുന്നു. പ്രിയ സ്നേഹിതാ, നിങ്ങൾ പ്രവർത്തിച്ച അത്ഭുതങ്ങൾക്കായി നന്ദിനിറഞ്ഞ് ദൈവത്തെ സ്തുതിക്കുന്നുണ്ടോ? ക്രിസ്തുവിനെ അറിയാനിടയായതോർത്ത് നീ ദൈവത്തെ സ്തുതിക്കുന്നുണ്ടോ?

ദാവീദ് നന്ദിനിറഞ്ഞ് പറഞ്ഞു:

''എൻ മനമേ, യഹോവയെ വാഴ്ത്തുക; എൻെറ സർവ്വാന്ത രംഗവുമേ, അവൻെറ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവൻെറ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിൻെറ അകൃത്യം ഒക്കെയും മോചിക്കുന്നു; നിൻെറ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു. അവൻ നിൻെറ ജീവനെ നാശത്തിൽനിന്ന് വീണ്ടെടുക്കുന്നു. അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു.'' സങ്കീ. 103:1-4.

പ്രിയ സ്നേഹിതരേ, ദൈവം ചെയ്ത വീര്യപ്രവൃത്തികൾ നിമിത്തവും ജീവിതത്തിൽ ചെയ്തുതന്ന മഹാത്ഭുതങ്ങൾ നിമിത്തവും ഹൃദയം നന്ദികൊണ്ട് നിറയട്ടെ. ആ സ്നേഹത്തി ൻെറയും നന്ദിയുടെയും ഉറവയിൽനിന്ന് സ്തുതിയും സ്തോത്രവും പൊട്ടി പുറപ്പെടട്ടെ. വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും ദൈവനാമ മഹത്ത്വത്തിന്നായി തീരട്ടെ.

സർവ്വശക്തൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

## ഏഴ്

*"അവൻ ചെയ്ത അത്ഭുതങ്ങളും അരുളിച്ചെയ്ത അടയാളങ്ങളും വിധികളും ഓർത്തുകൊൾവിൻ." 1 ദിനവൃത്താന്തം 16:13*

*"അവൻ നിങ്ങൾക്ക് എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്നോർത്തുകൊൾവിൻ." 1 ശമൂവേൽ 12:24.*

ദൈവം ചെയ്ത നൻമകളെ ഓർത്തുകൊൾവിൻ. ദൈവം ചെയ്ത ഉപകാരങ്ങളെ ഓർത്തുകൊൾവിൻ. ദൈവം തന്ന ആരോഗ്യത്തെ ഓർത്തുകൊൾവിൻ. ദൈവം തന്ന കിടപ്പാടം ഓർത്തുകൊൾവിൻ. ഭക്ഷിപ്പാൻ ഊണരിയും ധരിപ്പാൻ ഉടുതുണിയും തന്നതോർത്തുകൊൾവിൻ. ദൈവം ആരോഗ്യവും ബുദ്ധിയുമുള്ള കുഞ്ഞുങ്ങളെ തന്നതോർത്തുകൊൾവിൻ. സൽസ്വഭാവിയായ ഒരു ഭർത്താവിനെ തന്നതോർത്തുകൊൾവിൻ. ദൈവം ഒരു തൊഴിൽ തന്നതോർത്തുകൊൾവിൻ. ഉപജീവനമാർഗ്ഗം തന്നതോർത്തുകൊൾവിൻ. മാന്യതയുള്ള അയൽക്കാരെ തന്നതോർത്തുകൊൾവിൻ. അത്യാഹിതം ഒഴിവാക്കിത്തന്നതോർത്തുകൊൾവിൻ. ആയുസ്സു നീട്ടിത്തന്നതോർത്തുകൊൾവിൻ. ജപ്തി നടപടികൾ മാറ്റിത്തന്നതോർത്തുകൊൾവിൻ. കടഭാരം കുറച്ചുതന്നതോർത്തുകൊൾവിൻ. എതിർപ്പുകളും തെറ്റിദ്ധാരണകളും മാറ്റിത്തന്നതോർത്തുകൊൾവിൻ. ഒരു സമയത്ത് ശത്രുക്കളായിരുന്നവർ മിത്രങ്ങളായതോർത്തുകൊൾവിൻ. സ്തോത്രം.

ആത്മീയമായി ദൈവം ചെയ്ത നൻമകളും അത്ഭുതങ്ങളും ഓർത്തുകൊൾവിൻ. ഒരു മാനസാന്തരം തന്നതോർത്തുകൊൾവിൻ. വചനം കേൾക്കാൻ അവസരം തന്നതോർത്തു

കൊൾവിൻ. സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഒരു കൂട്ടായ്മ തന്നതോർത്തുകൊൾവിൻ. ജീവൻെറ വചനത്തോട് ഒരു മധുരം തന്നതോർത്തുകൊൾവിൻ. പാപം ഉപേക്ഷിക്കാൻ ഒരു തീരുമാനം തന്നതോർത്തുകൊൾവിൻ. പാപത്തെ പാപ മായി കണ്ട് വെറുക്കാൻ ഒരു സുബോധം തന്നതോർത്തു കൊൾവിൻ. പാപബോധവും കുറ്റബോധവും തന്നതോർത്തു കൊൾവിൻ. പാപത്തെ ഓർത്ത് അനുതപിപ്പാൻ ഒരു തകർന്ന ഹൃദയം തന്നതോർത്തുകൊൾവിൻ. മറഞ്ഞിരിക്കുന്ന പാപങ്ങൾ വെളിപ്പെടുത്തിത്തന്നതോർത്തുകൊൾവിൻ. സ്വർഗ്ഗമുണ്ട്, നരക മുണ്ട് എന്ന ഒരു സുബോധം തന്നതോർത്തുകൊൾവിൻ. നിത്യത യെക്കുറിച്ച് ഒരു ഉൾബോധം തന്നതോർത്തുകൊൾവിൻ. നിത്യ ജീവനുവേണ്ടിയുള്ള ഒരു വാഞ്ഛ തന്നതോർത്തുകൊൾവിൻ. ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിനെക്കുറിച്ച് ഒരു വിശ്വാസം ലഭിച്ചതോർത്തുകൊൾവിൻ. സ്വന്തം നാട്ടിലും സ്വന്തം വീട്ടിനടുത്തും സ്വർഗ്ഗീയവചനം തന്നതോർത്തു കൊൾവിൻ. ഒരു ആത്മീയ കാഴ്ചപ്പാട് തന്നതോർത്തു കൊൾവിൻ. അകക്കണ്ണ് തുറന്നുതന്നതോർത്തുകൊൾവിൻ. വിശുദ്ധൻമാർ മാത്രമേ ദൈവരാജ്യത്തിലെത്തുകയുള്ളൂ എന്ന തിരിച്ചറിവ് തന്നതോർത്തുകൊൾവിൻ. സഭാസമുദായഭേദമന്യേ എല്ലാവരേയും ആദരിക്കാനും സ്നേഹിക്കാനും ഒരു മനസ്സു തന്നതോർത്തുകൊൾവിൻ. കുറ്റപ്പെടുത്തുകയും ഒറ്റപ്പെടുത്തു കയും ചെയ്യുന്നവരോട് ഒരു മുഷിപ്പിലുമില്ലാതെ അവരെ സ്നേഹിക്കാൻ ഒരു ഹൃദയം തന്നതോർത്തുകൊൾവിൻ. ദൈവ ത്തിനു സ്തോത്രം. ക്രൂശിൻെറ അർത്ഥം മനസ്സിലാക്കിത്തന്ന തോർത്തുകൊൾവിൻ. കുരിശിൽ ചൊരിഞ്ഞ തിരുരക്ത ത്തിൻെറ ശക്തി അനുഭവമാക്കിത്തന്നതോർത്തുകൊൾവിൻ. കുരിശിനുശേഷം കിരീടമുണ്ടെന്ന് (crown after cross) ഒരു നിർണ്ണയം ലഭിച്ചതോർത്തുകൊൾവിൻ. കഷ്ടതയിലും പീഢ യിലും ദുരിതങ്ങളിലും ക്ലേശങ്ങളിലും പതറാതെ, നിരാശപ്പെ ടാതെ, ക്രിസ്തുവിൽ ആശ്രയിച്ചുനില്പാൻ കൃപതന്നതോർത്തു കൊൾവിൻ. മ്ലാനതയും വിഷാദവും മാറ്റി പ്രസന്നതയും ശാന്തിയും തന്നതോർത്തുകൊൾവിൻ.

അവൻ ചെയ്ത അത്ഭുതങ്ങളോർത്തുകൊൾവിൻ. സ്വഭാവം മാറ്റിത്തന്നതോർത്തുകൊൾവിൻ. ദുസ്സ്വഭാവങ്ങളും

ദുഷ്പ്രവണതകളും മാറ്റിത്തന്നതോർത്തുകൊൾവിൻ. അശുദ്ധ ചിന്തകളും അഴുക്കുമോഹങ്ങളും മാറ്റിത്തന്നതോർത്തു കൊൾവിൻ. നിത്യജീവൻെറ ഉറപ്പും പ്രത്യാശയും തന്നതോർത്തു കൊൾവിൻ.

''യഹോവ എനിക്കുചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്ന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാന പാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.'' സങ്കീ. 116:12-13.

''അളവുനൂൽ എനിക്കു മനോഹരദേശത്തു വീണിരി ക്കുന്നു; അതേ, എനിക്ക് നല്ലോരവകാശം ലഭിച്ചിരിക്കുന്നു.'' സങ്കീ. 16:6.

''ഞാനോ എളിയവനും ദരിദ്രനും ആകുന്നു. എങ്കിലും കർത്താവ് എന്നെ വിചാരിക്കുന്നു.'' സങ്കീ. 40:17.

''ഞാൻ യഹോവക്കായി കാത്തുകാത്തിരുന്നു; അവൻ എങ്ക ലേക്കു ചാഞ്ഞു എൻെറ നിലവിളി കേട്ടു. നാശകരമായ കുഴി യിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവനെന്നെ കയറ്റി; എൻെറ കാലുകളെ ഒരു പാറമേൽ നിർത്തി, എൻെറ ഗമനത്തെ സ്ഥിരമാക്കി. അവൻ എൻെറ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിന്നു സ്തുതിതന്നേ. പലരും അതു കണ്ടു ഭയ പ്പെട്ട് യഹോവയിൽ ആശ്രയിക്കും.'' സങ്കീ. 40:1-3.

ക്രിസ്തീയജീവിതത്തിൻെറ കാമ്പും കാതലും ദൈവത്തോ ടുള്ള നന്ദിയും സ്നേഹവും ആണ്. ദൈവം എനിക്കെന്തു ചെയ്തു എന്ന് തിരിച്ചറിയുമ്പോൾ നമ്മുടെ ഹൃദയം നന്ദി കൊണ്ട് തുടിക്കും. Counting the plus points എന്നൊരു ശൈലി യുണ്ട്. നമ്മുടെ ഇല്ലായ്മകൾ നോക്കി നിരാശപ്പെടാതെ ദൈവം തന്ന നൻമകൾ ഒന്നൊന്നായി കണ്ട് പ്രത്യാശയിൽ ഉറയ്ക്കുക. മൈനസ് പോയിൻറുകൾ പലതുമുണ്ട്; തീർച്ചയായും ഉണ്ട്. എന്നാൽ അവയുടെ ഇടയിലുള്ള നൻമ കണ്ട് - plus points കണ്ട് - ദൈവത്തെ സ്തുതിക്കുക.

എപ്പോഴും ശുഭകരമായി ചിന്തിക്കുക. ശുഭാപ്തിവിശ്വാസം പുലർത്തുക. നിഷേധാത്മക സമീപനം (negativity) ഒരു പാപമാണ്. ദൈവപൈതൽ തിൻമകളുടെ നടുവിലെ നൻമകൾ കാണണം.

ഒരു മഹാൻ പറഞ്ഞു: **"Two men looked through the prison bars, one saw mud, the other stars."**

രണ്ടു പേർ ജയിലഴിക്കുള്ളിൽ കിടക്കുകയായിരുന്നു. ജയിലഴികളിൽ പിടിച്ചുകൊണ്ട് അവർ രണ്ടുപേരും വെളിയിലേക്ക് നോക്കിക്കൊണ്ടിരുന്നു. ഒരാൾ കണ്ടത് ചെളിയിൽ പുതഞ്ഞുകിടക്കുന്ന പറമ്പുകളാണ്. അപരനാകട്ടെ, അതിനപ്പുറം ചക്രവാള സീമയിൽ കത്തിനില്ക്കുന്ന നക്ഷത്രങ്ങളെയാണ് കണ്ടത്. രണ്ടു പേരും കണ്ടത് സത്യമല്ലേ? ചെളി അവിടെയുണ്ട്. പക്ഷേ ചെളിയല്ല ഒരുവൻെറ കണ്ണിൽ പതിഞ്ഞത്, നക്ഷത്രങ്ങളാണ്.

കുഞ്ചൻനമ്പ്യാരും ഉണ്ണായിവാര്യരും അമ്പലപ്പുഴരാജാവിൻെറ കൊട്ടാരത്തിൽ താമസിച്ച കാലത്തെ ഒരു സംഭവം മലയാളസാഹിത്യത്തിലെ ഒരു ശ്രദ്ധേയമായ ഐതിഹ്യമാണ്. രണ്ടു പേരും രാവിലെ അമ്പലക്കുളത്തിൽ കുളിക്കാൻ പോയി. കുളത്തിലെ വെള്ളമെല്ലാം കലങ്ങിക്കിടന്നു. ആനയിറങ്ങി താമരവള്ളികൾ പറിച്ചും ചവിട്ടിയും വെള്ളം കലങ്ങിപ്പോയതാണ്. കുളി വേണ്ടതുപോലെ ആയില്ല എന്ന കുണ്ഠിതം രണ്ടുപേർക്കുമുണ്ട്.

രാജാവ് ചോദിച്ചു: ''വാര്യരേ, ഇന്ന് രാവിലത്തെ കുളി എങ്ങനെയിരുന്നു?''

''എന്തു കുളി! കരി കലക്കിയ വെള്ളത്തിലല്ലേ കുളിച്ചത്!'' ഉണ്ണായിവാര്യർ തെല്ല് പരിഭവത്തോടും നീരസത്തോടുംകൂടി പറഞ്ഞു.

''നമ്പ്യാർ എന്തു പറയുന്നു? ഇന്നു രാവിലത്തെ കുളി എങ്ങനെയിരുന്നു നമ്പ്യാരേ?'' രാജാവ് കുഞ്ചൻനമ്പ്യാരോടു ചോദിച്ചു.

‘‘ഓഹോ! കുളി കേമമായിരുന്നു! കളഭം കലക്കിയ വെള്ള ത്തിലല്ലേ ഇന്ന് കുളിച്ചത്!’’

കരി എന്നതിനും കളഭം എന്നതിനും ആന എന്ന അർത്ഥ മുണ്ട്. ഒരാൾക്ക് കരി കലക്കിയ വെള്ളം. വേറൊരാൾക്ക് കളഭം കലക്കിയ വെള്ളം.

എല്ലാം നർമ്മരസത്തോടെ നേരിടുക. നൻമ മാത്രം കാണുക. അപ്പോൾ ദൈവത്തെ സ്തുതിക്കാൻ സാധിക്കും.

Merlin Carothers എഴുതിയ Prison to Praise, Power in Praise എന്നീ ഗ്രന്ഥങ്ങൾ സ്തുതിയുടെ അത്ഭുതകരമായ ശക്തി വെളിപ്പെടുത്തുന്നവയാണ്. ഏതു തിൻമയുടെയും യാതനയു ടെയും അപ്പുറം ഒരു നൻമ കണ്ടുകൊണ്ട് സ്തുതിക്കുമ്പോഴുള്ള ശാന്തിയും സമാധാനവും ഈ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്.

എലീശാ ഒരു ധനികനായ കൃഷിക്കാരനായിരുന്നു. ധാരാളം നിലങ്ങളും പുരയിടങ്ങളും. വയലിൽ പന്ത്രണ്ട് ഏർ കാളപൂട്ടി ഉഴുതുകൊണ്ടിരുന്നു. ഏറ്റവും പുറകിൽ ആ യൗവന ക്കാരൻ തന്നെയായിരുന്നു ഉഴുതുകൊണ്ടിരുന്നത്.

ഏലിയാപ്രവാചകൻ ആ വഴിക്ക് വയലിലൂടെ പോകുകയാ യിരുന്നു. എലീശാ കണ്ടില്ല. പക്ഷേ ഏലിയാവിൻെറ പുതപ്പ് എലീശയുടെമേൽ എറിഞ്ഞതിൻെറശേഷം ഏലിയാവ് നടന്നു പോയി. പുതപ്പ് ശരീരത്തിൽ തൊട്ടമാത്രയിൽ എലീശായുടെ കൈ കലപ്പയിൽനിന്ന് വിട്ടുപോയി.

എലീശാ ഏലിയാവിൻെറ പിന്നാലെ ഓടി. ഏലിയാ വിൻെറ മുമ്പിൽ കൂപ്പുകൈയോടെ നിന്നു.

‘‘ഞാൻ എൻെറ അപ്പനെയും അമ്മയെയും ചുംബിച്ചു കൊള്ളട്ടെ; അതിൻെറശേഷം ഞാൻ നിൻെറ പിന്നാലെ വരാം.’’ എന്ന് എലീശാ പറഞ്ഞു. 1 രാജാ. 19:19-20.

ഏലിയാവ് പറഞ്ഞു:

''പോയി വരിക; എന്നാൽ ഞാൻ നിനക്ക് എന്തു ചെയ്തിരിക്കുന്നു എന്നോർക്ക.''

പ്രവാചകൻെറമേൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് അത്രേ എലീശയുടെമേൽ തൊട്ടത്. ആരാണ് എന്നെ തൊട്ടതെന്നും എൻെറ ജീവിതത്തിൽ നടന്നതെന്താണെന്നും അറിയുന്ന ദൈവപൈതൽ ആ സ്നേഹത്തിൻെറ പിന്നാലെ സകലവും വിട്ടു ഓടും. സകലവും യാഗമർപ്പിച്ചിട്ട് ഓടും.

എലീശാ അതാണ് ചെയ്തത്. ''അവൻ ഒരേർ കാളയെ പിടിച്ച് അറുത്ത് കാളയുടെ മരക്കോപ്പുകൊണ്ട് മാംസം പാകം ചെയ്ത് ജനത്തിനു കൊടുത്തു. അവർ തിന്നു. പിന്നെ അവൻ എഴുന്നേറ്റ് ഏലിയാവിൻെറ പിന്നാലെ ചെന്ന് അവന്നു ശുശ്രൂഷകനായിത്തീർന്നു.'' 1 രാജാ. 19:21.

പ്രിയ ദൈവപൈതലേ, ദൈവം നിനക്ക് എന്താണ് ചെയ്തതെന്ന് നിനക്ക് ഓർമ്മയുണ്ടോ? നിന്നെ തൊട്ട ക്രൂശിലെ സ്നേഹം നീ തിരിച്ചറിഞ്ഞിട്ടുണ്ടോ? നിൻെറ ഉള്ളം നന്ദികൊണ്ടും സ്നേഹംകൊണ്ടും തുള്ളുന്നുണ്ടോ?

ദൈവം തന്ന നൻമകളിൽ നന്ദി നിറഞ്ഞ് കർത്താവിൻെറ വേല ചെയ്യുന്ന ഒരു കർത്തൃദാസിയാണ് തിരുവനന്തപുരം **Cosmetic Dental Clinic** നടത്തുന്ന ഡോ. സി.പി. ജോണിൻെറ ഭാര്യ അന്നാമ്മ. അന്നാമ്മയുടെ ജീവിതാനുഭവങ്ങൾ അന്നാമ്മ വിവരിക്കുന്നത് നമുക്കിപ്പോൾ ശ്രദ്ധിക്കാം.

ഞാൻ ഒരു ഓർത്തഡോക്സ് കുടുംബത്തിലാണ് ജനിച്ചു വളർന്നത്. അപ്പച്ചൻ ഗവ. കോൺട്രാക്ടർ ആയിരുന്നു. അതുകൊണ്ട് ധാരാളം പണം, കാറ്, ലോറികൾ, വലിയ വീട് എല്ലാം ഉണ്ടായിരുന്നു. രണ്ടു നേരവും നമസ്ക്കാരം, പള്ളിയിൽ പോക്ക്, നോമ്പ്, പള്ളിക്ക് വഴിപാടുകൊടുക്കൽ, സാധുജനസേവനം എല്ലാമുണ്ടായിരുന്നു. പക്ഷേ എൻെറ ഹൃദയം നിറയെ അഹങ്കാ

രവും ലോകസ്നേഹവും അശുദ്ധിയുമായിരുന്നു. എൻെറ ഉള്ളിൽ ദൈവമില്ലായിരുന്നു. അത് ഞാനറിഞ്ഞിരുന്നുമില്ല. പാപം എന്നിലുണ്ടെന്നും ഞാൻ കരുതിയിരുന്നില്ല. ദൈവ രാജ്യം, നിത്യജീവൻ ഇവയൊന്നും എനിക്ക് ഒരു വിഷയമായിരു ന്നില്ല. ഞാൻ മനുഷ്യരുടെ മുമ്പിൽ വളരെ എളിമ നടിച്ചിരുന്നു. പള്ളിയിലെ യോഗത്തിനും ബൈബിൾക്ലാസ്സിനും സണ്ടെ സ്കൂളിനും വനിതാസമാജത്തിനും എല്ലാം ഞാൻ പോകുമായി രുന്നു. പക്ഷേ അതെല്ലാം വെറും ചടങ്ങായിരുന്നു.

ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് ഞങ്ങളുടെ ഇടവകയായ വലമ്പൂർ സെ. മേരീസ് പള്ളിയിൽ വലിയ ആത്മീയ ഉണർവ്വുണ്ടായി. അച്ചൻമാരും പ്രമാണിമാരും ധനികൻമാരും ദരിദ്രരും വിദ്യാഭ്യാസമുള്ളവരും പഠിപ്പില്ലാത്തവരും എല്ലാം പാപബോധം ലഭിച്ച് കരയുന്നതു കണ്ടു. ആദ്യമൊന്നും എനിക്ക് ഒരു ചലനവുമുണ്ടായില്ല. എന്നാൽ എപ്പോഴോ ദൈവവചനം എന്നെയും തൊട്ടു. ഞാൻ എൻെറ ജീവിതം മുഴുവൻ യേശു ക്രിസ്തുവിന് സമർപ്പിച്ചു. എൻെറ പാപങ്ങളെല്ലാം ഞാൻ ഏറ്റു പറഞ്ഞു. കർത്താവ് എൻെറ പാപങ്ങളെല്ലാം മോചിച്ച് എനിക്ക് വലിയ സമാധാനം നൽകി.

എൻെറ ഭർത്താവ് ഒരു ഡെൻറൽ ഡോക്ടറാണ്. ഞങ്ങൾ തിരുവനന്തപുരത്താണ് താമസിക്കുന്നത്. ഒരു ഡെൻറൽ ക്ലിനിക്കും ലാബും ഉണ്ട്. ഒന്നാം സ്ഥാനം ക്രിസ്തുവിനുവേണ്ടി ജീവിക്കുക എന്നതാണ് ഞങ്ങളുടെ സമർപ്പണം. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൻെറ യോഗവും വനിതാസമാജവും തിരുവനന്തപുരത്ത് മാസംതോറും നടത്തുന്നുണ്ട്. സാറിൻെറ വീട്ടിലെ യോഗത്തിൽ സംബന്ധിപ്പാൻ മാസം രണ്ടു പ്രാവശ്യം ഞങ്ങൾ ഇരുന്നൂറിലേറെ കിലോമീറ്റർ യാത്രചെയ്ത് കോലഞ്ചേ രിക്ക് വരുന്നുണ്ട്.

ഓരോ പ്രാവശ്യവും വരുമ്പോൾ ഭാരവും ക്ഷീണവും വാട്ട വുമെല്ലാം മാറി ആത്മാവിൽ പുതുചൈതന്യം പ്രാപിച്ചാണ് ഞങ്ങൾ തിരികെ പോകുന്നത്. ക്രിസ്തു ഞങ്ങളിൽ വൻകാര്യ

മാണ് ചെയ്തിരിക്കുന്നത് എന്ന് ഞങ്ങൾ അറിഞ്ഞ് നന്ദിയോടെ ദൈവത്തെ സ്തുതിക്കുന്നു.

അവൻ ചെയ്ത അത്ഭുതങ്ങളും അരുളിച്ചെയ്ത അടയാള ങ്ങളും വിധികളും ഓർത്തുകൊൾവിൻ. കന്യകമറിയാം പറഞ്ഞു:

''ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു. അവൻെറ നാമം പരിശുദ്ധം തന്നേ.'' ലൂക്കോസ് 1:49.

പ്രിയ സഹോദരരേ, ദൈവം നിങ്ങളിൽ വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നുവോ? നിത്യ സ്വർഗ്ഗത്തിൻെറ അവകാശം തരാൻ ക്രിസ്തു സ്വർഗ്ഗം വിട്ട് ഭൂമി യിലിറങ്ങിവന്ന് ക്രൂശിൽ നിന്ദ്യമരണം വരിച്ചു എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? എങ്കിൽ ദാവീദിനോടു ചേർന്ന് നമുക്ക് പറയാം:

''ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന് സ്തോത്രം ചെയ്വിൻ. അവൻെറ ദയ എന്നേക്കുമുള്ളത്. നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്ന് സ്തോത്രം ചെയ്വിൻ; അവൻെറ ദയ എന്നേക്കുമുള്ളത്.'' സങ്കീ. 136:4, 23.

★ ★ ★

## എട്ട്

*"നിങ്ങൾ മിസ്രയീമിൽനിന്ന് പുറപ്പെട്ടശേഷം നിൻെറ ദൈവമായ യഹോവ വഴിയിൽവെച്ച് മിര്യാമിനോട് ചെയ്തത് ഓർത്തുകൊൾക."*
*ആവർത്തനം 24:9*

ഓർത്തുകൊൾവിൻ. ദൈവമായ യഹോവ വഴിയിൽവെച്ച് മിര്യാമിനോട് ചെയ്തത് ഓർത്തുകൊൾവിൻ.

മോശയുടെ സഹോദരിയാണ് മിര്യാം. മോശയേക്കാൾ ആറുവയസ്സു പ്രായം കൂടുതലുണ്ട് മിര്യാമിന്. മോശയുടെ സഹോദരനായ അഹറോന് മോശയെക്കാൾ മൂന്നുവയസ്സു കൂടുതലുണ്ട്.

യിസ്രായേൽക്കാർക്ക് ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ എല്ലാം കൊല്ലുവാനുള്ള ഫറവോൻെറ കല്പനയെ അവഗണിച്ച് മോശയെ മൂന്നുമാസം ഒളിപ്പിച്ചു. ഒളിച്ചുവെപ്പാൻ കഴിയാതെയായപ്പോൾ മോശയുടെ അമ്മ ഒരു ഞാങ്ങണപ്പെട്ടകം വാങ്ങി അതിന്ന് പശയും കീലും തേച്ച്, പൈതലിനെ അതിൽ കിടത്തി, നൈൽനദിയുടെ അരികിൽ ഞാങ്ങണയുടെ ഇടയിൽ വെച്ചു. കുഞ്ഞിൻെറ പെങ്ങളായ മിര്യാം അവന്നു എന്തു ഭവിക്കുമെന്ന് അറിയാൻ ദൂരത്തുനിന്ന് നോക്കിക്കൊണ്ടിരുന്നു.

അപ്പോഴാണ് ഫറവോൻെറ പുത്രി നീലനദിയിൽ കുളിപ്പാൻ വന്നത്. ആ രാജകുമാരിക്ക് മക്കൾ ഇല്ലായിരുന്നു. ഞാങ്ങണയുടെ ഇടയിൽ ഇരിക്കുന്ന പെട്ടകം കണ്ടപ്പോൾ രാജകുമാരിയുടെ ആജ്ഞ അനുസരിച്ച് ദാസി പെട്ടകം എടുത്തു

കൊണ്ടുവന്നു. പെട്ടകത്തിനുള്ളിൽ കിടന്നു കരയുന്ന ശിശുവിനോട് ഫറവോൻെറ പുത്രിക്ക് മനസ്സലിവു തോന്നി. ബുദ്ധിമതിയായ മിര്യാം രാജകുമാരിയുടെ അടുത്തുചെന്ന് വിനയപൂർവ്വം ചോദിച്ചു:

''ഈ പൈതലിന് മുലകൊടുത്ത് വളർത്തുവാൻ ഞാൻ ഒരു എബ്രായസ്ത്രീയെ വിളിച്ചുകൊണ്ടുവരട്ടെ?'' രാജകുമാരിയുടെ ആജ്ഞ അനുസരിച്ച് മിര്യാം പോയി കൊണ്ടുവന്നത് അമ്മയെത്തന്നെയായിരുന്നു! മിര്യാമിൻെറ ബുദ്ധിപൂർവ്വവും സമയോചിതവുമായ ഇടപെടൽമൂലം മോശയ്ക്ക് മുലകൊടുത്ത് വളർത്തുവാൻ അമ്മയെത്തന്നെ ഏല്പിക്കുകയും അമ്മയ്ക്ക് അതിന് രാജകൊട്ടാരത്തിൽനിന്ന് ശമ്പളം ലഭിക്കുകയും ചെയ്തു!

ഫറവോൻെറ പുത്രിയുടെ വളർത്തുമകനായി മോശ രാജകൊട്ടാരത്തിൽ വളർന്നു. നാല്പതുവർഷംകൊണ്ട് മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ച് വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു. അപ്പോ. പ്രവൃ. 7:21-22.

നാല്പതുവയസ്സു തികയാറായപ്പോൾ മോശ ദൈവിക നടത്തിപ്പനുസരിച്ച് സ്വന്തം സഹോദരങ്ങളായ യിസ്രായേൽക്കാരുടെ അടിമത്തത്തിന് അറുതിവരുത്തണമെന്നാഗ്രഹിച്ച് മിസ്രയീം കൊട്ടാരംവിട്ട് പുറപ്പെട്ടു. എന്നാൽ തൻെറ സ്വന്തജനം മോശയെ നിരസിച്ചു പറഞ്ഞു: ''നിന്നെ ഞങ്ങൾക്ക് അധികാരിയും ന്യായകർത്താവും ആക്കിയതാര്?'' മോശയെ കൊല്ലുവാൻ ഫറവോരാജാവ് അന്വേഷിക്കുന്നു എന്ന് കേട്ടപ്പോൾ മോശ അവിടെനിന്ന് ഓടിപ്പോയി മിദ്യാനിൽ ചെന്നു പാർത്തു. അന്യജാതിക്കാരിയായ ഒരു കൂശ്യസ്ത്രീയെ മോശ വിവാഹം കഴിച്ച് അവിടെ താമസിച്ചു.

എൺപതു വയസ്സായപ്പോൾ സീനായ്മലയിലെ മുൾപ്പടർപ്പിൽ നിത്യനായ ദൈവം മോശയ്ക്ക് പ്രത്യക്ഷനായി. യിസ്രായേൽ ജനത്തെ ഫറവോൻെറ അടിമത്തത്തിൽനിന്ന് വിടുവിച്ച് അബ്രാഹാമിനും അവൻെറ സന്തതിപരമ്പരകൾക്കും

ദൈവം വാഗ്ദത്തം ചെയ്ത കനാനിലേക്ക് നയിക്കുന്നതിന് ദൈവം മോശയെ അധികാരപ്പെടുത്തി.

അറുനൂറായിരത്തിലേറെ വരുന്ന യിസ്രായേൽ മക്കളെ ദൈവത്തിൻെറ അത്ഭുതപ്രവൃത്തികളാലും അടയാളങ്ങളാലും മോശ പുറപ്പെടുവിച്ചു. അഹറോനും മിര്യാമും മോശയോടു ചേർന്നുനിന്ന് ശുശ്രൂഷയിൽ പങ്കാളികളായി.

ചെങ്കടലിലെ പെരുവെള്ളത്തെ വിഭാഗിച്ച് ഉണങ്ങിയ നില ത്തുകൂടി യിസ്രായേൽക്കാർ മറുകര കടന്നു. ദൈവജനം പോയ അതേ വഴിയിൽകൂടെ ഫറവോനും സൈന്യവും പിൻചെന്നു. അവർ കടലിൻെറ നടുവിൽ എത്തിയപ്പോൾ ദൈവം കടലിലെ വെള്ളം അവരുടെ മേൽ മടക്കിവരുത്തി. യിസ്രായേൽക്കാരാകട്ടെ സുരക്ഷിതരായി സീനായി മരുഭൂമിയിൽ പ്രവേശിച്ചു.

ദൈവം ചെയ്ത മഹാത്ഭുതം കണ്ട് മിര്യാം നന്ദി നിറഞ്ഞ വളായി ദൈവത്തെ സ്തുതിച്ചു. അവൾ ഒരു തപ്പ് എടുത്തു. സ്ത്രീകളെല്ലാവരും തപ്പുകളോടും നൃത്തങ്ങളോടുംകൂടെ അവളുടെ പിന്നാലെ ചെന്നു. മിര്യാം അവരോട് പ്രതിഗാനമായി ചൊല്ലി:

‘‘യഹോവയ്ക്കു പാട്ടു പാടുവിൻ. അവൻ മഹോന്നതൻ. കുതിരയെയും അതിൽ ഇരുന്നവനെയും അവൻ കടലിൽ തള്ളി യിട്ടിരിക്കുന്നു.’’ പുറ. 15:20-21.

തുടർന്നുള്ള യാത്രയിൽ അഹരോനും മിര്യാമും മോശയോ ടുകൂടിയുണ്ടായിരുന്നു. മിര്യാം ഒരു പ്രവാചകി ആയിരുന്നു. അഹറോൻ പുരോഹിതനുമായിരുന്നു.

എന്നാൽ ഒരു സമയം വന്നപ്പോൾ മിര്യാമും അഹറോനും മോശയെ വിമർശിച്ച് സംസാരിച്ചു. അവർ വിമർശിച്ചത് മോശ യുടെ വിവാഹത്തെയും ഭാര്യയെയും കുറിച്ചാണ്. മോശയുടെ ഭാര്യ ഒരു കൂശ്യസ്ത്രീയാണല്ലോ. പുറജാതി സ്ത്രീയെ വിവാഹം കഴിച്ച മോശ ഒരു പാപമല്ലേ ചെയ്തിരിക്കുന്നത് എന്നിങ്ങനെ

യെല്ലാമാണ് അവർ പിറുപിറുത്തത്. പുറമെ ഭാര്യ കൂശ്യസ്ത്രീ യല്ലേ എന്നു വിമർശിച്ചു എങ്കിലും അവരുടെ ആത്മീയ അസൂയ യാണ് അവിടെ പ്രവർത്തിച്ചത്. മോശയുടെ ആത്മീയാധികാര ത്തോടുള്ള അസൂയയും മറുതലിപ്പുമാണ് മിര്യാമിനും അഹറോ നുമുണ്ടായത്. ആത്മീയാധികാരത്തിനെതിരായ മത്സരം എത്ര ഭയാനകമാണ്!

''യഹോവ മോശ മുഖാന്തരം മാത്രമേ അരുളിച്ചെയ്തിട്ടു ള്ളുവോ? ഞങ്ങൾ മുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ?'' സംഖ്യാ. 12:2.

ഈ മറുതലിപ്പിനും മത്സരത്തിനും മുൻകൈ എടുത്തത് മിര്യാം ആയിരുന്നു. മോശയുടെ ആയുസ്സിന്റെ ഉത്തരവാദി ഞാനാണെന്ന്, വേണമെങ്കിൽ, മിര്യാമിന് പറയാം. നീലനദി യിലെ പെരുവെള്ളത്തിൽനിന്ന് വലിച്ചെടുക്കുന്നതിന് ഉത്സാ ഹിച്ചത് ഞാനല്ലേ എന്ന് മിര്യാമിന് വാദിക്കാം.

മിര്യാം പ്രവാചകിയാണ്; അഹറോൻ മഹാപുരോഹിത നാണ്. എന്നാൽ ആത്മീയാധികാരം മോശയെയാണ് ദൈവം ഏല്പിച്ചിരിക്കുന്നത്.

''മോശെ എന്നുള്ള പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു.'' സംഖ്യാ. 12:3.

''എന്റെ ദാസനായ മോശെ എന്റെ ഗൃഹത്തിലൊക്കെയും വിശ്വസ്തനാകുന്നു. അവനോട് ഞാൻ അരുളിച്ചെയ്യുന്നത് മറപൊരുളായിട്ടല്ല, അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ. അവൻ യഹോവയുടെ രൂപം കാണുകയും ചെയ്യും.'' സംഖ്യാ. 12:7-8.

''മിസ്രയീം ദേശത്ത് ഫറവോനോടും അവന്റെ സകല ഭൃത്യൻമാരോടും അവന്റെ സർവ്വദേശത്തോടും ചെയ്വാൻ യഹോവ മോശെയെ നിയോഗിച്ചയച്ച സകല അത്ഭുതങ്ങളും ഭുജവീര്യവും എല്ലാ യിസ്രായേലും കാൺകെ മോശെ

പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല.'' ആവ. 34:10-12.

ഈ ആത്മീയാധികാരത്തെയാണ് മിര്യാം ചോദ്യം ചെയ്തത്. ഇന്ന് ആത്മീയരായ ആളുകളുടെ ഇടയിലും അധികാര മോഹവും സ്ഥാനമോഹവും അസൂയയും ഉണ്ടെന്നുള്ളത് ഒരു ദുഃഖസത്യമത്രേ. കൂട്ടായ്മകളിൽ തൊഴുത്തിൽക്കുത്തും കിട മത്സരവും പടലപ്പിണക്കവും കൊടികുത്തിവാഴുന്നു.

ക്രിസ്തീയസഭയുടെ സുസ്ഥിതിക്കായി വിവിധ ശുശ്രൂഷകൾ ദൈവം നിയമിച്ചിട്ടുണ്ട്. സെ. പോൾ പറയുന്നു:

''അവൻ ചിലരെ അപ്പൊസ്തലൻമാരായും ചിലരെ പ്രവാചകൻമാരായും ചിലരെ സുവിശേഷകൻമാരായും ചിലരെ ഇടയൻമാരായും ഉപദേഷ്ടാക്കൻമാരായും നിയമിച്ചിരിക്കുന്നു; അത് നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിൻെറ സമ്പൂർണ്ണതയായ പ്രായത്തിൻെറ അളവും പ്രാപിക്കുവോളം വിശുദ്ധൻമാരുടെ യഥാസ്ഥാനത്വത്തിന്നായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിൻെറ ശരീരത്തിൻെറ ആത്മീകവർദ്ധനെക്കും ആകുന്നു.'' എഫെസ്യർ 4:11-13.

''ക്രിസ്തുയേശുതന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലരും പ്രവാചകൻമാരും എന്ന അടിസ്ഥാനത്തിൻ മേൽ പണിതിരിക്കുന്നു.'' എഫെസ്യർ 2:20.

മോശയെ ഭരമേല്പിച്ച, അധികാരപ്പെടുത്തിയ ശുശ്രൂഷയല്ല അഹറോനുള്ളത്. മിര്യാമിനുള്ള ശുശ്രൂഷ മറ്റൊന്നാണ്. അപ്പോസ്തലനായ പൗലോസ് പറയുന്നു:

''കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്; കർത്താവ് ഒരുവൻ. വീര്യ

പ്രവൃത്തികളിൽ വ്യത്യാസം ഉണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നേ.'' 1 കൊരി. 12:4-6.

മിര്യാമിൻെറ നേതൃത്വത്തിൽ അഹരോനും മോശയ്ക്കു വിരോധമായി സംസാരിച്ചു.

''യഹോവ മോശെ മുഖാന്തരം മാത്രമേ അരുളിച്ചെയ്തിട്ടു ള്ളുവോ? ഞങ്ങൾ മുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ?'' ഇവിടെ മോശ തൻെറ സൗമ്യതയും വിനയവും തെളിയിച്ചു; ദൈവകരങ്ങളിലേക്ക് വിഷയം വിട്ടുകൊടുത്തു. തൻെറ ദാസൻമാരെ സംരക്ഷിക്കുമെന്ന് ദൈവം അരുളിച്ചെയ്യുന്നു ണ്ടല്ലോ.

''നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയു ധവും ഫലിക്കയില്ല; ന്യായവിസ്താരത്തിൽ നിനക്കു വിരോധ മായി എഴുന്നേൽക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും; യഹോവയുടെ ദാസൻമാരുടെ അവകാശവും എൻെറ പക്കൽനിന്നുള്ള അവരുടെ നീതിയും ഇതുതന്നേ ആകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു.'' യെശയ്യാ 54:17.

മിര്യാമിൻെറയും അഹരോൻെറയും നേരെ ദൈവ ത്തിൻെറ കോപം ജ്വലിച്ചു. മിര്യാം ഹിമംപോലെ വെളുത്ത് കുഷ്ഠരോഗിണിയായി. പാപത്തിൻെറ ഉറവിടവും നേതൃ ത്വവും മിര്യാമിൽനിന്നായതിനാലാണ് മിര്യാമിന് കനത്ത ശിക്ഷ യേൽക്കേണ്ടിവന്നത്.

മിര്യാമിനു പറ്റിയ തെറ്റ് അസൂയയുണ്ടായി എന്നതും ദൈവികാധികാരമുള്ള മോശയ്ക്ക് എതിരായി സംസാരിച്ചു എന്നതും മാത്രമായിരുന്നില്ല; മോശയെ ജഡപ്രകാരം കണ്ടു എന്നതുമായിരുന്നു. മോശയെ എടുത്തുവളർത്തിയതും മോശ യുടെ ഉയർച്ചയിലും വളർച്ചയിലും സന്തോഷിച്ചതും സ്വന്തം സഹോദരനാണല്ലോ എന്ന് ചിന്തിച്ചതും മോശയെ ജഡത്തിൽ കാണുന്നതിന് കാരണമായി. മോശയിൽകൂടെ വരുന്ന വചന

ത്തെയും മോശയിൽ അധിവസിക്കുന്ന ആത്മാവിനെയും കണ്ടില്ല. നമ്മുടെ കർത്താവ് ആത്മാവിൻെറ തേജസ്സോടെ പരസ്യ ശുശ്രൂഷയ്ക്കിറങ്ങിയപ്പോൾ സ്വന്തനാട്ടിലും പിതൃനഗരത്തിലും തള്ളപ്പെട്ടുവല്ലോ.

''ഇവൻ മറിയയുടെ മകനും യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നവരുടെ സഹോദരനുമായ തച്ചനല്ലയോ? അവൻെറ സഹോദരികളും ഇവിടെ നമ്മോടുകൂടെ ഇല്ലയോ എന്നു പറഞ്ഞു അവങ്കൽ ഇടറിപ്പോയി. യേശു അവരോട്: ഒരു പ്രവാചകൻ തൻെറ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവനല്ല എന്നു പറഞ്ഞു.'' മർക്കോസ് 6:3-4.

''ഒരു പ്രവാചകനും തൻെറ പിതൃനഗരത്തിൽ സമ്മതനല്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു.... പള്ളിയിലുള്ളവർ ഇതു കേട്ടിട്ട് എല്ലാവരും കോപം നിറഞ്ഞവരായി എഴുന്നേറ്റ് അവനെ പട്ടണത്തിനു പുറത്താക്കി അവരുടെ പട്ടണം പണിതിരുന്ന മലയുടെ വക്കോളം കൊണ്ടു പോയി തലകീഴായി തള്ളിയിടുവാൻ ഭാവിച്ചു.'' ലൂക്കോസ് 4:24, 28, 29.

മിര്യാം കുഷ്ഠരോഗിണി എന്നു കണ്ടപ്പോൾ അഹരോൻ മോശയോട് യാചിച്ചു: ''അയ്യോ, യജമാനനേ, ഞങ്ങൾ ഭോഷതമായി ചെയ്തുപോയ ഈ പാപം ഞങ്ങളുടെമേൽ വെയ്ക്കരുതേ.'' ജ്യേഷ്ഠനായ അഹരോൻ അനുജനായ മോശയെ ''യജമാനനേ'' എന്നാണ് വിളിക്കുന്നത്. അഹരോൻ ഇപ്പോൾ തെറ്റു തിരുത്തി. ആത്മാവിൽ മോശയെ കണ്ടു.

മോശ ദൈവത്തോടു പ്രാർത്ഥിച്ചു: ''ദൈവമേ, അവളെ സൗഖ്യമാക്കേണമേ.'' ഒരു വലിയ പാഠം ഇതിലുണ്ട്. മനുഷ്യൻ ചെയ്തപാപം ദൈവത്തിൻെറ ആത്മാവിനോടാണെങ്കിൽ ആർക്കെതിരായി പാപം ചെയ്തുവോ, ആത്മാവ് അധിവസിക്കുന്ന ആ ദൈവപുരുഷൻതന്നെ പ്രാർത്ഥിച്ചെങ്കിലേ, ദൈവം ആ പാപം ക്ഷമിച്ചുകൊടുക്കുകയുള്ളൂ. മിര്യാമിന് പറ്റിയ പാപം

പരിശുദ്ധാത്മാവിനെതിരായ പാപമാണ്. തിരുവചനം പറയുന്നു:

''സകലപാപവും ദൂഷണവും മനുഷ്യരോട് ക്ഷമിക്കും; ആത്മാവിനു നേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല. പരിശുദ്ധാത്മാവിനുനേരെ പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ളതിലും അവനോട് ക്ഷമിക്കയില്ല.'' മത്തായി 12:31-32.

''മനുഷ്യരോട് സകലപാപങ്ങളും അവർ ദുഷിച്ചുപറയുന്ന സകലദൂഷണവും ക്ഷമിക്കും; പരിശുദ്ധാത്മാവിൻെറ നേരെ ദൂഷണം പറയുന്നവനോ ഒരു നാളും ക്ഷമ കിട്ടാതെ നിത്യ ശിക്ഷക്കു യോഗ്യനാകും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു,'' മർക്കോസ് 3:28-29. ലൂക്കോസ് 12:10.

പരിശുദ്ധാത്മാവിനെതിരായ പാപത്തെയാണ് വി. യോഹന്നാൻശ്ലീഹാ ''മരണകരമായ പാപം'' എന്നു വിളിക്കുന്നത്.

''സഹോദരൻ മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം. ദൈവം അവന്ന് ജീവനെ കൊടുക്കും.... മരണത്തിനുള്ള പാപം ഉണ്ട്. അതിനേക്കുറിച്ച് അപേക്ഷിക്കേണം എന്ന് ഞാൻ പറയുന്നില്ല.'' 1 യോഹ. 5:16.

മിര്യാമിൻെറ പാപം ഗുരുതരമായിരുന്നു. അതിൻെറ ശിക്ഷ മിര്യാം കുഷ്ഠരോഗിണിയായി ഏഴുദിവസം പാളയത്തിനു പുറത്ത് പാർക്കേണ്ടിവന്നു എന്നതുമാത്രമായിരുന്നില്ല. യിസ്രായേൽ പാളയങ്ങളെല്ലാം ആ ഏഴുദിവസവും യാത്ര ചെയ്തില്ല. ആത്മീയനേതാക്കൻമാർ പാപം ചെയ്താൽ ജനമെല്ലാം അനർത്ഥത്തിലാകും. ആത്മീയനേതൃത്വത്തിലുള്ളവരിൽ തൊഴുത്തിൽകുത്തുണ്ടായാലും അനുയായികളായ ജനം മുഴുവനും അതിൻെറ കെടുതി അനുഭവിക്കും.

ഇതുകൊണ്ടാണ് ദൈവം കല്പിച്ചത്: ''മിര്യാമിനോട് ചെയ്തത് ഓർത്തുകൊൾവിൻ'' എന്ന്.

സ്നേഹിതരേ, ഈ വാക്കുകളെ കേൾക്കുമ്പോൾ നിങ്ങൾക്കാർക്കെങ്കിലും എന്തെങ്കിലും കുറ്റബോധമുണ്ടാകുന്നുണ്ടോ? ഏതെങ്കിലും ദൈവപുരുഷനെ നിങ്ങൾ വിമർശിച്ചിട്ടുണ്ടോ? ദൈവത്തിൻെറ പരിശുദ്ധാത്മാവിൻെറ വേല ചെയ്യുന്ന ദൈവമക്കളെ ദുഷിച്ചിട്ടുണ്ടോ? വിമർശിച്ചിട്ടുണ്ടോ? പരിഹസിച്ചിട്ടുണ്ടോ? എങ്കിൽ ഇപ്പോൾത്തന്നെ ക്രൂശിലേക്കു നോക്കി നെടുവീർപ്പിച്ച് കരഞ്ഞുകൊള്ളുക. പാപം ഏറ്റുപറഞ്ഞ് ക്ഷമ നേടിക്കൊള്ളുക. കാരണം,

‘‘ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.’’ മത്തായി 18:10.

★ ★ ★

# ഒമ്പത്

*‘‘നിങ്ങൾ മിസ്രയീമിൽ നിന്ന് പുറപ്പെട്ടുവരുമ്പോൾ വഴിയിൽവെച്ച് അമാലേക് നിന്നോടു ചെയ്തത്, അവൻ ദൈവത്തെ ഭയപ്പെടാതെ വഴിയിൽ നിന്റെ നേരെ വന്ന് നീ ക്ഷീണിച്ചും തളർന്നും ഇരിക്കുമ്പോൾ നിന്റെ പിമ്പിൽ പിന്നണിയിലുള്ള ബലഹീനരെ ഒക്കെയും സംഹരിച്ച കാര്യം തന്നേ ഓർത്തുകൊൾക.’’*
*ആവ. 25-17-18.*

*‘‘നീ അമാലേക്കിന്റെ ഓർമ്മയെ ആകാശത്തിൻകീഴിൽ നിന്ന് മായിച്ചുകളയേണം; ഇതു മറന്നുപോകരുത്.’’ ആവ. 25-19.*

അമാലേക് ദൈവജനത്തിന്റെ ശത്രു. ദൈവജനത്തിന്റെ പ്രതിയോഗിയായ സാത്താന്റെ പ്രതീകമാണ് അമാലേക്. അമാലേക്കിനെ ഓർത്തുകൊൾവിൻ. അമാലേക് നിന്നോട് ദ്രോഹം ചെയ്തത് ഓർത്തുകൊൾവിൻ. നിന്റെ ജീവിതയാത്രയിൽ അവൻ നിന്റെ നേരെ വന്ന് എതിർത്തതും സംഹരിച്ചതും ഓർത്തുകൊൾവിൻ, നിന്റെ പിന്നണിയിലുള്ള ബലഹീനരെ അവൻ സംഹരിച്ച കാര്യം നിങ്ങൾ ഓർത്തുകൊൾവിൻ.

‘‘ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞ് ചുറ്റിനടക്കുന്നു.’’ 1 പത്രോസ് 5:8.

ആമോസ് പ്രവാചകൻ പറഞ്ഞു:

''ഇരയില്ലാതിരിക്കുമ്പോൾ സിംഹം കാട്ടിൽ അലറുമോ? ഒന്നിനെയും പിടിച്ചിട്ടല്ലാതെ ബാല സിംഹം ഗുഹയിൽനിന്ന് ഒച്ച പുറപ്പെടുവിക്കുമോ?'' ആമോസ് 3:4.

എതിരാളിയായ പിശാചിന് ഇരയായി മനുഷ്യനെ ലക്ഷ്യമിട്ടിരിക്കയാണ്. ഈ ഇരയെക്കണ്ടാണ് സാത്താൻ ഗർജ്ജിക്കുന്നത്. അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനുമത്രേ സാത്താൻ വരുന്നത്. എത്രയെത്ര വിശ്വാസവീരൻമാരെ അവൻ സംഹരിച്ചു! എത്രയെത്ര വിശുദ്ധൻമാരെ അവൻ മുടിച്ചു! എത്രയെത്ര ദൈവമക്കളുടെ ആത്മീയസ്വത്ത് അവൻ കവർച്ച ചെയ്തു!

ദൈവപൈതലേ, സാത്താന്റെ തന്ത്രങ്ങളെ നീ മറക്കരുത്. പൗലോസ് പറഞ്ഞു:

''നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറച്ചുനില്പാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ.'' എഫേസ്യർ 6:12-13.

അമാലേക്യനോടു എതിർത്തുനില്ക്കണമെന്നാണ് ദൈവത്തിന്റെ കല്പന. ''പിശാചിനോട് എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും'' എന്ന് യാക്കോബ് പറയുന്നുണ്ട്. ''സാത്താൻ നമ്മെ തോല്പിക്കരുത്. അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലൊ'' എന്ന് പൗലോസും നമ്മെ ഓർമ്മപ്പെടുത്തുന്നു. 2 കൊരി. 2:11.

അമാലേക് ഏശാവിന്റെ മകനായ എലീഫാസിന് വെപ്പാട്ടിയായ തിമ്നയിലുണ്ടായ മകനാണ്. അവന്റെ ജനനത്തിൽത്തന്നെ അശുദ്ധി വ്യാപിച്ചു. അവന്റെ പിൻഗാമികളാണ് അമാലേക്യർ. ഉല്പത്തി 36:12.

ദൈവജനത്തെ എതിർത്തവരാണ് എന്നും അമാലേക്യർ. യിസ്രായേൽ ജനം ചെങ്കടൽ കടന്ന് കനാനിലേക്ക് പ്രയാണം ചെയ്തപ്പോൾ രെഫീദീമിൽ വച്ച് അമാലേക്യർ വന്ന് യിസ്രായേലിനോട് യുദ്ധം ചെയ്തു. യോശുവ അമാലേക്യരെ അന്നു തോല്പിച്ചു. മോശ അന്നു പറഞ്ഞു:

‘‘യഹോവയുടെ സിംഹാസനത്താണ യഹോവയ്ക്ക് അമാലേക്കിനോട് തലമുറതലമുറയായി യുദ്ധം ഉണ്ട്.’’ പുറപ്പാട് 17:16.

അമാലേക്യരെ ന്യായാധിപൻമാരുടെ കാലത്ത് ഗിദയോൻ തോല്പിച്ചു ചിതറിച്ചു. ന്യായാധിപൻമാർ 7:22, 8:12.

ശൗൽ രാജാവ് അമാലേക്യരെ തോല്പിച്ചു. ‘‘അവൻ ചെന്നേടത്തൊക്കെയും ജയം പ്രാപിച്ചു. അവൻ ശൗര്യം പ്രവർത്തിച്ചു അമാലേക്യരെ ജയിച്ചു; യിസ്രായേൽക്കാരെ കവർച്ചക്കാരുടെ കൈയിൽനിന്നു വിടുവിച്ചു.’’ 1 ശമുവേൽ 14:48.

ജീവനുള്ള ദൈവം ശമുവേലിൻെറ നാവിൽകൂടെ ശൗലിനോട് അരുളിച്ചെയ്തു:

‘‘യിസ്രായേൽ മിസ്രയീമിൽനിന്നു പുറപ്പെട്ടുവരുമ്പോൾ വഴിയിൽവെച്ച് അമാലേക് അവരെ ആക്രമിച്ചു അവരോട് ചെയ്തതിനെ ഞാൻ കുറിച്ചുവെച്ചിരിക്കുന്നു. ആകയാൽ നീ ചെന്ന് അമാലേക്യരെ തോല്പിച്ച് അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളക; അവരോട് കനിവുതോന്നരുത്; പുരുഷൻമാരെയും സ്ത്രീകളെയും കുട്ടികളെയും മുല കുടിക്കുന്നവരെയും കാള, ആട്, ഒട്ടകം, കഴുത എന്നിവയെയും സംഹരിച്ചുകളയുക.’’ 1 ശമുവേൽ 15:2-3.

ശത്രുവായ പിശാചിനോടും പിശാചിന് അവകാശപ്പെട്ട പാപത്തോടും യാതൊരു അയവുമില്ലാത്ത സമീപനമാണ് നമുക്കുണ്ടായിരിക്കേണ്ടത്. ‘‘പാപത്തോട് പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തുനിന്നിട്ടില്ല’’ എന്നാണ്

എബ്രായലേഖനം പന്ത്രണ്ടാം അദ്ധ്യായം നാലാം വാക്യത്തിൽ പറയുന്നത്.

പാപത്തെയും പിശാചിനെയും അറപ്പോടും വെറു പ്പോടും കൂടെ നാം കാണേണ്ടതാണ്. പാപത്തോട് ഒരു വിട്ടു വീഴ്ചയും പാടില്ല; ഒരു ഒത്തുതീർപ്പും പാടില്ല. പാപത്തെ ക്രിസ്തുവിൻെറ തിരുരക്തത്തിൻെറ ശക്തിയാൽ ജയിച്ചെങ്കിൽ മാത്രമേ നിത്യജീവൻ അവകാശമാക്കുകയുള്ളൂ.

മാന്യസ്നേഹിതരേ, നിങ്ങൾ സാത്താൻെറ യുദ്ധതന്ത്ര ങ്ങളെ ജയിക്കുവാനും പാപത്തെ കീഴടക്കി മുന്നേറുവാനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ജയം തരുവാൻ ക്രിസ്തു ഉണ്ട്. ക്രിസ്തു സാത്താൻെറ തല തകർത്തവനാണ്. അവൻ ക്രൂശിൽ സാത്താനെ ആയുധവർഗ്ഗം വെപ്പിച്ചവനാണ്. അവൻ ക്രൂശിൽ സാത്താൻെറ മേൽ ജയോത്സവം കൊണ്ടാടിയവ നാണ്. അവൻ ക്രൂശിൽ സാത്താനെ തോല്പിച്ച് അവനെ പരസ്യ മായ കാഴ്ചയാക്കിയവനാണ്. കൊലോസ്യർ 2:14-15.

ശൗൽ അമാലേക്യരെയെല്ലാം സംഹരിച്ചെങ്കിലും ഒരു അമാ ലേക്യനെ കൊല്ലാതെ രക്ഷിച്ചു. ശമുവേൽ ശൗലിനോട് വളരെ വ്യക്തമായി പറഞ്ഞിരുന്നതാണ്.

‘‘സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു: യിസ്രായേൽ മിസ്രസീമയിൽനിന്ന് പുറപ്പെട്ടുവരുമ്പോൾ വഴി യിൽവെച്ച് അമാലേക് അവരെ ആക്രമിച്ചു അവരോടു ചെയ്ത തിനെ ഞാൻ കുറിച്ചുവെച്ചിരിക്കുന്നു. ആകയാൽ നീ ചെന്ന് അമാലേക്യരെ തോല്പിച്ചു അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളയുക; അവരോടു കനിവുതോന്നരുത്; പുരു ഷൻമാരെയും സ്ത്രീകളെയും കുട്ടികളെയും മുലകുടിക്കുന്നവ രെയും കാള, ആട്, ഒട്ടകം, കഴുത എന്നിവയെയും സംഹരിച്ചു കളക.’’ 1 ശമൂവേൽ 15:2-3.

എന്നാൽ ശൗൽ ആ വചനം കൃത്യമായി അനുസരിച്ചില്ല. അമാലേക്യരെ സംഹരിച്ചെങ്കിലും അമാലേക്യരുടെ രാജാവായ

ആഗാഗിനെ ജീവനോടെ പിടിച്ചു. മാത്രമല്ല, ആട്, മാട്, തടിച്ച മൃഗം എന്നിവയിൽ മേത്തരമായവയെയും കുഞ്ഞാടുകളെയും ഉത്തമമായവയെ ഒക്കെയും നിർമ്മൂലമാക്കുവാൻ മനസ്സില്ലാതെ ജീവനോടെ സൂക്ഷിച്ചു. 15:8-9.

ദൈവകല്പന മുഴുവനായി അനുസരിക്കാതെ പോയ ശൗലിനെ ഓർത്ത് ദൈവം അതിവേദനപ്പെട്ടു, ദൈവം അരുളി ചെയ്തു:

''ഞാൻ ശൗലിനെ രാജാവായി വാഴിച്ചതിനാൽ എനിക്കു മനസ്താപമായിരിക്കുന്നു; അവൻ എന്നെ വിട്ടുമാറിയിരിക്കുന്നു; എൻെറ കല്പനകളെ നിവർത്തിച്ചതുമില്ല'' 15:10-11.

മാന്യ സഹോദരങ്ങളേ, ദൈവകല്പന മുഴുവനായി അനുസരിക്കാതെ, ഭാഗികമായി അനുസരിച്ച് നിങ്ങൾ തൃപ്തിപ്പെട്ടിരിക്കുകയാണ്. അമാലേക്യർ പൈശാചികസേനയുടെ പ്രതീകങ്ങളാണ്. സാത്താൻ അവകാശം പറയുന്നതെന്തെങ്കിലും നിങ്ങളുടെ ജീവിതത്തിലിനിയും ഉണ്ടോ? പാപങ്ങൾ മുഴുവനായി മാറ്റാതെ ഇനിയും ജീവിതത്തിൽ മുറുകെപ്പറ്റുന്ന പാപങ്ങളെന്തെങ്കിലും ഉണ്ടോ? അമാലേക്യരെ മുഴുവനായി നശിപ്പിച്ചുവോ? മദ്യപാനവും പുകവലിയും സിനിമയും വെറിക്കൂത്തും ഞാൻ വിട്ടുവല്ലോ, ഞാൻ കൂട്ടായ്മകളിൽ മുടങ്ങാതെ വന്ന് വചനം കേൾക്കുന്നുണ്ടല്ലോ എന്ന് സ്നേഹിതാ, നീ സ്വയം തൃപ്തനായി കഴിയുകയാണോ? നിൻെറ കോപവും മുഷിച്ചിലും ഇന്നും മാറാതെ നില്ക്കുകയല്ലേ? ഇന്നും നിൻെറ ഹൃദയത്തിൽ ചിലരോട് പരിഭവവും മുഷിച്ചിലും ഈർഷ്യയുമില്ലേ? ഇന്നും നിൻെറ വാക്കുകൾ നിൻെറ ഭാര്യയുടെ ഹൃദയത്തെ മുറിപ്പെടുത്തുന്നില്ലേ? നിൻെറ വാക്കുകളും പെരുമാറ്റവും നിൻെറ ഭാര്യയുടെ സ്വന്തപ്പെട്ടവരെ അപമാനിക്കുന്നതും വില കുറച്ചുകാണിക്കുന്നവയുമല്ലേ? മകനേ, അമാലേക്യനെ നീ സംഹരിച്ചില്ലല്ലോ. ചില അമാലേക്യർ ഇന്നും ജീവനോടിരിക്കുന്നുവല്ലൊ.

പ്രിയ സഹോദരീ, നിൻെറ ഭർത്താവിനെ തരം താഴ്ത്തി നീ കാണുന്നുണ്ടോ? ഭർത്താവിൻെറ ആളുകളെക്കുറിച്ച് നിനക്ക്

പുച്ഛവും തുച്ഛീകരണവുമാണോ? നിന്റെ മരുമകളെ ഒരു വേലക്കാരിയെപ്പോലെയാണോ നീ കാണുന്നത്? നിന്റെ മരുമകളെ വിലയിടിച്ച് കാണാറില്ലേ? നിന്റെ മരുമകൾക്ക് ഒരു സ്വാതന്ത്ര്യവും കൊടുക്കാതെ നീ എല്ലാം അടക്കി വാഴുകയാണോ?

സ്നേഹിതാ, നിന്റെ പണസംബന്ധമായ കാര്യങ്ങളിൽ നീ പൂർണ്ണവിശ്വസ്തനാണോ? കടം വാങ്ങാനുള്ള ഉത്സാഹം കടം വീട്ടാനുണ്ടോ? പണസംബന്ധമായ കാര്യങ്ങളിൽ നീ സത്യസന്ധത പുലർത്തുന്നുണ്ടോ? പണത്തിന്റെ വരുമാനത്തിലും ചെലവു ചെയ്യുന്നതിനും ദൈവം പ്രസാദിക്കുമോ? ശ്രദ്ധിച്ചു നോക്കൂ. ചില അമാലേക്യർ ഇന്നും ജീവനോടുകൂടിയിരിക്കുന്നുണ്ടല്ലോ. ദൈവം നിന്നെ നോക്കി വ്യസനിക്കുകയാണല്ലോ.

പ്രിയ ദൈവപൈതലേ, നീ ആരെയെങ്കിലും ദുഷിച്ച് സംസാരിക്കാറുണ്ടോ? മറ്റുള്ളവരുടെ കുറ്റം നീ പറയാറുണ്ടോ? നിന്റെ അഭിപ്രായത്തോട് യോജിക്കാത്തവരോട് നീ അസഹിഷ്ണുത പുലർത്താറുണ്ടോ? മറ്റുള്ളവർക്ക് വരുന്ന കഷ്ടതയിൽ നിന്റെ ഉള്ളം നിഗൂഢമായി സന്തോഷിക്കുന്നുവോ? ആരെക്കുറിച്ചെങ്കിലും മിഥ്യാപവാദം പറഞ്ഞുപരത്തിയിട്ടുണ്ടോ? ആരുടെയെങ്കിലും ജനസമ്മതി കുറഞ്ഞുപോകത്തക്കവണ്ണം തെറ്റിദ്ധാരണാജനകമായി നീ സംസാരിച്ചിട്ടുണ്ടോ? നീ അർദ്ധസത്യങ്ങൾ പറഞ്ഞിട്ടുണ്ടോ? നീ അമാലേക്യരെ മുഴുവനായി ഉൻമൂലനം ചെയ്തില്ലല്ലോ.

ശമൂവേൽ ദൈവത്തിന്റെ അരുളപ്പാട് ശൗലിനോട് പറഞ്ഞു: ‘‘യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്ക് പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്. മത്സരം ആഭിചാരദോഷംപോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു. നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തിൽ നിന്ന് തള്ളിക്കളഞ്ഞിരിക്കുന്നു.’’ 1 ശമൂവേൽ 15:22-23.

അമാലേക്യരെ മുഴുവൻ സംഹരിക്കാനിരുന്നത് ശൗലിൻെറ മേലുണ്ടായിരുന്ന അനുഗ്രഹം മാറുന്നതിന് കാരണമായി. ശൗലിന് ന്യായമുണ്ടായിരുന്നു. ശൗൽ പറഞ്ഞത്:

''ഞാൻ യഹോവയുടെ കല്പന അനുസരിച്ചു യഹോവ എന്നെ അയച്ച വഴിക്കുപോയി. അമാലേക് രാജാവായ ആഗാഗിനെ കൊണ്ടുവന്നു അമാലേക്യരെ നിർമ്മൂലമാക്കി ക്കളഞ്ഞു. 15:20.

അമാലേക്യരെ എല്ലാം ഞാൻ നശിപ്പിച്ചു, അമാലേക് രാജാ വായ ആഗാഗിനെ മാത്രം ഞാൻ ജീവനോടെ പിടിച്ചുകൊണ്ടു വന്നു എന്നു ശൗൽ പറയുന്നതിൽ സ്വയം ന്യായീകരിക്കുക യാണ്. എന്നാൽ അമാലേക്യരെയെല്ലാം നശിപ്പിച്ചില്ല എന്ന് തിരുവചനം തുടർന്നു വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും. അമാലേക്യരാരും ശേഷിക്കാതെ എല്ലാവരെയും ഉൻമൂലനം ചെയ്തു എന്ന് ശൗൽ പറയുന്നുണ്ടെങ്കിലും അമാലേക്യർ ശേഷി പ്പുണ്ടായിരുന്നു എന്ന് ശമൂവേൽ പ്രവാചകൻെറ രണ്ടാമത്തെ പുസ്തകം ഒന്നാമദ്ധ്യായത്തിൽ നമുക്ക് കാണാം.

ശൗലും മകനായ യോനാഥാനും വധിക്കപ്പെട്ടു എന്ന വാർത്ത കൊണ്ടുവന്നവനോട് ദാവീദ് ചോദിച്ചു: ''ശൗലും അവൻെറ മകനായ യോനാഥാനും പട്ടുപോയത് നീ എങ്ങനെ അറിഞ്ഞു?'' അവൻ പറഞ്ഞു: ''ഞാൻ ഒരു അമാലേക്യൻ. ഞാൻ ശൗലിൻെറ അടുത്തുചെന്ന് ശൗലിനെ കൊന്നു.'' 1 ശമു. 1:5-10.

ശൗൽ അമാലേക്യരെ ഉൻമൂലനം ചെയ്യാൻ മടിച്ചു. ഒരു അമാലേക്യൻ തന്നെ ശൗലിനെ കൊന്നു.

പ്രിയ സ്നേഹിതാ, നിൻെറ ജീവിതത്തിലെ രഹസ്യപാപ ങ്ങളെ കൊല്ലുവാൻ നീ ഇന്നും മടിച്ചു നില്ക്കുകയാണ്. ദൈവ ത്തിൻെറ പരിശുദ്ധാത്മാവ് പല പ്രാവശ്യം നിന്നോടു വാദിച്ചു. നിൻെറ ജഡത്തെയും സ്വയത്തെയും ലോകസ്നേഹത്തെയും മരിപ്പിക്കുവാൻ എത്ര പ്രാവശ്യം നിൻെറ പുറകിൽ നടന്നു കൊണ്ട് പരിശുദ്ധാത്മാവ് ആഹ്വാനം ചെയ്തു? നീ അതിന്

ചെവി കൊടുത്തില്ല. ആ പാപം നിന്നെ കൊല്ലും. നിന്നെ നിത്യാ ന്ധകാരത്തിലേക്ക് നയിക്കും. നിത്യദണ്ഡനത്തിലേക്ക് നിന്നെ കൊണ്ടുപോകും. നീ പാപത്തെ കൊന്നില്ലെങ്കിൽ പാപം നിന്നെ കൊല്ലും. നീ നിന്റെ പാപത്തെ കണ്ടെത്തി ഉപേക്ഷിച്ചില്ലെങ്കിൽ പാപം നിന്നെ കണ്ടെത്തി നശിപ്പിക്കും. "Be sure your sin will find you out." തീർച്ചയായും നിന്റെ പാപം നിന്നെ കണ്ടെത്തും. നീ എവിടെ ഒളിച്ചിരുന്നാലും നിന്റെ പാപം നിന്നെ കണ്ടെത്തും. അമാലേക്യനെ ഓർത്തുകൊൾവിൻ.

നീ നിന്റെ പാപത്തെ ഉപേക്ഷിപ്പാൻ നിനക്കു കൃപ തരാനായി ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നുണ്ട്. നിന്റെ പാപത്തിന്റെ ശിക്ഷയേറ്റു ക്രൂശിൽ മരിച്ചവനാണ് കർത്താവായ യേശുക്രിസ്തു. അവനിതാ, നിന്റെ അരികത്തു നില്ക്കുന്നു. അവന്റെ ആണിപ്പാടുള്ള കരങ്ങൾ നിന്റെ നേരെ നീട്ടിയിരിക്കുന്നു. നീ നിന്റെ ജീവിതം ഒരു വ്യവസ്ഥയും കൂടാതെ അവന്റെ കരങ്ങളിലേക്ക് നീ സമർപ്പിക്കൂ. അവൻ നിന്നെ സ്വീകരിക്കും. അവൻ നിന്റെ പാപക്കറകൾ മായിച്ചു തരും. അവൻ നിനക്ക് ഒരു പുതിയ ജീവിതം തരും. അവൻ ശോഭ നമായ ഭാവി നിനക്കു തരും. അവൻ നിന്നെ സ്വർഗ്ഗത്തിന്റെ അവകാശിയാക്കിത്തീർക്കും. അവനെ സ്വീകരിക്കൂ. അവനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കൂ. അവനോടു ചേർന്നു വിശുദ്ധിയും വിശ്വാസവും സ്നേഹവും കൈമുതലാക്കിക്കൊണ്ടു മുന്നോട്ടുപോകൂ. ''അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോടു കല്പി ക്കുന്നു.'' അപ്പോ. 17:30.

★ ★ ★

# പത്ത്

*''ലോത്തിൻെറ ഭാര്യയെ ഓർത്തുകൊൾവിൻ.'' ലൂക്കോസ് 17-32.*

അന്ത്യനാളുകളെപ്പറ്റി കർത്താവായ യേശുക്രിസ്തു തൻെറ ശിഷ്യൻമാരോടു സംസാരിക്കുകയായിരുന്നു. കർത്താവിൻെറ ദിവസം, മനുഷ്യപുത്രൻെറ നാൾ എന്ന കാര്യം കർത്താവ് അവരോടു പറഞ്ഞു. നോഹയുടെ കാലം പോലെയായിരിക്കും മനുഷ്യപുത്രൻെറ നാൾ എന്ന് കർത്താവ് അരുളി ചെയ്തു.

''നോഹയുടെ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്നു; അവരെ എല്ലാവരെയും മുടിച്ചുകളഞ്ഞു.'' ലൂക്കോസ് 17:27.

തുടർന്ന് ആ നാളുകളെ ലോത്തിൻെറ കാലത്തോട് കർത്താവ് സദൃശമാക്കി സംസാരിച്ചു:

''ലോത്തിൻെറ കാലത്ത് സംഭവിച്ചതുപോലെയും തന്നേ; അവർ തിന്നും കുടിച്ചും കൊണ്ടും വിറ്റും നട്ടും പണിതും പോന്നു. എന്നാൽ ലോത്ത് സോദോം വിട്ട നാളിൽ ആകാശത്തു നിന്ന് തീയും ഗന്ധകവും പെയ്തു എല്ലാവരെയും മുടിച്ചുകളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നേ ആകും. അന്ന് വീട്ടിൻമേൽ ഇരിക്കുന്നവൻ വീട്ടിന്നകത്തുള്ള സാധനം എടുപ്പാൻ ഇറങ്ങിപ്പോകരുത്, അവ്വണ്ണം വയലിൽ ഇരിക്കുന്നവനും പിന്നോക്കം തിരിയരുത്. ലോത്തിൻെറ ഭാര്യയെ ഓർത്തുകൊൾവിൻ.'' 17:28-32.

ലോത്തിൻെറ ഭാര്യ തലമുറകൾക്ക് ഒരു മുന്നറിയിപ്പാണ്. സോദോം വിട്ട് ഓടിയതാണ്. നശിക്കുന്ന ദേശം വിട്ട് ഓടിയ താണ്. നാശപട്ടണം വിട്ട് ഓടുന്ന ഭർത്താവിൻെറ കൂടെ ഓടിയ താണ്. അനുഗൃഹീതനായ ഒരു ദൈവപുരുഷൻെറ ഭാര്യയാകാൻ ഭാഗ്യം ലഭിച്ചവളാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹാ മിൻെറ കുടുംബത്തോട് ബന്ധം ലഭിച്ചവളാണ്. ദൈവദൂതൻമാർ വന്ന് സ്വന്തഭവനത്തിൽ താമസിക്കാൻ ഭാഗ്യം ലഭിച്ചവളാണ്. ദൈവദൂതൻമാർ എടുത്ത് സോദോമിന് വെളിയിൽ കടത്തി വിടുക എന്ന അത്ഭുത സൗഭാഗ്യം സിദ്ധിച്ചവളാണ്. സ്വന്തം മക്കളോടൊരുമിച്ച് നാശപട്ടണം വിട്ട് ഓടിയവളാണ്. എന്നാൽ അവൾക്ക് രക്ഷനേടാൻ കഴിഞ്ഞില്ല, അവൾക്ക് ഓട്ടം പൂർത്തീക രിപ്പാൻ കഴിഞ്ഞില്ല. അവൾക്ക് ലക്ഷ്യസ്ഥാനത്തെത്താൻ കഴി ഞ്ഞില്ല.

ലോത്തിൻെറ ഭാര്യ വഴിമദ്ധ്യത്തിൽ ഉപ്പുതൂണായിപ്പോയി. അവൾ നഷ്ടപ്പെട്ടുപോയി. വരുംകാല തലമുറകൾക്ക് ഒരു താക്കീ തായി ലോത്തിൻെറ ഭാര്യ ഒരു ഉപ്പുതൂണായി സോവാറിലേ ക്കുള്ള വഴിയിൽ നില്ക്കുകയാണ്. പുറപ്പെട്ടു; പക്ഷേ അവസാ നംവരെ ഓടാൻ കഴിഞ്ഞില്ല. യാത്ര തുടങ്ങി; പക്ഷേ ആ യാത്ര പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. വചനം ലഭിച്ചു; പക്ഷേ ആ വചനം അനുസരിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞില്ല. മുന്നറിയിപ്പ് ലഭിച്ചു; പക്ഷേ ആ മുന്നറിയിപ്പ് പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല.

ലോത്തിൻെറ ഭാര്യയെ ഓർത്തുകൊൾവിൻ. ലോത്തി നെയും ഭാര്യയെയും രണ്ടു പുത്രിമാരെയും ദൈവദൂതൻമാർ കൈക്കുപിടിച്ചു പട്ടണത്തിൻെറ പുറത്തുകൊണ്ടുപോയി ആക്കിയതാണ്.

‘‘ജീവരക്ഷയ്ക്കായി ഓടിപ്പോക. പുറകോട്ടു നോക്കരുത്. ഈ പ്രദേശത്തെങ്ങും നില്ക്കയുമരുത്’’ എന്ന് ദൂതൻമാർ കല്പി ച്ചതുമാണ്. ഉല്പത്തി 19:17.

''എന്നാൽ ലോത്തിൻെറ ഭാര്യ അവൻെറ പിന്നിൽനിന്ന് തിരിഞ്ഞുനോക്കി ഉപ്പുതൂണായി ഭവിച്ചു.'' 19:26.

ലോത്തിൻെറ ഭാര്യയെക്കുറിച്ച് പറയുമ്പോൾ നമ്മുടെ കർത്താവ് അരുളി ചെയ്യുന്നു:

''തൻെറ ജീവനെ നേടുവാൻ നോക്കുന്നവനെല്ലാം അതിനെ കളയും. അതിനെ കളയുന്നവനെല്ലാം അതിനെ രക്ഷിക്കും.'' ലൂക്കോസ് 17:33.

തന്നെത്തന്നെ ത്യജിക്കുന്നവനു മാത്രമേ കർത്താവിൻെറ പിന്നാലെ പോകാൻ സാധിക്കുകയുള്ളൂ.

ഒരിക്കൽ വലിയ പുരുഷാരം കർത്താവിൻെറ പിന്നാലെ പോവുകയായിരുന്നു. അവരെ നോക്കി കർത്താവു പറഞ്ഞു:

''എൻെറ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരൻമാരെയും സഹോദരിമാരെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന്നു എൻെറ ശിഷ്യനായിരിപ്പാൻ കഴികയില്ല. അങ്ങനെ തന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളത് ഒക്കെയും വിട്ടു പിരിയുന്നില്ല എങ്കിൽ അവന്നു എൻെറ ശിഷ്യനായിരിപ്പാൻ കഴികയില്ല.'' ലൂക്കോസ് 14:25-34.

നഷ്ടപ്പെട്ട ആത്മാക്കളുടെ രക്ഷയെ സംബന്ധിച്ചിടത്തോളം തൻെറ വിരുന്നുശാല നിറയണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്.

''യജമാനൻ ദാസനോട് നീ പെരുവഴികളിലും വേലികൾക്കരികെയും പോയി, എൻെറ വീടു നിറയേണ്ടതിന്നു കണ്ടവരെ അകത്തുവരുവാൻ നിർബ്ബന്ധിക്ക.'' ലൂക്കോസ് 14:23.

എന്നാൽ ശിഷ്യത്വം വളരെ വിലപ്പെട്ടതാണ്. ശിഷ്യത്വത്തെ സംബന്ധിച്ചിടത്തോളം ആളുകളുടെ എണ്ണമല്ല, ഗുണമാണ്

കർത്താവ് നോക്കുന്നത്. (He is more concerned in quality than quantity) ശിഷ്യത്വം എന്ന പദം ക്രിസ്തുവിൻെറ അനുയായികൾക്ക് ഉപയോഗിക്കുന്നതായി ഇരുന്നൂറ്റി അറുപത്തിനാലു പ്രാവശ്യം സുവിശേഷങ്ങളിലും അപ്പോസ്തലപ്രവൃത്തികളിലും കാണുന്നുണ്ട്.

ശിഷ്യൻ ഒരിക്കലും തൻെറ ജീവനെ നേടുവാൻ നോക്കുകയില്ല. അതിനെ ത്യജിക്കും. അതാണ് വില കൊടുക്കുക എന്നു പറയുന്നത്. ലോത്തിൻെറ ഭാര്യ തൻെറ ജീവനെ നേടുവാൻ നോക്കി. അവൾ ഉള്ളംകൊണ്ട് ഒന്നും വിട്ടുപിരിഞ്ഞിരുന്നില്ല. പിന്നിൽ വിട്ടുപോകുന്ന സമ്പത്തും, ഭവനവും, ചുറ്റുപാടുകളും, നിക്ഷേപങ്ങളും, വസ്തുവകകളും വീട്ടുപകരണങ്ങളുമാണ് അവളുടെ ഉള്ളിൽ നിറഞ്ഞിരുന്നത്. അവളുടെ ശരീരം മുന്നോട്ട് ഓടുന്നുണ്ടായിരുന്നു. അവളുടെ ഹൃദയമോ പിന്നിലേക്ക് പാഞ്ഞുകൊണ്ടിരുന്നു. ശരീരം ഭർത്താവിൻെറയും മക്കളുടെയും കൂട്ടായ്മയിൽ ഓടിക്കൊണ്ടിരുന്നു. പക്ഷേ മനസ്സ് ചഞ്ചലമായി പിന്നിലേക്ക് കുതിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് അവൾ പിന്നിലേക്ക് നോക്കിയത്; അവൾ ദൈവവചനം അനുസരിക്കാതെ പോയത്.

ഇന്ന് അനേകം ദൈവമക്കളും ഇങ്ങനെയാണ്. കൂട്ടായ്മകളിൽ മുടങ്ങാതെ പങ്കെടുക്കും. പാട്ടു പാടും. സാക്ഷ്യം പറയും. ചിലപ്പോൾ വചനവും പറയും. മറ്റുള്ളവരെ ഉപദേശിക്കുകയും അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. വേദപുസ്തകം കൈയിലുണ്ടായിരിക്കും. ഒരു ആഹ്വാനം (ultar call) വരുമ്പോൾ ചാടി എഴുന്നേൽക്കുകയോ മുന്നോട്ടുവരികയോ ചെയ്യും. പക്ഷേ ഹൃദയം ലോകത്തിലെ അനേകമനേകം കാര്യങ്ങളിൽ കെട്ടപ്പെട്ട് കിടക്കുകയായിരിക്കും. ഭൗതികമായ കാര്യങ്ങളൊന്നിൽനിന്നും അവരുടെ ആന്തരിക ആളത്വത്തിന് മോചനമുണ്ടായിരിക്കയില്ല.

അപ്രകാരമുള്ള ആളുകളെ നോക്കിയാണ് കർത്താവ് വേദനിക്കുന്നത്. അവർ മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരിൽ ഒരാളായി നില്ക്കുക

യാണ്. അവർ ഭക്തിയുടെ വേഷം ധരിച്ച് അതിൻെറ ശക്തി ത്യജി ക്കുന്നവരാണ്.

അവരെക്കുറിച്ച് തിരുവചനം പറയുന്നതെന്താണെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ?

''മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാൻമാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു.'' ലൂക്കോസ് 15:7.

''അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്ന വരും അഹങ്കാരികളും ദൂഷകൻമാരും അമ്മയപ്പൻമാരെ അനുസ രിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്ത വരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയൻമാരും ഉഗ്രൻമാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യ ക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിൻെറ ശക്തി ത്യജിക്കുന്നവരുമാ യിരിക്കും.'' 2 തിമോഥെയോസ് 3:1-5.

മാന്യ സ്നേഹിതാ, നീ ക്രിസ്തുവിൻെറ ഒരു ശിഷ്യ നാണോ? സകലവും ത്യജിച്ച് ക്രിസ്തുവിനെ സ്നേഹിപ്പാൻ നീ തയ്യാറാണോ?

ഞാൻ മാനസാന്തരപ്പെട്ടിരുന്നു. പതിനേഴാമത്തെ വയസ്സിൽ സ്വന്തമനസ്സോടെ ഞാൻ ക്രിസ്തുവിനായി എൻെറ ജീവിതം വിട്ടുകൊടുത്തിരുന്നു. ശിശുപ്രായം മുതലേ വളരെ ദുഃഖത്തിലും നെടുവീർപ്പിലുമായിരുന്നു എൻെറ വീട്. എനിക്ക് ഒരു വയസ്സുള്ളപ്പോൾ എൻെറ അപ്പൻ മരിച്ചു. അപ്പനന്ന് മുപ്പത്തിമൂന്നു വയസ്സ് പ്രായം. അമ്മ മുപ്പതാമത്തെ വയസ്സിൽ വിധവയായി. വീട് ഉറങ്ങിപ്പോയി. എനിക്ക് രണ്ടു വയസ്സു ള്ളപ്പോൾ എൻെറ ചേട്ടനും മരിച്ചു. ചേട്ടന് അന്ന് പതിമൂന്നു വയസ്സു പ്രായം. ഞാൻ അമ്മയുടെ തോരാക്കണ്ണീരുകണ്ടാണ്

വളർന്നത്. അമ്മ നിരാശയോടിരുന്നു വിതുമ്പുന്നതും ഏങ്ങലടിക്കുന്നതും ഞാൻ കാണാറുണ്ട്. ഞാനും നിരാശയിലായി. അമ്മയും പെങ്ങളും ഞാനും ഞങ്ങൾ മൂന്നുപേർ മാത്രമുള്ള കുടുംബം.

ബാല്യം മുതൽ ഞങ്ങൾ മൂന്നുപേരും രോഗികൾ. എന്നും മരുന്നും ചികിത്സയും. പൈസയില്ല. ആഹാരത്തിന് മുട്ടുണ്ടായിട്ടില്ല. കൃഷിയുണ്ടായിരുന്നു, നെൽകൃഷി. പറമ്പിൽ കശുവണ്ടിയും കുരുമുളകും. പക്ഷേ, അതുകൊണ്ടൊന്നും ആവശ്യങ്ങൾക്ക് മതിയാകുമായിരുന്നില്ല. പക്ഷേ, ഒന്നിനും കുറവില്ലാതെ എന്റെ അമ്മയും പെങ്ങളും എന്നെ വളർത്തി.

ഞാൻ കൊടിയദുഃഖത്തിലും കടുത്ത നിരാശയിലുമായിരുന്നു. പതിനാറാമത്തെ വയസ്സിൽ പത്താം ക്ലാസ്സ് പാസ്സായി. തുടർന്ന് പഠിക്കാൻ പറ്റിയില്ല. കൃഷികാര്യങ്ങൾ നോക്കാനാരുമില്ല, ഞാൻ പിന്നെ ഒരേർ കാളയെ പൂട്ടി ഉഴുത് പാടത്തെ കൃഷി നടത്തി. ജീവിതമാകെ തകർന്നും വഴിമുട്ടിയും പോയ ആ കാലത്താണ് ഞാൻ ഞങ്ങളുടെ പള്ളിയിൽ ഒരു സുവിശേഷ പ്രസംഗം കേട്ടത്. അത് എന്റെ ഹൃദയത്തെ തൊട്ടു. ഞാൻ വചനം കേട്ടു പൊട്ടിക്കരഞ്ഞു. പള്ളിയകത്തിരുന്നുകൊണ്ട് ഞാൻ മന്ദം പറഞ്ഞു, ''കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക. മനസ്സറിഞ്ഞ് അരുതാത്തതൊന്നും എന്റെ ജീവിതത്തിൽ വരികയില്ല.''

അന്നു രാത്രി ഞാൻ വീട്ടിൽ വന്നിട്ട് തനിയെ എഴുന്നേറ്റിരുന്നു വീണ്ടും ദൈവസന്നിധിയിൽ സമർപ്പിച്ചു. എന്നന്നേക്കുമായി എന്റെ ജീവിതം തൃക്കരങ്ങളിലേക്ക് തരുന്നു എന്ന് ഞാൻ ഉള്ളു തകർന്ന് കർത്താവിനോടു പറഞ്ഞു. അങ്ങനെ പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടു.

തുടർന്ന് ഞാൻ ദൈവവേല ചെയ്യുവാൻ തുടങ്ങി. പള്ളിയിലെ ആരാധനകൾ, പ്രാർത്ഥനായോഗങ്ങൾ, സണ്ടെസ്കൂളുകൾ മുതലായ പ്രവർത്തനങ്ങൾ, പിന്നീട് കേരളത്തിനകത്തും പുറത്തും അനേകം യാക്കോബായ-ഓർത്തഡോക്സ് കൺവൻഷ

നുകളിൽ പ്രസംഗിച്ചു. ഓർത്തഡോക്സ് സഭയുടെ മിഷ്യൻ ബോർഡ് സെക്രട്ടറിയായും സ്വമേധയാ സുവിശേഷ സംഘ ത്തിൻെറ സെക്രട്ടറിയായും വളരെ വർഷങ്ങൾ പ്രവർത്തിച്ചു.

ഈ സുവിശേഷവേലകളിൽ മുഴുകി ജീവിച്ചപ്പോൾ എന്തെങ്കിലും ദുരുദ്ദേശമോ സ്ഥാപിത താല്പര്യമോ ഒന്നുമുണ്ടാ യിരുന്നില്ല. വളരെ ആത്മാർത്ഥമായിട്ടാണ് ദൈവവേല ചെയ്തത്. പ്രകടമായ പാപങ്ങളൊന്നും ജീവിതത്തിലില്ലല്ലൊ എന്ന ഒരു സംതൃപ്തിയും സ്വയം മതിപ്പും ഉണ്ടായിരുന്നു. എന്നാൽ ഹൃദയം നിറയെ അശുദ്ധ ചിന്തകളും ദുർവ്വികാരങ്ങളു മായിരുന്നു. ലോകത്തിലുയരണം, പണക്കാരനാകണം, മുതലായ ആഗ്രഹങ്ങൾ പാപമാണെന്ന് ചിന്തിച്ചിരുന്നില്ല. സഭയിലെ തിരു മേനിമാരുടെയും അച്ചൻമാരുടെയും സ്നേഹഭാജനമായിരുന്ന തുമൂലം സുവിശേഷവേലയിലും ഒരഹങ്കാരം ഉള്ളിലുണ്ടായി രുന്നു. മുപ്പത്താറാമത്തെ വയസ്സിൽ അതിനെല്ലാം ഒരു മാറ്റം ലഭിച്ചു. എൻെറ ഹൃദയപാപങ്ങളും മാറി ഹൃദയം വിശുദ്ധമാ യെങ്കിലേ ദൈവം എന്നിൽ പ്രസാദിക്കുകയുള്ളൂ എന്ന ഒരു വലിയ ബോദ്ധ്യം എനിക്കുണ്ടായി. ഞാൻ ഒരു ദിവസം രാത്രി പ്രസംഗം കഴിഞ്ഞ് വീട്ടിലെത്തിയതിനുശേഷം ഉറങ്ങാതിരുന്ന് എൻെറ പാപങ്ങളെല്ലാം ഒന്നൊന്നായി കണ്ടുപിടിച്ചു. എനിക്ക് പിണക്കം ഉള്ളവരോടു ചെന്ന് മാപ്പു ചോദിക്കുമെന്നും ചിലർക്ക് കൊടുത്തു തീർക്കാനുള്ളത് കൊടുത്തു തീർക്കു മെന്നും തീരുമാനിച്ചു. അശുദ്ധവികാരങ്ങളെയും അഴുക്കു ചിന്തകളെയും മേലിൽ മനസ്സിൽ വരാൻ സമ്മതിക്കുകയില്ലെന്ന് നിശ്ചയിച്ചു. എന്നെ മുഴുവനായി തിരുരക്തത്താൽ കഴുകി ശുദ്ധീകരിക്കണമേ എന്ന് തകർന്നു പ്രാർത്ഥിച്ചു. അത് 1973 മെയ് മാസം പത്താം തീയതി വ്യാഴാഴ്ച രാത്രിയായിരുന്നു.

പതിനൊന്നാം തീയതി വെള്ളിയാഴ്ച രാവിലെ ഒൻപതു മണി സമയത്ത് ഒരു വലിയ അത്ഭുതം ഉണ്ടായി. എൻെറമേൽ ഒരു വലിയ ശക്തി വ്യാപരിക്കുന്നതായി എനിക്കനുഭവമായി. ഞാനാകെ സ്നേഹത്താൽ നിറഞ്ഞതുപോലുള്ള അനുഭവം. ഒരു പ്രത്യേക ശക്തി എൻെറമേൽ ഇറങ്ങി ഒഴുകുന്ന അനുഭവം. എനി ക്കൊരിക്കലും മറക്കാനാവാത്ത ആ അനുഭവത്തിൻെറ ചൂടിൽ

തുടർന്ന് ഞാൻ വേല ചെയ്യാൻ തുടങ്ങി. തുടർന്ന് കോലഞ്ചേരി പ്രദേശത്തും ചുറ്റുപാടുമുള്ള അനേകം സ്ഥലങ്ങളിലും വലിയോരു ഉണർവ്വു വ്യാപിച്ചു.

ഈ മഹാഭാഗ്യം ലഭിച്ചതിനെ തുടർന്ന് അനേകർ തെറ്റിദ്ധരിക്കുകയും കളിയാക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തു. വളരെ സ്നേഹമായിരുന്നവർ ശത്രുക്കളെപ്പോലെ പെരുമാറാൻ തുടങ്ങി. ഈ അത്ഭുതസ്നേഹം അനുഭവിച്ച് ക്രൂശിൻെറ സാക്ഷിയായി അന്ത്യംവരെ നില്ക്കണമെന്നാണ് എൻെറ ആഗ്രഹം. വീരൻമാർ പട്ടുപോയ വഴിയാണെന്ന് അറിഞ്ഞ് എളിമയോടെ കർത്താവിൻെറ ഒരു വിശുദ്ധനായി നില്ക്കാൻ ഞാനീ ആയുസ്സ് ക്രൂശിലെ തിരുരക്തത്തിൽ പ്രതിഷ്ഠിച്ചിരിക്കയാണ്.

ലോത്തിൻെറ ഭാര്യയ്ക്ക് അബദ്ധം പിണഞ്ഞതുപോലെ ഈ വാക്കുകളെ കേൾക്കുന്ന ആർക്കും സംഭവിക്കരുതേ. പ്രിയ സഹോദരാ, മാന്യ സഹോദരീ, നീ നന്നായി ആരംഭിച്ചു. നന്നായിത്തന്നെ അവസാനിപ്പിക്കുവാൻ തീക്ഷ്ണതയോടെ ക്രിസ്തുവിൻെറ തിരുരക്തത്തിൽ ആശ്രയിച്ച് നില്ക്കുമോ? പഴയ നിയമത്തിലെ ശൗൽ നന്നായി ആരംഭിച്ചു. വളരെ ഹീനമായി അവസാനിച്ചു. പുതിയ നിയമത്തിലെ ശൗൽ വളരെ മോശമായി ആരംഭിച്ചു. വളരെ നന്നായി അവസാനിച്ചു. നല്ല അന്ത്യത്തിന് നമുക്കൊരുങ്ങാം. ലോത്തിൻെറ ഭാര്യയെ ഓർത്തുകൊൾവിൻ.

★ ★ ★

## പതിനൊന്ന്

*''എൻെറ ബന്ധനങ്ങളെ ഓർത്തുകൊൾവിൻ.'' കൊലോസ്സ്യ 4:18*

അപ്പോസ്തലനായ പൗലോസ് കൊലോസ്സ്യയിലെ വിശ്വാസികളെ ഓർമ്മിപ്പിക്കുകയാണ്: ''എൻെറ ബന്ധനങ്ങളെ ഓർത്തുകൊൾവിൻ.''

റോമൻ കാരാഗൃഹത്തിൽ പൗലോസ് സുവിശേഷം നിമിത്തം തടവുകാരനായി കിടന്ന കാലത്ത് എഴുതിയ ലേഖനങ്ങളിൽ ഒന്നാണ് കൊലോസ്സ്യ ലേഖനം. ഒന്നാം കാരാഗൃഹവാസ കാലത്ത് നാലു ലേഖനങ്ങൾ എഴുതി: എഫേസ്യ ലേഖനം, ഫിലിപ്യ ലേഖനം, കൊലോസ്സ്യ ലേഖനം, ഫിലെമോന് എഴുതിയ ലേഖനം. രണ്ടാമത്തെയും ഒടുവിലത്തെയും റോമൻ കാരാഗൃഹവാസകാലത്ത് എഴുതിയ ലേഖനങ്ങൾ മൂന്നാണ്. തിമോഥിയോസിന് എഴുതിയ ഒന്നാം ലേഖനം തീത്തോസിന് എഴുതിയ ലേഖനം, തിമോഥിയോസിന് എഴുതിയ രണ്ടാം ലേഖനം. ഈ മൂന്നു ലേഖനങ്ങളെയും ഇടയലേഖനങ്ങൾ (Pastoral epistles) എന്നു വിളിക്കുന്നു.

പൗലോസിൻെറ പതിന്നാലു ലേഖനങ്ങളിലും ഒന്നാമത് എഴുതിയ ലേഖനം തെസ്സലോനിക്യർക്ക് എഴുതിയ ഒന്നാം ലേഖനമാണ്. പതിന്നാലു ലേഖനങ്ങളിലും അപ്പോസ്തലൻ സന്ദർശിച്ചിട്ടില്ലാത്ത സ്ഥലത്തേക്ക് എഴുതിയ ലേഖനം കൊലോസ്സ്യ ലേഖനം മാത്രമാണ്.

അപ്പോസ്തലനായ പൗലോസ് കൊലോസ്സ്യയിലുള്ള വിശ്വാസികളെ ഓർമ്മപ്പെടുത്തുകയാണ്. ഞാൻ ബന്ധനത്തിലാണ്. ഞാൻ കാരാഗൃഹത്തിലാണ് എന്ന് നിങ്ങൾ ഓർത്തുകൊൾവിൻ.

''എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു'' എന്ന് ഫിലിപ്യ ലേഖനത്തിൽ പൗലോസ് പറയുന്നുണ്ട്. സുവിശേഷത്തിന്റെ പ്രതിവാദത്തിനായിട്ടാണ് പൗലോസ് കാരാഗൃഹത്തിൽ കിടക്കുന്നത് എന്ന് പൗലോസ് പിന്നെയും പറയുന്നു. ഫിലിപ്യ 1:13-16.

കർത്തൃസേവ നിമിത്തമാണ് ബന്ധനസ്ഥനായിരിക്കുന്നത് എന്ന് എഫെസ്യ ലേഖനത്തിൽ പൗലോസ് പറയുന്നു. 4:1. സുവിശേഷം നിമിത്തമാണ് തടവിലായിരിക്കുന്നത് എന്ന് ഫിലെമോന് എഴുതിയ ലേഖനത്തിലും പറയുന്നുണ്ട്. ഫിലെമോൻ 13.

എന്റെ ബന്ധനങ്ങളെ ഓർത്തുകൊൾവിൻ എന്ന് പൗലോസ് എഴുതിയത് എന്തുകൊണ്ടാണ്?

ഒന്നാമതായി, നഷ്ടപ്പെട്ട ആത്മാക്കൾക്കുവേണ്ടിയുള്ള അപ്പോസ്തലന്റെ സ്നേഹം വെളിപ്പെടുത്തുക എന്ന അഗാധമായ ആഗ്രഹമുണ്ടായിരുന്നു. കൊലോസ്സ്യസഭയിൽ അന്ന് ആടുകളുടെ ഇടയനായി ശുശ്രൂഷ ചെയ്യുന്ന അർഹിപ്പൊസിന് ആത്മാക്കളെക്കുറിച്ചുള്ള സ്നേഹവും ഭാരവും ഉണ്ടായിരിക്കണം എന്ന് പൗലോസ് ആഗ്രഹിച്ചു. ''എന്റെ ബന്ധനങ്ങളെ ഓർത്തുകൊൾവിൻ'' എന്നു പറയുന്നതിന് തൊട്ടുമുമ്പ് പൗലോസ് പറയുന്നത്:

''അർഹിപ്പോസിനോട് കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കേണം എന്നു പറവീൻ'' എന്നാണ്. കൊലോസ്സ്യർ 4:17.

കൊലോസ്സ്യയിലെ വിശ്വാസിയായ ഫിലെമോന്റെ മകനാണ് അർഹിപ്പൊസ്. ഒരു ഇടയൻ എന്ന നിലയ്ക്ക് ആടുകളെ

ക്കുറിച്ച് നല്ല ഉത്തരവാദിത്വം ഉണ്ടായിരിക്കണം. എങ്കിലേ കർത്താവിൻെറ ശുശ്രൂഷ വിശ്വസ്തതയോടെ നിവർത്തിപ്പാൻ സാധിക്കുകയുള്ളൂ എന്നാണ് അർഹിപ്പൊസിന് നൽകുന്ന പ്രബോധനം.

ആടുകളുടെ പാൽ കറന്നു കുടിക്കുകയും ആടുകൾക്ക് ആഹാരം കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഇടയൻമാരുണ്ട്. അതിനെക്കാൾ കഷ്ടം ആടുകളെ കൊന്ന് അതിൻെറ മാംസം തിന്നുന്ന ഇടയൻമാരുണ്ട് എന്നതാണ്. സഭകളും ഇടവകകളും ഭരിക്കുന്ന ഇടയൻമാർ ആടുകളെക്കുറിച്ച് സ്നേഹമോ കരുതലോ പരിഗണനയോ ഇല്ലാതെ സ്വാർത്ഥലാഭവും അഹന്തയും ഉള്ളിൽവെച്ചുകൊണ്ട് ചുമതലാബോധമില്ലാത്തവരായി വർത്തിക്കുന്നുണ്ട്. അവരെ തുമ്പുകെട്ട ഇടയൻ എന്നാണ് തിരുവെഴുത്ത് വിളിക്കുന്നത്.

''യഹോവ എന്നോടു കല്പിച്ചത്: നീ ഇനി ഒരു തുമ്പുകെട്ട ഇടയൻെറ കോപ്പ് എടുത്തുകൊൾക, ഞാൻ ദേശത്തിൽ ഒരു ഇടയനെ എഴുന്നേല്പിക്കും, അവൻ കാണാതെപോയവയെ നോക്കുകയോ ചിതറിപ്പോയവയെ അന്വേഷിക്കുകയോ മുറിവേറ്റവയെ പൊറുപ്പിക്കുകയോ ദീനമില്ലാത്തവയെ പോറ്റുകയോ ചെയ്യാതെ തടിച്ചവയുടെ മാംസം തിന്നുകയും കുളമ്പുകളെ കീറിക്കളകയും ചെയ്യും. ആട്ടിൻകൂട്ടത്തെ ഉപേക്ഷിച്ചുകളയുന്ന തുമ്പുകെട്ട ഇടയന്ന് അയ്യോ, കഷ്ടം! അവൻെറ ഭുജത്തിനും വലങ്കണ്ണിന്നും വരൾച്ച. അവൻെറ ഭുജം അശേഷം വരണ്ടും വലങ്കണ്ണു അശേഷം ഇരുണ്ടും പോകട്ടെ.'' സെഖര്യാവ് 11:15-17.

പുരോഹിതൻമാരോട് ദൈവം എത്ര കർക്കശമായിട്ടാണ് സംസാരിക്കുന്നത്.

''പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവൻെറ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചുവെയ്ക്കേണ്ടതും ഉപദേശം അവനോട് ചോദിച്ച് പഠിക്കേണ്ടതും അല്ലോ. നിങ്ങളോ വഴിവിട്ടുമാറി പലരെയും ഉപദേശത്താൽ ഇടറുമാറാക്കി ലേവിയുടെ നിയമം നശിപ്പിച്ചിരിക്കുന്നു എന്നു സൈന്യ

ങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. അങ്ങനെ നിങ്ങൾ എൻെറ വഴികളെ പ്രമാണിക്കാതെ ന്യായപാലനത്തിൽ പക്ഷഭേദം കാണിച്ചതുകൊണ്ട് ഞാനും നിങ്ങളെ സകലജനത്തിനും നിന്ദിതരും നീചരുമാക്കിയിരിക്കുന്നു.'' മലാഖി 2:7-9.

ഇടയൻമാർ അവിശ്വസ്തരായി ആടുകളെക്കുറിച്ച് സ്നേഹമില്ലാതെയും ഭാരമില്ലാതെയും ശുശ്രൂഷ ചെയ്യുന്നത് എത്രയോ ശാപകരമാകുന്നു!

യെഹസ്കേൽ പ്രവാചകൻെറ പുസ്തകം മുപ്പത്തിനാലാം അദ്ധ്യായം ഇടയൻമാരോടുള്ള ദൈവത്തിൻെറ അരുളപ്പാട് നിറഞ്ഞതാണ്.

''മനുഷ്യപുത്രാ, യിസ്രായേലിൻെറ ഇടയൻമാരെക്കുറിച്ച് പ്രവചിക്ക; നീ പ്രവചിച്ചു അവരോടു, ഇടയൻമാരോടുതന്നേ, പറയേണ്ടതു: യഹോവയായ കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു: തങ്ങളെത്തന്നെ മേയിക്കുന്ന യിസ്രായേലിൻെറ ഇടയൻമാർക്കു അയ്യോ കഷ്ടം! ആടുകളെ അല്ലയോ ഇടയൻമാർ മേയിക്കേണ്ടത്? നിങ്ങൾ മേദസ്സു തിന്നുകയും ആട്ടുരോമം ഉടുക്കയും തടിച്ചിരിക്കുന്നവയെ അറുക്കയും ചെയ്യുന്നു; ആടുകളെ നിങ്ങൾ മേയിക്കുന്നില്ലതാനും. നിങ്ങൾ ബലഹീനമായതിനെ ശക്തീകരിക്കയോ ദീനം പിടിച്ചതിനെ ചികിത്സിക്കയോ ഒടിഞ്ഞതിനെ മുറിവുകെട്ടുകയോ ചിതറിപ്പോയതിനെ തിരിച്ചുവരുത്തുകയോ കാണാതെപോയതിനെ അന്വേഷിക്കയോ ചെയ്യാതെ കഠിനതയോടും ക്രൂരതയോടും കൂടെ അവയെ ഭരിച്ചിരിക്കുന്നു. ഇടയൻ ഇല്ലായ്കകൊണ്ടു അവ ചിതറിപ്പോയി; ചിതറിപ്പോയിട്ടു അവ കാട്ടിലെ സകലമൃഗങ്ങൾക്കും ഇരയായിത്തീർന്നു. എൻെറ ആടുകൾ എല്ലാ മലകളിലും ഉയരമുള്ള എല്ലാ കുന്നിൻമേലും ഉഴന്നുനടന്നു; ഭൂതലത്തിൽ ഒക്കെയും എൻെറ ആടുകൾ ചിതറിപ്പോയി; ആരും അവയെ തിരകയോ അന്വേഷിക്കയോ ചെയ്തിട്ടില്ല. അതുകൊണ്ട് ഇടയൻമാരേ, യഹോവയുടെ വചനം കേൾപ്പിൻ; എന്നാണ, ഇടയനില്ലായ്കകൊണ്ടത്രേ എൻെറ ആടുകൾ കവർച്ചയായിപ്പോകയും എൻെറ ആടുകൾ കാട്ടിലെ സകല മൃഗത്തിനും ഇരയായിത്തീരുകയും ചെയ്തത്

എന്നു യഹോവയായ കർത്താവിൻെറ അരുളപ്പാട്; എൻെറ ഇടയൻമാർ എൻെറ ആടുകളെ അന്വേഷിക്കാതെ തങ്ങളെത്തന്നെ മേയിക്കയും ആടുകളെ മേയിക്കാതിരിക്കയും ചെയ്കകൊണ്ട്, ഇടയൻമാരേ, യഹോവയുടെ വചനം കേൾപ്പിൻ: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഇടയൻമാർക്കു വിരോധമായിരിക്കുന്നു; ഞാൻ എൻെറ ആടുകളെ അവരുടെ കയ്യിൽനിന്ന് ചോദിച്ചു, ആടുകളെ മേയിക്കുന്ന വേലയിൽ നിന്നു അവരെ നീക്കിക്കളയും; ഇടയൻമാർ ഇനി തങ്ങളെത്തന്നെ മേയിക്കയില്ല; എൻെറ ആടുകൾ അവർക്കു ഇരയാകാതെയിരിക്കേണ്ടതിന്നു ഞാൻ അവയെ അവരുടെ വായിൽനിന്നു വിടുവിക്കും.'' 34:2-10.

ആസ്യയിലെ മൂപ്പൻമാരെ കൂട്ടിവരുത്തി പൗലോസ് അവരോട് പറയുന്ന അന്തിമയാത്രാമൊഴിയിൽ അവരെ ഓർമ്മപ്പെടുത്തുന്നു:

''നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിൻെറ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യൻമാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷൻമാർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേല്ക്കും.'' അപ്പൊ.പ്രവൃത്തി. 20:28-30.

ആടുകളെ സ്നേഹിക്കുകയോ ആദരിക്കുയോ പോറ്റുകയോ മേയ്ക്കയോ ചെയ്യാത്ത ഇടയൻമാർ മൂലം ആടുകൾ ചിതറിപ്പോകുന്നു. കഷ്ടതയേറ്റായാലും പീഡ സഹിച്ചാണെങ്കിലും ആടുകളെക്കുറിച്ചുള്ള സ്നേഹംകൊണ്ട് ഇടയവൃത്തി ചെയ്യണമെന്നാണ് പൗലോസ് പറയുന്നത്:

''എൻെറ ബന്ധനങ്ങളെ ഓർത്തുകൊൾവിൻ.''

പൗലോസ് സഹിച്ച കഷ്ടതകളെക്കുറിച്ചും സർവ്വസഭ കളെയും കുറിച്ചുള്ള ചിന്താഭാരത്തെ സംബന്ധിച്ചും അപ്പോസ്തലൻ പറയുന്നതു നോക്കൂ:

''ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു; പലപ്പോഴും പ്രാണഭയത്തിലായി; യഹൂദരാൽ ഞാൻ ഒന്നു കുറയ നാല്പതു അടി അഞ്ചുവട്ടം കൊണ്ടു; മൂന്നുവട്ടം കോലിനാൽ അടി കൊണ്ടു; ഒരിക്കൽ കല്ലേറു കൊണ്ടു; മൂന്നുവട്ടം കപ്പൽച്ചേ തത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു; നദികളിലെ ആപത്ത്, കള്ളൻമാരാ ലുള്ള ആപത്ത്, സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരൻമാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണസംഗതികൾ ഭവിച്ചതു കൂടാതെ എനിക്കു സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്.'' 2 കൊരി. 11:23-28.

എൻെറ ബന്ധനങ്ങളെ ഓർത്തുകൊൾവിൻ എന്നു പറ യുമ്പോൾ ആത്മാക്കളെക്കുറിച്ചുള്ള ഈ സ്നേഹവും ദാഹവു മാണ് പ്രതിഫലിക്കുന്നത്.

രണ്ടാമതായി എല്ലാവരും നിർമ്മല സുവിശേഷം കേൾക്ക ണമെന്നുള്ള അഗാധമായ അഭിവാഞ്ഛയാണ് ഈ വാക്കുകളിൽ തുടിച്ചുനില്ക്കുന്നത്. സുവിശേഷത്തിൻെറ പ്രചാരത്തിനു വേണ്ടി എന്തു വില കൊടുക്കാനും പൗലോസ് തയ്യാറായിരുന്നു; മനസ്സായിരുന്നു. ക്രിസ്തു സ്വന്തജീവൻ ബലിയർപ്പിച്ച് ആത്മാ ക്കളെ വീണ്ടെടുത്ത ആ സ്നേഹം മുഴുവൻ ഉൾക്കൊണ്ടതുകൊ ണ്ടാണ് ഒന്നാം നൂറ്റാണ്ടിൽ യൂറോപ്പിനെയും ഏഷ്യയുടെ പടി ഞ്ഞാറൻ ഭാഗങ്ങളെയും സുവിശേഷംകൊണ്ട് ഇളക്കിമറിക്കാൻ പൗലോസിന് കഴിഞ്ഞത്. എന്തൊരു തീക്ഷ്ണതയും എരിവുമാ യിരുന്നു പൗലോസിനുണ്ടായിരുന്നത്! ''ക്രിസ്തുനിമിത്തം

ഭോഷൻ'' (fool for Christ sake) എന്ന് എണ്ണിക്കൊണ്ട് ''ഇത് യഹോവയ്ക്ക് വിശുദ്ധം'' എന്ന് നെറ്റിപ്പട്ടം കെട്ടിക്കൊണ്ട് നീങ്ങിയ പൗലോസിൻെറ ജീവിതം നമ്മെ ആവേശം കൊള്ളിക്കു ന്നില്ലേ? ആ നല്ല മാതൃക കണ്ടുകൊണ്ട്, നമ്മുടെ നാഥൻെറ സത്യ വചനം പേറിക്കൊണ്ട്, നിന്ദയും പഴിയും ദുഷിയും തെറ്റിദ്ധാര ണയും മിഥ്യാപവാദവും പുഞ്ചിരിയോടെ ഏറ്റുകൊണ്ട് കുതിക്കുവാൻ നമ്മുടെ ചങ്കും ചുവടും ത്രസിക്കുന്നില്ലേ? എങ്കിൽ കർത്താവായ യേശുവിൻെറ രണ്ടാമത്തെ വരവിങ്കൽ ആർപ്പോടെ മദ്ധ്യാകാശത്തിൽ പറന്നേറി അവനെ സ്തുതിപ്പാൻ നമുക്കു കഴിയുമെന്ന് നാം വിശ്വസിക്കുന്നില്ലേ? ക്രിസ്തു വിൻെറ പുനരാഗമനത്തിൽ വിശുദ്ധൻമാർ അവൻെറ കാഹള ധ്വനി കേട്ട് മദ്ധ്യാകാശത്തിലെത്തി അവനെ ആഘോഷത്തോടെ സ്തുതിക്കുമ്പോൾ, ''നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധിക ത്തിനു വിചാരകനാക്കും'' എന്ന ഇമ്പനാദം കേൾപ്പാൻ നമ്മുടെ കാതും കരളും കൊതിക്കുന്നില്ലേ? ഓരോരുത്തരോടും കണക്കു തീർക്കാൻ താലന്തുകളുടെ ഉടയവൻ മടങ്ങിവരുമ്പോൾ അവൻെറ സന്നിധിയിൽ പ്രസന്നതയോടും മുഖശോഭയോടും നിന്ന് അവനെ എതിരേല്പാൻ നമ്മുടെ ഹൃദയം കുതികൊള്ളു ന്നില്ലേ? ''കൊള്ളരുതാത്ത ദാസനേ, ദുഷ്ടനും മടിയനും ആയ ദാസനേ'' എന്നു താലന്തു മൂടിവെച്ച ദാസൻ കേട്ട ശബ്ദം എനിക്ക് കേൾക്കാനിടയാകരുതേ എന്ന് നമ്മുടെ ഹൃദയം കെഞ്ചു ന്നില്ലേ?

''ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികച്ചു; വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരി ക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവൻെറ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ'' എന്ന് പൗലോ സിനോടു ചേർന്ന് പറവാൻ നാം യോഗ്യരായോ? ശ്രേഷ്ഠ ഇടയൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിൻെറ വാടാത്ത കിരീടം പ്രാപിക്കും എന്ന ഉറപ്പോടും പ്രാഗത്ഭ്യത്തോടും കൂടിയിരിക്ക ണമെങ്കിൽ അപ്പോസ്തലനായ പത്രോസ് പറയുന്നതുപോലെ,

‘‘നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിൻെറ ആട്ടിൻ കൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബ്ബന്ധത്താലല്ല, ദൈവ ത്തിന്നു ഹിതമാംവണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെ യല്ല, ഉൻമേഷത്തോടെയും ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല ആട്ടിൻകൂട്ടത്തിന്ന് മാതൃകകളായിത്തീർന്നു കൊണ്ടും അദ്ധ്യക്ഷത ചെയ്‌വിൻ.’’ 1 പത്രോസ് 5:2-4.

★ ★ ★

# പന്ത്രണ്ട്

*''മനുഷ്യപുത്രനെ പാപികളായ മനുഷ്യരുടെ കൈയിൽ ഏല്പിച്ച് ക്രൂശിക്കയും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണം എന്നു പറഞ്ഞത് ഓർത്തുകൊൾവിൻ.'' ലൂക്കോസ് 24:7*

ക്രിസ്തുവിൻെറ ഉയിർപ്പിൻെറ ദിവസം, മഗ്ദലനമറിയാമും മറ്റു ചില സ്ത്രീകളും അതിരാവിലെ ഇരുട്ടുള്ളപ്പോൾ കല്ലറയ്ക്കൽ എത്തി. കല്ലറയുടെ വാതിൽക്കൽനിന്ന് നമുക്കു വേണ്ടി ആര് കല്ല് ഉരുട്ടിക്കളയും എന്നു തമ്മിൽ പറഞ്ഞു കൊണ്ടാണ് അവർ പോയത്. ക്രിസ്തുവിൻെറ തിരുശരീരത്തിൽ പൂശുവാൻ സുഗന്ധവർഗ്ഗം ഒരുക്കിക്കൊണ്ടാണ് അവർ പോയത്. അവർ അവിടെ ചെന്ന് നോക്കിയപ്പോൾ കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു. അവർ അകത്തു കടന്നപ്പോൾ കർത്താവിൻെറ ശരീരം കണ്ടില്ല. കല്ലറയിൽ തിരുശരീരം വെച്ചിരുന്നിടത്ത് ശീലകൾ കിടപ്പുണ്ടായിരുന്നു. കർത്താവിൻെറ തലയിൽ ചുററിയിരുന്ന റൂമാൽ ശീലകളോടുകൂടെ കിടക്കാതെ വേറിട്ട് ഒരിടത്ത് ചുരുട്ടിവെച്ചിരിക്കുന്നതു കണ്ടു.

തിരുശരീരം കാണാതെ അവർ അമ്പരപ്പോടും പരിഭ്രമത്തോടുംകൂടി അവിടെ നിന്നു. അപ്പോൾ മിന്നുന്ന വസ്ത്രം ധരിച്ച രണ്ടു പുരുഷൻമാർ അരികെ നില്ക്കുന്നതു കണ്ടു. അവർ കൂടുതൽ പരിഭ്രാന്തരായി. ഭയചകിതരായി നിന്നപ്പോൾ ആ പുരുഷൻമാർ അവരോടു പറഞ്ഞു:

''നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത്? അവൻ ഇവിടെ ഇല്ല. ഉയിർത്തെഴുന്നേറ്റിരി

ക്കുന്നു; മുമ്പെ ഗലീലയിൽ ഇരിക്കുമ്പോൾ തന്നേ അവൻ നിങ്ങ ളോട്, മനുഷ്യപുത്രനെ പാപികളായ മനുഷ്യരുടെ കൈയിൽ ഏല്പിച്ചു ക്രൂശിക്കയും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേ ല്ക്കയും വേണം എന്നു പറഞ്ഞത് ഓർത്തുകൊൾവിൻ.'' ലൂക്കോസ് 24:5-7.

ഇപ്പറഞ്ഞത് ദൈവദൂതൻമാരായിരുന്നു. മാലാഖമാർ ഇപ്പറഞ്ഞതു കേട്ട് അവർ വേഗത്തിൽ ഭയത്തോടും മഹാസന്തോ ഷത്തോടുംകൂടി കല്ലറവിട്ട് അവൻെറ ശിഷ്യൻമാരോട് അറിയിപ്പാൻ ഓടിപ്പോയി.

യേശു ജീവിക്കുന്നു എന്നതാണ് സുവിശേഷം. മരണ ത്തിന് അവനെ തടുത്തുവെപ്പാൻ കഴിഞ്ഞില്ല. കല്ലറയ്ക്ക് അവനെ ഒതുക്കിനിർത്താൻ കഴിഞ്ഞില്ല. പാതാളത്തിന് അവനെ തളച്ചി ടുവാൻ കഴിഞ്ഞില്ല. അവൻ ജീവനുള്ള ദൈവത്തിൻെറ അരുമ കുമാരനാണ്. അവൻ മനുഷ്യനായിത്തീർന്ന ദൈവമാണ്. അവൻ മഹിമാസനങ്ങളെ വെടിഞ്ഞ് ഭൂമിയിലേക്കിറങ്ങിവന്ന് മനുഷ്യ നായി ജീവിച്ച് മനുഷ്യനെപ്പോലെ മരിച്ച ദൈവപുത്രനാണ്. അവൻ ഉയിർത്തെഴുന്നേറ്റു. അവൻ എന്നേക്കും ജീവിക്കുന്നു.

മഹാത്മാഗാന്ധി വധിക്കപ്പെട്ടതിൻെറ മൂന്നാം നാൾ ആൾ ഇൻഡ്യാ റേഡിയോയിലൂടെ മിസ്സിസ് സരോജിനി നായിഡു പ്രസംഗിച്ചു.

''ഞങ്ങളുടെ പ്രിയങ്കരനായ ബാപ്പുജി, അങ്ങു മരിച്ചിട്ടു ഇന്ന് മൂന്നാം നാൾ ആണല്ലൊ. ക്രിസ്തു ക്രൂശിക്കപ്പെട്ടതിൻെറ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റല്ലൊ. അങ്ങ് ഉയിർത്തെഴുന്നേറ്റു വരൂ. അനാഥമായ ഭാരതഭൂമിയെ സനാഥമാക്കൂ.''

ഗാന്ധിജി ഉയിർത്തെഴുന്നേറ്റില്ല. ഗാന്ധിജി വധിക്കപ്പെട്ടത് ഒരു വെള്ളിയാഴ്ചയായിരുന്നു. ജോൺ എഫ്. കെന്നഡി വധിക്ക പ്പെട്ടതും ഒരു വെള്ളിയാഴ്ചയായിരുന്നു. എബ്രാഹാം ലിങ്കൺ വധിക്കപ്പെട്ടതും ഒരു വെള്ളിയാഴ്ചയായിരുന്നു. അവരാരും

ഉയിർത്തെഴുന്നേറ്റില്ല. എന്നാൽ കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു.

സ്വതന്ത്ര ഭാരതത്തിൻെറ ഒന്നാമത്തെ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് ഒരു പ്രിയ ഭൃത്യൻ ഉണ്ടാ യിരുന്നു. രാംജി എന്നാണ് അയാളുടെ പേര്. നെഹ്റുവിന് റോസാപ്പൂവ് വളരെ ഇഷ്ടമായിരുന്നു. എന്നും രാവിലെതന്നെ തൻെറ പ്രിയ ഭൃത്യനായ രാംജിയുമൊരുമിച്ച് നെഹ്റു തൻെറ ഉദ്യാനത്തിൽ ചെന്ന് ഒരു റോസാപ്പൂവ് പറിച്ചെടുത്ത് കോട്ടിൽ കുത്തിവെയ്ക്കുമായിരുന്നു.

പണ്ഡിറ്റ്ജി മരിച്ചുകിടന്നപ്പോൾ രാംജി ഒരു റോസാപ്പൂ വുമായി അരികത്തുചെന്ന് വിളിച്ചു: ''പണ്ഡിറ്റ്ജി എഴുന്നേൽക്കൂ. ഈ പൂവണിയൂ. എഴുന്നേല്ക്കൂ.'' ഇല്ല നെഹ്റു എഴുന്നേറ്റില്ല.

*ഉലക മഹാൻമാരഖിലരുമൊരുപോൽ*
*ഉറങ്ങുന്നു കല്ലറയിൽ - നമ്മൾ*
*ഉന്നതനേശു മഹേശ്വരൻ മാത്രം*
*ഉയരത്തിൽ വാണിടുന്നു.*

ക്രിസ്തു ഉയിർത്തെഴുന്നേറ്റു. ക്രിസ്തു ജീവിക്കുന്നു. ക്രിസ്തു മരണത്തെ ജയിച്ച് ജേതാവായി ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു.

ക്രിസ്തു മുൻകൂട്ടി തൻെറ ശിഷ്യൻമാരോട് പറഞ്ഞി രുന്നു.

''യേശുതാൻ യെരൂശലേമിൽ ചെന്നിട്ട്, മൂപ്പൻമാർ, മഹാപുരോഹിതൻമാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേ ല്ക്കയും വേണ്ടത് എന്നു ശിഷ്യൻമാരോടു പ്രസ്താവിച്ചു.'' മത്തായി 16:21.

''മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പൻമാരും മഹാപുരോഹിതൻമാരും ശാസ്ത്രിമാരും അവനെ തള്ളി ക്കളഞ്ഞു കൊല്ലുകയും മൂന്നാം നാൾ കഴിഞ്ഞിട്ട് അവൻ ഉയിർ ത്തെഴുന്നേല്ക്കയും വേണം എന്നു അവരെ ഉപദേശിച്ചു.'' മർക്കോസ് 8:31, ലൂക്കോസ് 9:22.

അപ്പോസ്തലപ്രവൃത്തികളിൽ അപ്പോസ്തലനായ പത്രോ സിൻെറ പ്രസംഗത്തിലും പൗലോസിൻെറ പ്രസംഗത്തിലുമെല്ലാം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് ഉയർത്തുന്നത്. ആ പ്രസംഗങ്ങളുടെ ആകത്തുക, നിങ്ങൾ ക്രിസ്തുവിനെ ക്രൂശിച്ചു, ദൈവം അവനെ ഉയിർത്തെഴുന്നേൽപിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ എന്നാണ്.

സുന്ദരം എന്ന ഗോപുരവാതില്ക്കൽ ഇരുന്ന പിറവി യിലെ മുടന്തനായ മനുഷ്യന് സൗഖ്യം ലഭിച്ചശേഷം പത്രോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി പറയുന്നത്, ''നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവനുമായ നസറായനായ യേശുവിൻെറ നാമത്തിൽത്തന്നേ ഇവൻ സൗഖ്യമു ള്ളവനായി നിങ്ങളുടെ മുമ്പിൽ നില്ക്കുന്നു'' എന്നത്രേ.

കൊരിന്ത്യലേഖനത്തിൽ പൗലോസ് പറയുന്നു:

''ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.'' 1 കൊരി. 15:14.

''ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവ രുടെ ഇടയിൽനിന്ന് ഉയിർത്തിരിക്കുന്നു.'' 1 കൊരി. 15:20.

''ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും'' എന്ന് കർത്താവ് തൻെറ ഒടുവിലത്തെ പ്രസംഗത്തിൽ പറയുകയു ണ്ടായി. യോഹന്നാൻ 14:19.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യമായി ചോദിച്ച ചോദ്യം, ''സ്ത്രീയേ, നീ കരയുന്നതെന്ത്?'' എന്നായിരുന്നു. യോഹ. 20:13, 15. കരയുന്നവരുടെ കരച്ചിൽ മാറ്റാനാണ് ക്രിസ്തു ജീവിക്കുന്നത്. ഇന്ന് മനുഷ്യൻ നീറിപ്പുകയുകയല്ലേ? അസ്വസ്ഥതയും അസമാധാനവുമായി വലയുകയല്ലേ? തീരാദുരിതവും തോരാക്കണ്ണീരുമല്ലേ അനേകരിലിന്ന് കാണുന്നത്. കണ്ണീരു തുടയ്ക്കാനും ഹൃദയനൊമ്പരങ്ങൾ ഒപ്പി എടുക്കാനും ഒരു യേശു ജീവിക്കുന്നു എന്നറിയുന്നതും അനുഭവിക്കുന്നതുമല്ലേ പരമസൗഭാഗ്യം?

സ്നേഹിതാ, ഇപ്പോൾ നിൻെറ അരികത്ത് ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു നില്ക്കുന്നു എന്ന് വിശ്വസിക്കുന്നുവോ? നിൻെറ വേദനകൾ ആറ്റി അകറ്റാൻ ക്രിസ്തു കരം നീട്ടുന്നു എന്ന് നീ വിശ്വസിക്കുന്നുവോ? കരയുന്നതെന്ത് എന്ന് ക്രിസ്തു നിന്നോടു ചോദിക്കുന്നു എന്ന് നീ അറിയുന്നുവോ? കരയുന്നതെന്ത് എന്നു ചോദിക്കുന്നവൻ കരച്ചിൽ അകറ്റാനാണ് വന്നിരിക്കുന്നത് എന്ന് നീ ഗ്രഹിക്കുന്നുവോ? എങ്കിൽ നീ നിൻെറ സങ്കടങ്ങളും വേദനാവിഷയങ്ങളുമെല്ലാം യേശുവിനോടു പറയൂ. അവൻ നിനക്ക് ആശ്വാസം തരട്ടെ.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ചോദിച്ച രണ്ടാമത്തെ ചോദ്യം: ''നീ ആരെ തിരയുന്നു'' എന്നാണ്. യോഹന്നാൻ 20:15.

മഗ്ദലനമറിയാം ക്രിസ്തുവിനെ അന്വേഷിക്കുകയായിരുന്നു. അന്വേഷിച്ചവൾ ക്രിസ്തുവിനെ കണ്ടെത്തി. അന്വേഷിക്കുന്നവൾക്ക് പ്രത്യക്ഷപ്പെടുന്നവനാണ് നമ്മുടെ കർത്താവ്. സത്യാന്വേഷികൾക്ക് ക്രിസ്തു വെളിപ്പെടും.

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, അനേകരിന്ന് ക്രിസ്തുവിനെ അല്ല അന്വേഷിക്കുന്നത്. ലോകസുഖം അന്വേഷിക്കുന്നവരുണ്ട്. ജഡിക ഇമ്പങ്ങൾ അന്വേഷിക്കുന്നവരുണ്ട്. മാനുഷിക പ്രതാപങ്ങൾ അന്വേഷിക്കുന്നവരുണ്ട്. താല്ക്കാലിക സുഖഭോഗങ്ങൾ അന്വേഷിക്കുന്നവരുണ്ട്. എല്ലാം മറന്ന്, എല്ലാം വിട്ട്, ക്രിസ്തുവിനെ അന്വേഷിപ്പാൻ താല്പര്യപ്പെടുന്നവർക്ക് ക്രിസ്തുവിനെ കിട്ടും.

മൂന്നാമത്തെ ചോദ്യം, ''നിങ്ങൾ വാദിക്കുന്ന കാര്യം എന്ത്?'' ലൂക്കോസ് 24:17. എമ്മവൂസ്സിലേക്ക് ശിഷ്യൻമാർ യരുശലേമിൽനിന്ന് യാത്ര പോകുമ്പോൾ വഴി നടന്ന് തർക്കിച്ചും വാദിച്ചുംകൊണ്ട് പോവുകയായിരുന്നു. അവർ വാടിയ മുഖത്തോടെ പോവുകയായിരുന്നു. കഠിനമായ നൈരാശ്യം അവരെ ബാധിച്ചിരുന്നു. യേശുവിനെ ക്രൂശിച്ചതിൽ അവർക്ക് അസഹ്യമായ ദുഃഖമുണ്ട്. കഴിഞ്ഞ മൂന്നരക്കൊല്ലം ക്രിസ്തുവിൻെറ പിന്നാലെ നടന്നത് വ്യർത്ഥമായിപ്പോയല്ലോ എന്ന നിരാശയുണ്ട്. അങ്ങനെ മനം മടുത്ത്, ജീവിതം തളർന്ന്, അകം വാടി അവർ തമ്മിൽ പലതും വാദിച്ചും സംസാരിച്ചും പോവുകയാണ്.

പ്രിയ സ്നേഹിതാ, നിൻെറ വാട്ടം മാറ്റാനിതാ, ക്രിസ്തു നിന്നോടു ചേർന്നു നടക്കുകയാണ്. അവൻെറ തിരുമൊഴികൾ കേട്ടാൽ നിൻെറ മ്ലാനതയും ദുഃഖവും ക്ഷീണവും മാറും.

നാലാമത്തെ ചോദ്യം, ''നിങ്ങൾ കലങ്ങുന്നതെന്ത്?'' ലൂക്കോസ് 24:38. അടച്ചിട്ടിരുന്ന സെഹിയോൻ മാളികയിൽ യഹൂദൻമാരെ പേടിച്ച് ശിഷ്യൻമാർ കൂടിയിരിക്കുകയാണ്. അവർ പരിഭ്രാന്തരാണ്. അപ്പോഴാണ് ഉയിർത്തെഴുന്നേറ്റ യേശു അവർക്ക് പ്രത്യക്ഷനായത്. അവൻ അവരുടെ നടുവിൽ നിന്നു: ''നിങ്ങൾക്കു സമാധാനം'' എന്നു പറഞ്ഞു.

സമാധാനം തരുവാൻ യേശുവിനു മാത്രമേ കഴിയുകയുള്ളൂ. പതറിയിരിക്കുന്നവർക്ക് സമാധാനം നൽകുന്നവനത്രേ കർത്താവായ യേശുക്രിസ്തു. ഭയപ്പെട്ടിരിക്കുന്നവർക്ക് സമാധാനം നൽകുന്നവനത്രേ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ്.

അഞ്ചാമത്തെ ചോദ്യം, ''നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്ത്?'' ലൂക്കോസ് 24:38. ഉള്ളത്തിൻെറ കലക്കവും പൊങ്ങിവരുന്ന സംശയവും മാറ്റുന്നവനാണ് കർത്താവായ യേശുക്രിസ്തു.

തങ്ങളുടെ മുമ്പിൽവെച്ച് ക്രൂശിക്കപ്പെട്ടതും അടക്കപ്പെട്ടതും അവർ കണ്ടതാണ്. ആ യേശു തങ്ങളുടെ മുമ്പിൽ വന്നു

നില്ക്കുന്നു! അവർ ഭയപ്പെട്ടു. ഒരു ഭൂതത്തെ കാണുന്നു എന്ന് അവർക്കു തോന്നി. അവർ ഞെട്ടിപ്പോയി, അപ്പോൾ കർത്താവ് അവരോട് ചോദിക്കുകയാണ്: ‘‘നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നത് എന്ത്?’’

മാന്യ സ്നേഹിതാ, നിന്റെ ഹൃദയത്തിൽ സംശയത്തിന്റെ ലാഞ്ഛനകൾ പൊങ്ങുന്നുണ്ടോ? നല്ല വിശ്വാസം വരാതെ ഇന്നും അവിശ്വാസത്തിനും സംശയത്തിനും ഇടം കൊടുക്കുന്നുണ്ടോ? ക്രിസ്തുവിനെ തിരിച്ചറിയുവിൻ. ക്രിസ്തുവിനെ വിശ്വസിപ്പിൻ. സംശയിക്കാതെ വിശ്വസിപ്പിൻ.

സംശയം ഉളവാക്കുന്നതാണ് പിശാചിന്റെ തന്ത്രം. ഏദൻ തോട്ടത്തിലെ ശാന്തിയുടെയും ഐശ്വര്യത്തിന്റെയും കുടുംബത്തിലേക്ക് കടന്നുവന്ന സാത്താൻ സംശയം ഉളവാക്കിയാണ് ആദിമനുഷ്യനെ വഞ്ചിച്ചത്.

‘‘തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?’’ ഉല്പത്തി 3:1.

ഒന്നാം ആദാമിനെ വഞ്ചിച്ച പിശാച് രണ്ടാം ആദാമായ നമ്മുടെ കർത്താവിനെ പരീക്ഷിച്ചതും സംശയം ഉളവാക്കുവാൻ യത്നിച്ചുകൊണ്ടാണ്. ‘‘നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക.’’ മത്തായി 4:3. ‘‘നീ ദൈവപുത്രനെങ്കിൽ താഴോട്ടു ചാടുക.’’ മത്തായി 4:6. സംശയചിന്ത ഉളവാക്കുകയാണ് പിശാചിന്റെ കൗശലം.

എന്നാൽ ‘‘ഭയപ്പെടേണ്ട; വിശ്വസിക്കമാത്രം ചെയ്ക’’ മർക്കോസ് 5:36 എന്നും ‘‘വിശ്വസിക്കുന്നവന്ന് സകലവും കഴിയും’’ എന്നും മർക്കോസ് 9:23 ‘‘അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക’’ യോഹ. 20:27 എന്നും നമ്മുടെ കർത്താവ് അരുളിച്ചെയ്തിട്ടുണ്ടല്ലോ.

സി.എച്ച്. സ്പർജൻ ഒരിക്കൽ പറഞ്ഞു: **“Little faith will bring your soul to Heaven; Great faith will bring Heaven to your soul.”** അല്പവിശ്വാസം നിങ്ങളുടെ ആത്മാവിനെ സ്വർഗ്ഗത്തി ലെത്തിക്കുന്നു. വലിയ വിശ്വാസം സ്വർഗ്ഗത്തെ നിങ്ങളുടെ ആത്മാവിലേക്കാനയിക്കുന്നു.’’

ആറാമത്തെ ചോദ്യം, ‘‘തിന്നുവാൻ വല്ലതും ഉണ്ടോ?’’ ലൂക്കോസ് 24:41. ഉയിർത്തെഴുന്നേറ്റ ക്രിസ്തു തൻെറ ശിഷ്യൻമാ രുടെ പക്കൽനിന്ന് ഭക്ഷണം ചോദിച്ചു വാങ്ങി തിന്നുന്നു.

ഏഴാമത്തെ ചോദ്യം, ‘‘കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ’’ എന്നാണ്. യോഹന്നാൻ 21:5. അവരുടെ കൈയിൽ ഒന്നു മില്ല എന്ന് അവരെ ബോദ്ധ്യമാക്കാൻ ചോദിക്കുന്ന ചോദ്യമാണ്. അവരുടെ പക്കൽ ഒന്നുമില്ലെങ്കിലും അവർക്കാവശ്യമുള്ളത് കൊണ്ടുവന്നു നിന്നാണ് ക്രിസ്തു അവരെ വാത്സല്യത്തോടെ ‘‘കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ’’ എന്നു ചോദി ക്കുന്നത്.

എട്ടാമത്തെ ചോദ്യം, ‘‘യോഹന്നാൻെറ മകനായ ശീമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ’’ എന്നാണ്. യോഹന്നാൻ 21:15. ‘‘സ്നേഹിക്കുന്നുവോ’’ എന്നു ചോദിക്കുന്ന ക്രിസ്തു മനുഷ്യൻെറ സ്നേഹത്തിനുവേണ്ടി ദാഹിക്കുകയാണ്. തന്നെ സ്നേഹിക്കുന്നവരെയാണ് തൻെറ ആടുകളെ മേയ്പാൻ ഏല്പിക്കുന്നത്.

പ്രിയ സഹോദരാ, മാന്യ സഹോദരീ, നിൻെറ സമീപത്ത് ഇപ്പോൾ വന്നുനില്ക്കുന്ന ക്രിസ്തു നിനക്കുവേണ്ടി ക്രൂശിൽ മരിച്ച്, നിനക്കുവേണ്ടി ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നവനാ ണെന്ന് നീ വിശ്വസിക്കുന്നുവോ? എങ്കിൽ നിൻെറ ആയുസ്സു മുഴുവൻ അവൻെറ പാദത്തിൽ നീ അർപ്പിക്കൂ. അവനായി നിൻെറ ജീവിതം നീ വേർതിരിച്ച് ധന്യനാകൂ.

★ ★ ★

# പതിമൂന്ന്

*''ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു.'' മത്തായി 24:25*

*''നിങ്ങളോ സൂക്ഷിച്ചുകൊൾവിൻ; ഞാൻ എല്ലാം നിങ്ങളോടു മുൻകൂട്ടി പറഞ്ഞുവല്ലോ.'' മർക്കോസ് 13:23*

ഭാവനാപൂർണ്ണമായ ഒരു കഥ കേട്ടിട്ടുണ്ട്. സാത്താൻെറ അടുക്കൽ പരിശീലനം നേടിക്കൊണ്ടിരുന്ന മൂന്നു ദുരാത്മാക്കൾ അവരുടെ പരിശീലനകാലം പൂർത്തിയാക്കാനും അവരുടെ കഴിവു തെളിയിക്കുവാനുമായി ഭൂമിയിലേക്ക് പുറപ്പെടുകയായിരുന്നു. ദുരാത്മാക്കളുടെ അധിപതിയായ സാത്താൻ അവർ ഭൂമിയിൽ ചെയ്യാൻ പോകുന്നതെന്താണെന്ന് ചോദിച്ചു. ആദ്യത്തെ ദുരാത്മാവ് പറഞ്ഞു: ''ദൈവം ഇല്ല എന്നു ഞാൻ മനുഷ്യരോട് പറയും.'' സാത്താൻ പറഞ്ഞു: ''ദൈവം ഉണ്ട് എന്ന് മനുഷ്യർക്കറിയാം. അത് പറഞ്ഞ് അവരെ തെറ്റിക്കാൻ സാദ്ധ്യമല്ല.''

രണ്ടാമത്തെ ദുരാത്മാവ് പറഞ്ഞു: ''നരകം എന്നൊന്നില്ല എന്നു ഞാൻ മനുഷ്യരോടു പറയും.'' സാത്താൻ പറഞ്ഞു: ''നിനക്കാരെയും വഞ്ചിക്കാൻ സാധിക്കയില്ല. പാപത്തിന് ശിക്ഷയായ ഒരു നരകമുണ്ടെന്ന് മനുഷ്യർക്ക് നല്ലതുപോലെയറിയാം.''

മൂന്നാമത്തെ പൈശാചികദൂതൻ പറഞ്ഞു: ''ഞാൻ മനുഷ്യരോട് പറയും - ഒരു സമർപ്പണത്തിന് തിടുക്കപ്പെടേണ്ട കാര്യമില്ല. ഇനിയും സമയമുണ്ട്. കുറേക്കൂടി കഴിഞ്ഞ് ഒരു പുതിയ

ജീവിതം തുടങ്ങിയാൽ മതി.'' സാത്താൻ സന്തുഷ്ടനായി. അവൻ പറഞ്ഞു: ''നീ ആയിരക്കണക്കിനാളുകളെ വഴി തെറ്റിക്കും. ഇനിയും സമയമുണ്ട് എന്ന ചിന്ത മനുഷ്യരിലുളവാകുമ്പോ ഴാണ് അവർ നിത്യതയ്ക്കുവേണ്ടി ഒരുങ്ങാത്തതും നിത്യ ജീവൻെറ സന്തോഷസൗഭാഗ്യങ്ങൾ നഷ്ടപ്പെടുത്തുന്നതും.''

ക്രിസ്തുവിൻെറ രണ്ടാമത്തെ വരവാണ് വിശ്വാസിയുടെ ഭാഗ്യകരമായ പ്രത്യാശ. ക്രിസ്തുവിൻെറ ഒന്നാമത്തെ വരവ് പാപികളെ പരിശുദ്ധൻമാരാക്കുവാനാണ്. രണ്ടാമത്തെ വരവ് പരിശുദ്ധൻമാരെ തൻെറ സന്നിധിയിലേക്ക് ചേർക്കുവാനാണ്. ക്രിസ്തു വീണ്ടും വരും എന്നു വിശ്വസിക്കുന്ന ഓരോരുത്തരും ആ സ്വർഗ്ഗീയ മഹത്ത്വത്തിലേക്ക് ചേർക്കപ്പെടുവാനായി തങ്ങളെ ത്തന്നെ ഒരുക്കും.

സുവിശേഷം എന്നാൽ എന്താണെന്ന് പൗലോസ് നിർവ്വചി ക്കുമ്പോൾ പറയുന്നത്: ''ദാവീദിൻെറ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എൻെറ സുവിശേഷം.'' 2 തിമോ ത്ഥെയോസ് 2:8.

ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത യേശു ക്രിസ്തു വീണ്ടും വരും എന്നു വിശ്വസിക്കുന്ന പുണ്യവാൻമാ രായ പിതാക്കൻമാർ പ്രാർത്ഥിപ്പാൻ അനന്തര തലമുറകളെ അഭ്യസിപ്പിച്ചിരിക്കുന്നത്:

''ഞങ്ങളുടെ കർത്താവേ, നിൻെറ മരണത്തെ ഞങ്ങൾ ഓർക്കുകയും നിൻെറ ഉയിർത്തെഴുന്നേല്പിനെ ഏറ്റു പറകയും നിൻെറ രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കിപ്പാർക്കുകയും ചെയ്യുന്നു. ഞങ്ങളോടു കൃപ തോന്നി ഞങ്ങളുടെമേൽ അനു ഗ്രഹം ചെയ്യണമേ.'' മുന്നൂറ്റിപ്പതിനെട്ടു വിശുദ്ധ പിതാ ക്കൻമാർ ഒരുമിച്ചു ചേർന്നു പ്രഖ്യാപിച്ച നിഖ്യാവിശ്വാസപ്രമാ ണത്തിൻെറ രണ്ടാം ഖണ്ഡിക അവസാനിക്കുന്നത്:

‘‘ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തൻെറ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്ന വനും തൻെറ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമി ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.’’

ക്രിസ്തുവിൻെറ പുനരാഗമനം എന്നത് ക്രിസ്തുവിൻെറ ഐഹികജീവിതകാലയളവിൽത്തന്നെ ഒരു ചിന്താവിഷയമായിരുന്നു. അതുകൊണ്ടാണ് ശിഷ്യൻമാർ കർത്താവിനോടു ചോദിച്ചത്:

‘‘നിൻെറ വരവിന്നും ലോകാവസാനത്തിന്നും അടയാളം പറഞ്ഞുതരേണം.’’ മത്തായി 24:3.

അതിന്നു മറുപടിയായി ക്രിസ്തു പറഞ്ഞു:

‘‘ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എൻെറ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും.’’ മത്തായി 24:4-5.

‘‘അന്ന് ആരാനും നിങ്ങളോട്: ഇതാ, ക്രിസ്തു ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തു ക്കളും കള്ളപ്രവാചകൻമാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതൻമാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുത ങ്ങളും കാണിക്കും. ഓർത്തുകൊൾവിൻ, ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു.’’ മത്തായി 24:23-25.

ആധുനിക ലോകത്തെ ഒരു സവിശേഷ പ്രതിഭാസമാണ് മനുഷ്യദൈവങ്ങൾ എഴുന്നേല്ക്കുന്നത്. ‘‘ഞാൻ ക്രിസ്തു വാണ്’’ എന്ന് അവകാശം പറയുന്ന അനേകരുണ്ട്. അധികവും സ്ത്രീകളിലാണ് ഈ പൈശാചിക വ്യാപാരം കാണുന്നത്. ഒരു സ്ത്രീ ക്രിസ്തുവാണെന്ന് സ്വയം അവകാശപ്പെടുകയും ആ സ്ത്രീ കോട്ടയത്തു പോയാൽ ‘‘കർത്താവു കോട്ടയത്തു പോയി’’ എന്നും ആ സ്ത്രീ അമേരിക്കയിൽ പോയാൽ ‘‘കർത്താവ് ഇപ്പോൾ അമേരിക്കയിലാണ്’’ എന്നും അനുയായികൾ പറയു

കയും ചെയ്യുന്നു എങ്കിൽ എത്ര വലിയ പൈശാചികബാധയാണെന്ന് ആർക്കും മനസ്സിലാകുമല്ലോ.

ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇപ്രകാരം താൻ ക്രിസ്തു ആണെന്ന് സ്വയം വിശ്വസിക്കുകയും അവകാശപ്പെടുകയും ചെയ്യുന്ന ആളുകളുണ്ട്. ഇതെല്ലാം cult അഥവാ hero worship - വ്യക്തിപൂജ - ആണ്. കൾട്ടുകളുടെ പിറകെ പോകുന്ന നിഷ്ക്കളങ്കരും നിരപരാധികളുമായ ആളുകൾ ധാരാളം ഉണ്ട്. ഒരു പ്രത്യേക പൈശാചിക മായാജാല വലയത്തിൽ കുടുങ്ങി അനേകർ ക്രൂശിൽ മരിച്ച ക്രിസ്തുവിനെ മറന്ന്, തങ്ങൾ നിത്യനാശത്തിലേക്ക് പോകുന്നു എന്നറിയാതെ വിനാശ ഗർത്തത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. അവർ വി. ബൈബിൾ തള്ളിക്കളഞ്ഞിട്ട് സ്വന്തമായി 'തിരു'വചനങ്ങൾ (?) പറയുകയും പാവപ്പെട്ട അനുയായികൾ അന്ധരായി അവ എഴുതി എടുത്ത് ഉരുവിടുകയും ചെയ്യുന്നു.

''കഴിയും എങ്കിൽ വ്രതൻമാരെയും തെറ്റിപ്പാൻ അവർ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും'' എന്നു കർത്താവു മുമ്പുകൂട്ടി പറഞ്ഞിട്ടുണ്ട്. മോശ ചെയ്ത അടയാളങ്ങൾ ചിലതെല്ലാം മിസ്രയീമ്യ മന്ത്രവാദികളും ചെയ്തു എന്ന സത്യം വിശ്വാസികൾ വിസ്മരിക്കരുത്.

മോശയുടെ കല്പനപ്രകാരം അഹരോൻ തൻെറ വടി നിലത്തിട്ടു. അപ്പോൾ അതു സർപ്പമായിത്തീർന്നു. മിസ്രയീമ്യ മന്ത്രവാദികളും തങ്ങളുടെ വടി നിലത്തിട്ടു. അവയും സർപ്പമായിത്തീർന്നു. പക്ഷേ അഹരോൻെറ വടി അവരുടെ വടികളെ വിഴുങ്ങിക്കളഞ്ഞു. പുറപ്പാട് 7:9-12.

മോശ വെള്ളത്തെ രക്തമാക്കി. മിസ്രയീമ്യ മന്ത്രവാദികളും അങ്ങനെ ചെയ്തു. പുറ്പപാട് 7:22.

ഫറവോൻെറ നാട്ടിലും കൊട്ടാരത്തിലുമെല്ലാം തവള പെരുകി മഹാബാധ ഉണ്ടായി. മിസ്രയീമ്യ മന്ത്രവാദികളും തങ്ങളുടെ മന്ത്രവാദത്താൽ അതുപോലെ ചെയ്തു. പുറപ്പാട് 8:7.

ഇങ്ങനെ ആദ്യത്തെ നാല് അടയാളങ്ങൾ ചെയ്യാൻ മിസ്രയീമ്യ മന്ത്രവാദികൾക്ക് കഴിഞ്ഞു. പിന്നീട് മോശ ചെയ്ത അടയാളങ്ങളൊന്നും ചെയ്വാൻ അവർക്ക് കഴിഞ്ഞില്ല.

''മന്ത്രവാദികളും തങ്ങളുടെ മന്ത്രവാദത്താൽ പേൻ ഉളവാക്കുവാൻ അതുപോലെ ചെയ്തു; അവർക്കു കഴിഞ്ഞില്ലതാനും. മനുഷ്യരുടെയും മൃഗങ്ങളുടെയുംമേൽ പേൻ ഉളവായതുകൊണ്ട് മന്ത്രവാദികൾ ഫറവോനോട്: ഇത് ദൈവത്തിൻെറ വിരൽ ആകുന്നു എന്നു പറഞ്ഞു.'' പുറപ്പാട് 8:18.

മിസ്രയീമിലെ ആറാമത്തെ ബാധയായ പരു ഉണ്ടായി. നാം തിരുവെഴുത്തിൽ വായിക്കുന്നു.

''പരു നിമിത്തം മന്ത്രവാദികൾക്കു മോശെയുടെ മുമ്പാകെ നില്പാൻ കഴിഞ്ഞില്ല. പരു മന്ത്രവാദികൾക്കും എല്ലാ മിസ്രയീമ്യർക്കും ഉണ്ടായിരുന്നു.'' പുറപ്പാട് 9:11.

ഞാൻ കർത്താവ് എന്നു പറയുന്നവർ 'മനുഷ്യദൈവ' ങ്ങളാണ്. അങ്ങനെയുള്ളവരെക്കുറിച്ച് നൂറ്റാണ്ടുകൾക്കുമുമ്പ് ദൈവം മോശയിൽകൂടെ അരുളപ്പാടു തന്നിട്ടുണ്ട്.

''നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റു: നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക എന്നു പറഞ്ഞുംകൊണ്ട് ഒരു അടയാളമോ അത്ഭുതമോ മുന്നറിയിക്കയും അവൻ പറഞ്ഞ അടയാളമോ അത്ഭുതമോ സംഭവിക്കയും ചെയ്താൽ ആ പ്രവാചകൻെറയോ സ്വപ്നക്കാരൻെറയോ വാക്കു നീ കേട്ടനുസരിക്കരുത്..... നീയോ നിൻെറ പിതാക്കൻമാരോ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക എന്ന് നിൻെറ അമ്മയുടെ മകനായ നിൻെറ സഹോദരനോ നിൻെറ മകനോ മകളോ നിൻെറ മാർവ്വിടത്തിലുള്ള ഭാര്യയോ നിൻെറ പ്രാണസ്നേഹിതനോ രഹസ്യമായി പറഞ്ഞു നിന്നെ വശീകരിപ്പാൻ നോക്കിയാൽ അവനോടു യോജിക്കയോ അവൻെറ വാക്കു കേൾക്കയോ ചെയ്യരുത്.'' ആവർത്തനം 13:2-8.

‘‘ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എൻെറ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കേണം.’’ ആവർത്തനം 18:20.

വിലക്കപ്പെട്ട കനി തിന്നുന്ന നാളിൽ നീ മരിക്കും എന്നു ആദാമിനോടു പറഞ്ഞത് ആദാം പാപം ചെയ്തപ്പോൾ നിറവേറിയതുപോലെ ആദാമും ഹവ്വയും ആത്മാവിൽ മരിക്കയും ദൈവസാന്നിദ്ധ്യത്തിൽനിന്ന് പുറംതള്ളപ്പെടുകയും ചെയ്തതു പോലെ, ആത്മാവിൽ മരിക്കുന്നതിന് കാരണമാകുന്ന പാപമാണ് cult അല്ലെങ്കിൽ വീരാരാധന എന്നു പറയുന്നത്.

‘‘ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോട് പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട്: അതാ, അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രൻെറ വരവു ആകും.

ക്രിസ്തുവിൻെറ വരവു മിന്നൽപ്പിണറിൻെറ വേഗതയിലായിരിക്കും. ‘‘കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിൻെറ നാൾ വരുന്നു എന്നു നിങ്ങൾ തന്നേ നന്നായി അറിയുന്നുവല്ലോ’’ എന്ന് അപ്പോസ്തലനായ പൗലോസ് പറഞ്ഞിട്ടുണ്ട്. 1 തെസ്സ. 5:2.

കർത്താവിൻെറ പുനരാഗമനത്തിന് രണ്ടു ഘട്ടങ്ങളുള്ളതായി തിരുവചനം പറയുന്നു. ഒന്നാമത്തെ പതനം കർത്താവിൻെറ മേഘപ്രത്യക്ഷതയും രണ്ടാമത്തേത് കർത്താവിൻെറ മഹത്ത്വപ്രത്യക്ഷതയും ആണ്.

മേഘപ്രത്യക്ഷത വിശുദ്ധൻമാരായ തൻെറ മണവാട്ടി സഭയെ മദ്ധ്യാകാശത്തിൽ വന്ന് എതിരേറ്റ് കൂട്ടിക്കൊണ്ടു പോകാനും മഹത്ത്വപ്രത്യക്ഷത തൻെറ മണവാട്ടിസഭയോടൊരു

മിച്ച് അനേകായിരം ദൂതൻമാരുടെ അകമ്പടിയോടെ ഭൂമിയി ലേക്ക് ഇറങ്ങിവരുന്നതും ആകുന്നു.

മേഘപ്രത്യക്ഷതയെക്കുറിച്ച് പൗലോസ് പറയുന്നു: ''കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതൻെറ ശബ്ദ ത്തോടും ദൈവത്തിൻെറ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷി ക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും.'' 1 തെസ്സ. 4:16-17.

ഇതിനെക്കുറിച്ചാണ് പരിശുദ്ധൻമാരായ പുണ്യപിതാ ക്കൻമാർ പാടിയിട്ടുള്ളത്:

*മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ*
*മുകിലഴകിൻമേൽ ആഘോഷിതനായീടുന്നു*
*നയവാൻമാർ തൻമുൻകൊമ്പിൻ നാദം കേട്ടി-*
*ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.*

മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിപ്പാനെഴുന്നള്ളുന്ന രാജാ ധിരാജനായ യേശു ആകാശമേഘങ്ങളുടെ ശോഭയിൻമേൽ ആഘോഷപൂർവ്വം എഴുന്നള്ളിവരും. അപ്പോൾ നയവാൻമാർ - നീതിമാൻമാർ - പരിശുദ്ധൻമാർ മാത്രം കർത്താവിൻെറ വര വിൻെറ മുമ്പുള്ള കാഹളനാദം കേട്ട് കല്യാണവസ്ത്രം ധരിച്ച് (മഹിമാവിൻ നീരാളം ചാർത്തി) കർത്താവിനെ എതിരേല്പാൻ മേഘങ്ങളിലേക്ക് പറന്നുയരും.

ഇതിനെക്കുറിച്ച് പൗലോസ് കൊരിന്ത്യ ലേഖനത്തിലും പറയുന്നുണ്ട്:

''ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്ര കൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തര

പ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കു കയും നാം രൂപാന്തരപ്പെടുകയും ചെയ്യും.'' 1 കൊരി. 15:52.

വാങ്ങിപ്പോയ വിശുദ്ധൻമാർ ഉയിർത്തെഴുന്നേല്ക്കും. അതാണ് ഒന്നാമത്തെ പുനരുത്ഥാനം. ''ഒന്നാമത്തെ പുനരുത്ഥാ നത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു'' എന്ന് വെളിപ്പാടു പുസ്തകം ഇരുപതാം അദ്ധ്യായം ആറാം വാക്യത്തിൽ കാണുന്നു. ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴു ന്നേല്ക്കും.

*ഖേദം വേണ്ടാ മിശിഹായിൽ മൃതിപൂണ്ടോരേ*
*ആസന്നം പ്രതിഫലമേകും പുനരുത്ഥാനദിനേ*

എന്ന് തിരുവചനത്തിൻെറ മർമ്മം അറിയുകയും അനുഭ വിക്കുകയും ചെയ്ത വിശുദ്ധ പിതാക്കൻമാർ പാടിയത് വളരെ ശ്രദ്ധേയമാണ് മിശിഹായിൽ മൃതി പൂണ്ടോരാണ് ക്രിസ്തുവിൽ മരിച്ചവർ. അവരെക്കുറിച്ച് തിരുവചനം പറയുന്നത്, ''ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതൻമാർ ഭാഗ്യവാൻമാർ'' (വെളി. 14:13) എന്നാണ്. അവരെക്കുറിച്ച് പൂർവ്വിക പുണ്യപി താക്കൻമാർ പറയുന്നത് ''നിൻശരണേ മൃതരാം'' എന്നും ''നിന്നിൽ ശരണത്താൽ നിദ്രയിലായ് നിൻെറ വരവിന് കാത്തീടും മൃതർ'' എന്നും ''ശരണത്താലേ നിൻകൃപയിൽ മരണ മടഞ്ഞൊരു ദാസൻ'' എന്നും ആണ്.

വാങ്ങിപ്പോയ വിശുദ്ധൻമാർ കല്ലറകളിൽനിന്ന് ഉയിർത്തെ ഴുന്നേറ്റ് പറന്നുയരും. അപ്പോൾ ജീവനോടിരിക്കുന്ന വിശു ദ്ധൻമാർ രൂപാന്തരപ്പെട്ട് ആത്മശരീരം പ്രാപിച്ച് അവരോടൊരു മിച്ച് മേഘങ്ങളിൽ പറന്നുയരും. മദ്ധ്യാകാശത്തിലെത്തിച്ചേരുന്ന ഈ വിശുദ്ധസംഘത്തിൻെറ ഒരു നിഴലാണ്, പ്രതീകമാണ്, ഉല്പ ത്തിപ്പുസ്തകത്തിലെ റിബേക്ക. അബ്രാഹാം പിതാവിൻെറ ഏക ജാതനായ യിസ്ഹാക്കിനുവേണ്ടി കാര്യസ്ഥനായ എലിയാസാർ പുറപ്പെട്ടു. ദൂരെ ഹാരാനിൽ ഒരുക്കിയ മണവാട്ടിയാണ് റിബേക്ക. ആശ്വാസപ്രദനായ കാര്യസ്ഥനോടൊരുമിച്ച് (പരിശു ദ്ധാത്മാവിൻെറ പ്രതീകമാണ് എലിയാസാർ) റിബേക്ക വരു

മ്പോൾ യിസ്ഹാക്ക് സ്വന്തം കൂടാരത്തിൽ നിന്ന് ഇറങ്ങി വെളിമ്പ്രദേശത്ത് കാത്തുനില്ക്കുകയാണ്. യിസ്ഹാക്കിൻെറ അരികത്തെത്തിയ റിബേക്ക എന്തെന്തു യാതനകൾ സഹിച്ചാണ് ഇവിടംവരെ എത്തിയത്! മണലാരണ്യത്തിലെ ചുട്ടുപഴുത്ത മണൽ ആഞ്ഞടിച്ച് ശരീരം കരുവാളിക്കുന്നു. ചുട്ടുപഴുത്ത മണൽ കണ്ണിലടിച്ചു കയറി യാത്ര ദുഷ്ക്കരമാകുന്നു. ഒട്ടകപ്പു റത്ത് കൊണ്ടുവന്ന വെള്ളം തീർന്നുപോയതുകൊണ്ട് ദാഹിച്ചു തൊണ്ട വരളുന്നു. സൂര്യൻെറ അത്യുഗ്രരശ്മികൾ ശിരസ്സിലേറ്റ് ദേഹമാസകലം ചുട്ടുനീറുന്നു. റിബേക്ക ചോദിക്കും, ''ഇനി നമുക്ക് അങ്ങെത്താൻ എത്ര ദൂരമുണ്ട്?'' എലിയാസാർ പറയും, ''ഇതാ, എത്താറായി. മണവാളൻ നിന്നെ എതിരേല്പാൻ ഇറങ്ങി വരാറായി.''

കന്യകയുടെ ക്ഷീണവും വാട്ടവും തീർക്കുന്നതെങ്ങനെ യെന്നോ? ഏകജാതനായ യിസ്ഹാക്കിൻെറ വർണ്ണനകൾകൊണ്ട്. അപ്പൻെറ ആരോമൽക്കുമാരൻ. അപ്പൻെറ ആഗ്രഹപ്രകാരം യാഗ മായിത്തീരുവാൻ കൈകളും കാലുകളും കെട്ടപ്പെടാൻ വിനയ പൂർവ്വം നീട്ടിക്കൊടുത്ത അനുസരണമുള്ള ഓമനപ്പുത്രൻ. സുന്ദ രനും കോമളനും സൽസ്വഭാവിയുമായ യിസ്ഹാക്ക്. ഈ വർണ്ണ നകളുടെ വചനങ്ങൾ കേട്ട്, ആസ്വദിച്ച് ക്ഷീണമറിയാതെ കന്യക യാത്ര ചെയ്യുകയാണ്.

യിസ്ഹാക്കിൻെറ അരികിലെത്തിച്ച ഒട്ടകങ്ങളെല്ലാം അവിടെ മണവറയ്ക്ക് പുറത്ത്. മണവാട്ടി മണവാളനോടൊരു മിച്ച് മണവറയിലേക്ക്. മകനേ, നിന്നെ അരുമനാഥൻെറ അരികി ലെത്തിച്ച കൂട്ടായ്മകൾ അല്ല നിന്നെ രക്ഷിക്കുന്നത്. ഭൂമിയിൽ നിന്നെ വചനം പറഞ്ഞുതന്ന് നടത്തിയ ഒരു ദൈവപൈതലുമല്ല നിന്നെ രക്ഷയിലാക്കുന്നത്. നിനക്ക് രക്ഷകൻ യേശുക്രിസ്തു മാത്രം.

സ്നേഹിതാ, ഈ യേശുവിനെ എതിരേല്പാൻ നീ ഒരു ങ്ങിയോ? അവൻെര രണ്ടാമത്തെ വരവിനായി നീ നിന്നെത്തന്നെ ഒരുക്കിയോ? മനുഷ്യരെയും കൂട്ടായ്മകളെയും എല്ലാം മറിക ടന്ന് നിൻെറ വീണ്ടെടുപ്പിനുവേണ്ടി കുരിശിൽ കുറ്റമറ്റ രക്തം

ചിന്തിയ നാഥനെ നീ സ്വന്തമാക്കിയോ? അവന് നിന്റെ ഹൃദയത്തിൽ വസിപ്പാൻ നീ ഒരു വിശുദ്ധനായോ? നിന്റെ ഹൃദയത്തെ നീ വിശുദ്ധീകരിച്ചോ? ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും.

‘‘ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു.’’

അറുക്കപ്പെട്ട കുഞ്ഞാടിനു മാത്രം മഹത്ത്വമുണ്ടാകട്ടെ.

★ ★ ★